# MAHATMA GANDHI COLLEGE
## IRITTY



# അണിയറക്കുള്ളിലെ
# കൈയ്യക്ഷരങ്ങൾ

Magazine - '07

# MAHATMA GANDHI COLLEGE

## IRITTY

## Magazine - '07



Chief Editor : Dr. M.J. Mathew
Staff Editor : Bijumon R.
Student Editor : Ajeesh Kumar K.

Cover Design, DTP, Layout & Printing : UNIQUE, Mattannur,
Ph: 0490 - 2473111, 2473294, 2473311


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF MAHATMA GANDHI COLLEGE MAGAZINE**

(From IV See Rules - 8)

| | | |
|---|---|---|
| 1. | Place of publication | : Mahatma Gandhi College, Iritty |
| 2. | Periodicity of publication | : Annual |
| 3. | Printer's Name | : Dr. M.J. Mathew |
| 4. | Publisher's Name | : Dr. M.J. Mathew |
| | Nationality | : Indian |
| | Address | : Principal, Mahatma Gandhi College, Iritty |
| 5. | Editor's Name | : Dr. M.J. Mathew |
| 6. | Name and address of the individuals own the magazine | : Mahatma Gandhi College, Iritty |

I, M.J. Mathew declare the particulars given above are true to the best of my knowledge and belief.

Sd/-

**Dr. M.J. Mathew**

Principal, Mahatma Gandhi College, Iritty



"ഇതുപോലെ ഒരാൾ, മാംസവും രക്തവുമുള്ള
ഒരു യഥാർത്ഥ മനുഷ്യൻ, ഭൂമിയിൽ ജീവിച്ചിരുന്നു എന്നു വരുംതലമുറ
ഒരുപക്ഷെ, വിശ്വസിക്കുവാൻ പാടുപെട്ടേക്കാം"

*-ഗാന്ധിജിയെപ്പറ്റി ഐൻസ്റ്റീൻ*

# OUR PRESIDENT



## Dr. PRATHIBHA PATTEEL

"ആതുരമായ ഒരുലോകത്തെ തണുപ്പിക്കാൻ സ്ത്രീകൾക്കേ കഴിയൂ. അതുകൊണ്ട് പുതിയ ലോകത്തെ സ്വാന്തനത്തിലെത്തിക്കാനുള്ള ധ്യാനത്തിന്റെ കലാശം ഇതാ സ്ത്രീകളുടെകൂടി ശിരസ്സിൽ വയ്ക്കുന്നു."

## Our Manager



Noorudeen K.P.

# Our Principal



Dr. M.J. Mathew



എൻ പ്രിയ കൂട്ടുകാരുടെ ..........

പൂരം നക്ഷത്രങ്ങൾക്കുള്ളിലെ
നിഷ്കളങ്ക പ്രകാശമേകുന്ന
സ്മൃതികളുടെ ആത്മാവിലെ ഗാനങ്ങൾ ........
ഉന്മാദത്തിന്റെ അനന്ത പ്രതീക്ഷകൾ ........
ഉടൽ കൊത്തിപ്പിളർക്കുന്ന
ഇരുളുകളിലെ ക്രൂര കാഴ്ചകൾ
ചേതനയുടെ മുഷിഞ്ഞ നിഴലുകൾ
തുളവീണ മാനത്തു നിന്നുയരുന്ന
പ്രാവിന്റെ കുറുകലുകൾ ..........
ചരിത്രത്തിന്റെ നാഴികച്ചുഴിയിലേക്ക്
എന്നുമെപ്പോഴും നോക്കുന്ന
അധികാരത്തിന്റെ കഴുകൻ കണ്ണുകൾ
അശരണരായ് ഏകാന്തതയുടെ
ഏതോ യാമങ്ങളിൽ കടന്നുവന്നപ്പോൾ
അക്ഷരക്കൂട്ടങ്ങളായ് മനസ്സിന്റെ-
അണിയറക്കുള്ളിൽ സ്വരുക്കൂട്ടിവച്ച
എൻ പ്രിയകൂട്ടുകാർ.........
പ്രണയത്തിന്റെ നീലാകാശത്തിന് കീഴിലുള്ള
എൻ കാമ്പസിന്റെ അണിയറയ്ക്കുള്ളിൽ
വിരിയുന്ന മൊട്ടുകളാൽ ആ മൊട്ടുകളെയൊക്കെ-
അറിവിന്റെ അക്ഷര മണികളിൽ വച്ച്
ചരിത്രത്തിന്റെ ചുവരുകളിൽ തൂക്കാൻ
മനുഷ്യാനത്തിന്റെ വ്രതനിഷ്ഠയോടെ
ഈ വേദിക ഇവിടെ ഉയരുകയായ്......

സ്റ്റുഡന്റ് എഡിറ്റർ
അജീഷ് കുമാർ

# വിരൽത്തുമ്പിലൂടെ...



**മാഗസിൻ 1995 – 96**

സ്റ്റുഡന്റ് എഡിറ്റർ : എം.സി. മനോജ്

സ്റ്റാഫ് എഡിറ്റർ : എം.ജെ. മാത്യു

അവതരണം കൊണ്ടും മറ്റും നമ്മെ അമ്പരപ്പിച്ചു. കോളേജിന്റെ 1995 - 96 മാഗസിൻ അവതരണം കൊണ്ടും മറ്റും നമ്മെ അമ്പരപ്പിച്ചു. കോളേജിന്റെ ആദ്യ മാഗസിൻ തന്നെ വളരെ സുന്ദരമാക്കാൻ സ്റ്റുഡന്റ് എഡിറ്റർക്ക് കഴിഞ്ഞി ട്ടുണ്ട്. 1996 മാർച്ച് 5ാം തീയതി എം.ജി. ആദ്യ യൂണിയൻ അധികാരത്തിലേറി. എം.എൽ.എ. ആയിരുന്ന ശ്രീ. കെ.പി. നൂറുദ്ദീൻ ആണ് ആദ്യ യൂണിയന് ഉത്ഘാടനം ചെയ്തത്.



**മാഗസിൻ 1997 – 98**

സ്റ്റുഡന്റ് എഡിറ്റർ : വിനോദ് എം. കെ.

സ്റ്റാഫ് എഡിറ്റർ : റജി പായിക്കാട്ട്

കോളേജിന്റെ രണ്ടാമത്തെ മാഗസിൻ വളരെ ഹൃദയസ്പർശിയാക്കാൻ എഡിറ്ററായി രുന്ന ശ്രീ. എം. കെ. വിനോദിന് കഴിഞ്ഞിട്ടുണ്ട്. 1997 ഡിസംബർ 5ന് കോളേജ് യൂണിയൻ അധികാരത്തിലേറി. കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. പി.സി. രവീന്ദ്രൻ യൂണിയൻ ഉത്ഘാടനം ചെയ്തു. പൊതുവായ വേദി എന്ന നിലയിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കു വാൻ യൂണിയന് കഴിഞ്ഞിട്ടുണ്ട്.




**മാഗസിൻ 1999 – 2000**

സ്റ്റുഡന്റ് എഡിറ്റർ : ദിലീപ് എം. എ.

സ്റ്റാഫ് എഡിറ്റർ : ഷീജ എൻ.

മനസ്സുകളിൽ എന്നും ഓർമ്മിക്കാൻ വേണ്ടി ഒരു മാഗസിൻ ദിലീപ് എന്ന എഡിറ്റർ ലൂടെ എം.ജി. ക്ക് സമർപ്പിക്കപ്പെട്ടു. 1999 നവംബർ 26ാം തീയതി കോളേജ് യൂണി യൻ അധികാരത്തിലേറി. ബഹുമാന്യനായ കണ്ണൂർ എം.എൽ.എ. ശ്രീ. കെ. സുധാക രൻ യൂണിയൻ ഉത്ഘാടനം ചെയ്തു.




**മാഗസിൻ 2000 – 01**

സ്റ്റുഡന്റ് എഡിറ്റർ : അജേഷ് ചന്ദ്രൻ

സ്റ്റാഫ്എഡിറ്റർ : ഹരികൃഷ്ണൻ

മാഗസിൽ ക്യാംപസ് ചിത്രീകരണം വളരെ മനോഹരമാക്കാൻ അജേഷിന് കഴിഞ്ഞി ട്ടുണ്ട്. ഭാവവ്യത്യാസങ്ങൾ വളരെയധികം ഉപയോഗിക്കാൻ എഡിറ്റർക്ക് സാധിച്ചു. 2000 നവം. 7ന് യൂണിയൻ അധികാരത്തിലേറി. പ്രശസ്ത ജേർണലിസ്റ്റ് ശ്രീ. അബ്ദുൾ റഹ്മാൻ യൂണിയൻ ഉദ്ഘാടനം ചെയ്തു.



**മാഗസിൻ 2001 – 02**

സ്റ്റുഡന്റ് എഡിറ്റർ : ജിജേഷ്

സ്റ്റാഫ് എഡിറ്റർ : അനീഷ് കുമാർ കെ.

കോളേജിന്റെ ആദ്യ എൻ.എസ്.എസ്. ക്യാമ്പിനെക്കുറിച്ചുള്ള ഫീച്ചർ വളരേയേറെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ശ്രീ. എൻ.പി. ബാലകൃഷ്ണൻ യൂണിയൻ ഉദ്ഘാടനം ചെയ്തു.




**മാഗസിൻ 2002 – 03**

സ്റ്റുഡന്റ് എഡിറ്റർ : ജിന്റോജോസ്

സ്റ്റാഫ്എഡിറ്റർ : മീരാശശീന്ദ്രൻ

കൂട്ടമായി പറക്കുന്നതിനിടയിൽ നിന്നും കൈവിട്ടുപോയ കെ. ഷൈജേഷിന്റെ ഓർമ്മകളെ സ്മരിച്ചുകൊണ്ട് പുറത്തിറങ്ങിയ മാഗസിൻ മികച്ചതാക്കാൻ ജിന്റോജോസിന് കഴിഞ്ഞിട്ടുണ്ട്




**മാഗസിൻ 2003 – 04**

സ്റ്റുഡന്റ്എഡിറ്റർ : സിബി പി.ജി.

സ്റ്റാഫ്എഡിറ്റർ : ജിതേഷ്

അവതരണ ഭംഗികൊണ്ടും മറ്റും മാഗസിന് പുതിയൊരു മുഖച്ഛായ നൽകാൻ സിബിക്ക് കഴിഞ്ഞിട്ടുണ്ട്. 2003 ഡിസംബർ 7ാം തീയതി യൂണിയൻ അധികാരത്തിലേറി. പ്രമുഖ ഗാന്ധിയനും ഗ്രന്ഥകാരനും സാമൂഹ്യപ്രവർത്തകനുമായ ശ്രീ. വാണിദാസ് എളയാവൂർ യൂണിയൻ ഉദ്ഘാടനം ചെയ്തു.



**മാഗസിൻ 2004 – 05**

സ്റ്റുഡന്റ്എഡിറ്റർ : നിമിൻ എബ്രഹാം

സ്റ്റാഫ്എഡിറ്റർ : റജി പായിക്കാട്ട്

അവതരണഭംഗികൊണ്ട് മനോഹരമായൊരു മാഗസിൻ പുറത്തിറക്കാൻ എഡിറ്റർക്ക് സാധിച്ചിട്ടുണ്ട്



**മാഗസിൻ 2005 – 06**

സ്റ്റുഡന്റ്എഡിറ്റർ : വിജേഷ് വി.

സ്റ്റാഫ്എഡിറ്റർ : ബിജുമോൻ ആർ.

എം.ജി. യിലെ വിദ്യാർത്ഥികളുടെ കാവ്യമോഹങ്ങൾ 'വെള്ളരിപ്രാവുകൾ കഥ പറയുമ്പോൾ' എന്ന മാഗസിനിലൂടെ ചിത്രീകരിക്കുവാൻ വിജേഷിന് സാധിച്ചിട്ടുണ്ട്. മറ്റ് മാഗസിനുകളെ അപേക്ഷിച്ച് എല്ലാംകൊണ്ടും പ്രശംസ പിടിച്ചുപറ്റിയ ഒരു മാഗസിനായിരുന്നു. 2005 സപ്തംബർ 2ന് യൂണിയൻ അധികാകാരത്തിലേറി. യൂണിവേഴ്സിറ്റി പ്രൊ.വൈസ് ചാൻസിലർ ശ്രീ. കുഞ്ഞിക്കണ്ണൻ യൂണിയൻ ഉദ്ഘാടനം ചെയ്തു

# അരങ്ങത്ത്


| | | Page No |
|---|---|---|
| 1. | എഡിറ്റോറിയൽ ബോർഡ് | 11 |
| 2. | പാതിവ്രത്യം. ഇന്നലെ. ഇന്ന് | 13 |
| 3. | ഇവരും ഈ നാടിന്റെ മക്കൾ | 15 |
| 4. | മന്ദഹാസം | 17 |
| 5. | ഭാരതീയ സംസ്കൃതി എന്തു പറയുന്നു | 18 |
| 6. | മൗനം | 23 |
| 7. | കാത്തിരിപ്പ് | 24 |
| 8. | കൊഴിയുന്ന പൂവുകൾ | 25 |
| 9. | തായമ്പകയിൽ നിന്നും... | 27 |
| 10. | Come Back Soon | 30 |
| 11. | മാനവികതയുടെ പൈതൃകം | 31 |
| 12. | ഭ്രാന്ത് | 35 |
| 13. | അതീന്ദ്രതയിലൂടെ... | 37 |
| 14. | വെഴാമ്പൽ | 39 |
| 15. | കാഴ്ചകൾക്കുമപ്പുറം | 41 |
| 16. | രാത്രിമഴ | 45 |
| 17. | നിൻ ഓർമ്മകളെ താലോലിച്ച്... | 46 |
| 18. | അസ്തമിക്കുന്ന യുവത്വം | 47 |
| 19. | നിഴലുകൾ | 51 |
| 20. | പ്രിയസഖിയോട്... | 52 |
| 21. | സ്ത്രീത്വം | 53 |

| | | Page No |
|---|---|---|
| 22. | എന്റെ സ്വപ്നം | [illegible] |
| 23. | തൊട്ടടുത്തു നീ നിന്നുവെങ്കിലും കൈതൊടാത്തതെന്തെ... | [illegible] |
| 24. | മനസ്സുകളിൽ ഒരു തീർത്ഥാടനം | [illegible] |
| 25. | അപ്രതീക്ഷിതമായിരുന്നു | [illegible] |
| 26. | Union Bearers | [illegible] |
| 27. | അന്തമാനിലെ മുത്താപ്പ | [illegible] |
| 28. | മഴയുടെ വരവിനായി | [illegible] |
| 29. | ബാല്യം | [illegible] |
| 30. | ക്യാമ്പസ് രാഷ്ട്രീയം ആവശ്യമോ ? | [illegible] |
| 31. | അവസാനമില്ലാതെ... | [illegible] |
| 32. | സ്നേഹത്തിൻ പുഞ്ചിരി | [illegible] |
| 33. | അവരോട് | [illegible] |
| 34. | ആ കഥ കേട്ടപ്പോൾ | [illegible] |
| 35. | A Beggar | [illegible] |
| 36. | അലുമ്നി അസോസിയേഷൻ | [illegible] |
| 37. | P.K. MURALEEDHRAN MEMORIAL TRUST | [illegible] |
| 38. | കോളേജ് യൂണിയൻ റിപ്പോർട്ട് | [illegible] |
| 39. | അപൂർണ്ണമായ ചിത്രം | [illegible] |
| 40. | Annual Report 2006-07 | [illegible] |

## *Editorial Board*



Managing Editor
**Dr. M.J. Mathew**



Staff Editor
**Sri. Bijumon R.**



Student Editor
**Ajeesh Kumar**



Eng. Dept.
**Sri. Reji Paikkattu**



Mal. Dept.
**Smt. Sheeja Jayakumar**



**Ratheesh C.**
Ist Maths



**Navya Viswanath**
Ist Maths



**Samad**
Ist B Com.

നിങ്ങളുടെ സ്വപ്നങ്ങൾ
യാഥാർത്ഥ്യമാകുന്നു ഞങ്ങളിലൂടെ

# കണ്ണൂർ ജില്ലാ
# സഹകരണ ബേങ്ക് ലി.

(റിസർവ്വ് ബേങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ളത്)

P.B: NO. 35, KANNUR - 1, GRAM-JILLA BANK
PH: (EPABX) 2700001 TO 2700004, FAX-0497-2711968
PRESIDENT: 2700624, GEN. MANAGER - 2700621
e-mail : cnn_knrdcb@sancharnet.in

- ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ അപെക്സ് ബേങ്ക്
- വിവിധ തൊഴിലാളി ക്ഷേമപദ്ധതികളുടെ ഏജൻസി ബേങ്ക്
- ഇന്ത്യയിലെവിടെയും ഡിമാന്റ് ഡ്രാഫ്റ്റ് അയക്കുവാനുള്ള സൗകര്യം
- അപകടം, പ്രകൃതിദുരന്തം, വാഹന ഇൻഷൂറൻസ് എന്നീ ജനറൽ ഇൻഷൂറൻസുകളുടെ ഏജൻസി
- നിക്ഷേപങ്ങൾക്ക് പൂർണ്ണ ഇൻഷൂറൻസ് പരിരക്ഷ
- വ്യാപാരികൾക്ക് പരസ്പര ജാമ്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ
- കുറഞ്ഞ പലിശനിരക്കിൽ ദീർഘകാല ഭവന നിർമ്മാണ വായ്പ, ഉദാര വ്യവസ്ഥയിൽ വ്യക്തിഗത വായ്പകൾ
- സ്വർണ്ണപണ്ട പണയവായ്പ.

## ജില്ലാ ബേങ്ക് ഓഡിറ്റോറിയം

വിവാഹം, സമ്മേളനം തുടങ്ങിയവയ്ക്ക് നഗരഹൃദയത്തിൽ പാർക്കിങ്ങ് സൗകര്യത്തോടെ ആധുനിക രീതിയിൽ സജ്ജീകരിച്ച 750 പേർക്ക് ഇരിക്കാവുന്ന എയർകണ്ടീഷന്റ് ഓഡിറ്റോറിയം.

*കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.*

പ്രസിഡണ്ട് :
**പി. ഡി. ചാക്കോ മാസ്റ്റർ**

ജനറൽ മാനേജർ ഇൻ ചാർജ്ജ്
**പി. രാജമോഹനൻ**

**സേവനമാണ് ഞങ്ങളുടെ ലക്ഷ്യം**



# പാതിവ്രത്യം - ഇന്നലെ - ഇന്ന്

ജിംനേഷ് കുമാർ
II BSc. Maths

ഘടികാര സൂചികൾ പിന്നോട്ടു നീങ്ങുന്നു,
സ്ത്രൈണ ഭാവങ്ങൾ തിരശ്ശീല തേടുന്നു,
അഗ്നിശുദ്ധയാം സീതയും, ഭാരത-
നാരീരത്നമാം ഗാന്ധാര പുത്രിയും
കൈകോർത്ത ഭാരതപ്പാതകൾ കാണുന്നു.
വഴിയോരക്കാഴ്ചകൾ കാണുവിൻ,
കാലത്തിൻ കുത്തൊഴുക്കിൽപ്പെട്ടു
വേശ്യയായ് മാറിയ കുന്തിയും പാഞ്ചാലിയും
സന്താന ലാഭത്തിനായ് കേഴുന്നംബാലികാംബികമാർ
മാറ്റിയെഴുതുന്ന സാഹോദര്യ ചരിതങ്ങൾ
മുനിതീർത്തൊരാ മഞ്ഞിൻ മറയിൽ
ഋഷിജന്മം തീർക്കുന്നു സത്യവതിമാർ



പഞ്ചസോദരർ പങ്കിട്ടെടുക്കുന്നു പെണ്ണിനെ
പൊല്ലുന്നു കൗരവർ തൻ നീചത്വം
ഘടികാര സൂചികൾ മുന്നോട്ടു നീങ്ങുന്നു
സ്ത്രൈണഭാവങ്ങൾ തിരശ്ശീല നീക്കുന്നു
ഒട്ടിയവയറിന്നായിട്ടഴിയും ചേലകൾ
ഭാരതചാരിത്ര്യത്തിൻ തീരാശാപം
കരയും കുഞ്ഞിൻ കണ്ണിൽ നിറയും
ചോരതടുക്കാൻ മാനം വിൽക്കും സ്ത്രീയെ
പിഴയെന്നോതുന്നു ഭാരതകഥകൾ
കഞ്ഞിവെള്ളത്തിനായി ചേലനീക്കും
പെണ്ണിന്നിൻ സംസ്കാരഹീന
ഘടികാര സൂചികൾ നിശ്ചലമാവുന്നു
സ്ത്രൈണഭാവങ്ങൾ നിർവ്വികാരമാവുന്നു
ഇന്ദ്രനാൽ പിഴച്ചോരഹല്യയിന്നിൻ ദേവത
നാൽവർക്കും പിതാക്കൾമാറിയ കുന്തിയിന്നിൻ ദേവത
പഞ്ചവർക്കും ഭാര്യയായി മാറിയ
പാഞ്ചാലിയിന്നിൻ ദേവത
ദാരിദ്ര്യത്തിന്റെ മറയ്ക്കു പിന്നിൽ മടി-
ക്കുത്തഴിക്കും പെണ്ണൻ മുഖത്തേക്കു
കാറിത്തുപ്പുന്നതിഹാസപാത്രങ്ങൾ
ന്യായന്യായത്തിൻ വസ്ത്രാക്ഷേപ സദസ്സിൽ
കൃഷ്ണനിന്നുസോദരിതൻ ചാരിത്ര്യശുദ്ധിയളക്കുന്നു
നീതിയേതെന്നോതുക നിങ്ങൾ
ധർമ്മമേതെന്നോതുക.

ആശംസകൾ

GROUP
HOTELS & RESORTS

# K.K. TOURIST HOME

**RESTAURANT**

OLD BUS STAND, IRITTY, KANNUR DT.
KERALA STATE, INDIA. PIN - 670 703
**PHONE : 0490 - 2493468, 2493729**

# ഇവരും ഈ നാടിന്റെ മക്കൾ



വിപിൻ കെ.
II DC Computer Science

നഗരത്തിൽ ഭിക്ഷയെടുക്കുമ്പോൾ ബസ്സുതട്ടി രക്തത്തിൽ കുളിച്ച കുഞ്ഞുപെങ്ങളെയും മാറോടടുക്കി നിസ്സഹായതയോടെ നിലവിളിക്കുന്ന തെരുവുബാലന്റെ ചിത്രവും 12 വയസ്സുള്ള ബാലികയ്ക്കു വേണ്ടി സമൂഹ്യവിരുദ്ധർ നാടോടികളോടു നടത്തിയ അക്രമണത്തിൽ പിഞ്ചുകുഞ്ഞ് ചവിട്ടേറ്റുമരിച്ച സംഭവും ചിലരുടെയെങ്കിലും മനസ്സിൽ മായാതെ കിടക്കുന്നുണ്ടാവാം. ഇതിന്ന് നിത്യസംഭവമായി തുടരുകയാണ്. നാടോടികളോ



ടും, തെരുവുബാലകരോടുമുള്ള അതിക്രമം വർദ്ധിച്ചു വരുന്നു. അവരും ഈ രാജ്യത്തിന്റെ പ്രജകളാണെന്ന സത്യം ചിലരെങ്കിലും വിസ്മരിക്കുന്നു. അവരുടെ സംരക്ഷണവും നമ്മുടെ ഗവൺമെന്റിന്റെ ചുമതലയാണെന്ന സത്യം പാടേ മറക്കുന്നു. രാജ്യത്തിന്റെ നീതിപാലകർ പോലും ഈ സമൂഹത്തെ അവഗണിക്കുന്നു.

ഭാരതീയരെല്ലാം നമ്മുടെ സഹോദരീ സഹോദരൻമാരാണെന്ന പ്രതിജ്ഞാവാചകം ഇവർക്കു മുന്നിൽ അന്വർത്ഥമാക്കുന്നു. ഗവൺമെന്റുകൾ കോടികൾ ചെലവിട്ട് സ്വാതന്ത്ര്യദിനവും, റിപ്പബ്ലിക്കും ആഘോഷിക്കുമ്പോൾ അവഗണനയുടെ തിരുമുറ്റത്ത് ഒരു സമൂഹം നിസ്സഹായതയോടെ കാത്തുനിൽക്കുന്നു. സ്വതന്ത്ര്യസമരകാലത്ത് നമ്മുടെ രാഷ്ട്രപിതാവിന്, നമ്മുടെ പൂർവ്വികർക്ക് മഹത്തായ ഒരു സ്വപ്നമുണ്ടായിരുന്നു. അതിനുവേണ്ടിയാണ് അവർ പോരാടിയത്, ജീവൻ സമർപ്പിച്ചത്. പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത, ശാന്തിയും സമാധാനവും നിറഞ്ഞ നമ്മുടെ പൈതൃകം ഉൾക്കൊള്ളുന്ന ഒരു ഭാരത ജനത-അവരുടെ ഈ സ്വപ്നം എത്രത്തോളം യാഥാർത്ഥമാക്കിയെന്ന് ഇന്നും ഒരു ചോദ്യചിഹ്നമാണ്. എല്ലാ വർഷവും നവംബർ 14ാം തീയ്യതി ശിശുദിനമെന്ന പേരിൽ കുട്ടികളുടെ മുഖ്യമന്ത്രിയും, പ്രധാനമന്ത്രിയും നമ്മുടെ ഗവൺമെന്റുകളും ചേർന്ന് ലക്ഷങ്ങൾ മുടക്കി ആഘോഷിക്കുന്ന ഈ ദിനത്തിലും എത്രയോ തെരുവുബാലകർ ഒരു നേരത്തെയെങ്കിലും ആഹാരത്തിനുവേണ്ടി സമൂഹത്തിനോട് കേഴുന്നു. ജീവിക്കുവാൻ വേണ്ടി സ്വന്തം ശരീരത്തിന്റെ ഇരട്ടി ഭാരവും അതിലേറെ ജീവിതഭാരവും പേറുന്ന ഇത്തരം ബാലികാബാലകൻമാരെ ഈ ആഘോഷത്തിൽ പങ്കെടുക്കുന്നവരെല്ലാം പാടേ മറക്കുന്നു. സ്വന്തമായി ഒരു ഐഡന്റിറ്റികാർഡു പോലുമില്ലാത്ത ഈ സമൂഹത്തെ നമ്മുടെ ഗവൺമെന്റുകൾക്ക് ആവശ്യമില്ല. നമ്മുടെ ഭരണഘടനാ നിയമങ്ങളും ഗവൺമെന്റിന്റെ എല്ലാവിധ ആനുകൂല്യങ്ങളും ഇതര ജനവിഭാഗത്തിനെന്ന പോലെ അനുസരിക്കുവാനും, ലഭിക്കുവാനുള്ള എല്ലാവിധ അവകാശങ്ങളും, യോഗ്യതയും ഈ സമൂഹത്തിനുണ്ടെന്ന കാര്യം നമ്മുടെ രാജ്യത്തെ നിയമ പാലകരും, ഗവൺമെന്റും ഒരു പോലെ മറക്കുകയാണ്.

ലോറിനിറയെ ഭിക്ഷക്കാരായ കുട്ടികളെയും കൊണ്ടുവന്ന് നിശ്ചിതസ്ഥലങ്ങളിൽ ഭിക്ഷക്കായി വിട്ട് വൈകുന്നേരം ഇതേ സ്ഥലത്തെത്തി ഇവരെ തിരിച്ചു കൊണ്ടുവരുന്ന മാഫിയ സംഘങ്ങൾ നമ്മുടെ നാട്ടിലിന്ന് അനേകമാണ്. കാരുണ്യത്തിന്റെ പേരിൽ ഇത്തരം കുട്ടികൾക്ക് കൊടുക്കുന്ന ഭിക്ഷ സത്യത്തിൽ അവരുടെ ജീവിതം തന്നെ നരകതുല്യമാക്കുന്നു. ഇങ്ങനെയുള്ള മാഫിയാ സംഘങ്ങൾക്കു നേരെ നീതിപാലകർ കണ്ണടക്കുന്നു. വിശപ്പടക്കുവാൻ വേണ്ടി ചെയ്യുന്ന ചെറിയ ചെറിയ മോഷണകുറ്റത്തിന്റെ പേരിൽ നിയമത്തിന് അനുശാസിക്കാത്തവിധം തെരുവുകുട്ടികളെ ജയിലിലിട്ടു പീഡിപ്പിക്കുന്ന പതിവും നമ്മുടെ പോലീസ് ഡിപ്പാർട്ടുമെന്റിനന്യമല്ല.

നൂറുശതമാനവും സാക്ഷരത അവകാശപ്പെടുന്ന കേരളത്തിൽ അറിവിന്റെ ആദ്യാക്ഷരം പോലും കുറിക്കാത്ത നൂറുകണക്കിന് നാടോടി കുടുംബങ്ങൾ താമസിക്കുന്നുവെന്നതൊരു അപ്രിയ സത്യമാണ്. പതിനഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം അനുശാസിക്കുന്ന നമ്മുടെ ഗവൺമെന്റുകൾ ഇവരെ മനപ്പൂർവം അവഗണിക്കുന്നു. ഇവരും ഈ രാജ്യത്തിന്റെ മക്കളാണെന്നും ഇവരുടെ കൂടി ഉന്നമനം സാധ്യമായാലേ രാജ്യത്തിന്റെ യഥാർത്ഥ പുരോഗതി സാധ്യമാക്കൂ എന്ന സത്യം വികസനത്തിനു വേണ്ടി മുറവിളി കൂട്ടുന്നവർ ഇനിയെങ്കിലും മനസ്സിലാക്കുക.

# മന്ദഹാസം



സുകന്യ. എം. ജെ
I BSc. Maths

എന്റെ പരിവേദനങ്ങൾക്കു സാക്ഷിയായ്,
മഴവില്ലിൻ വർണ്ണചാരുതകൾ
മാനത്തൊരായിരം നക്ഷത്രക്കൂട്ടങ്ങൾ
സൗരഭ്യമുതിരും പനിനീർ പുഷ്പങ്ങൾ
വസന്താരാമത്തിലെ തെളിനീരുറവകൾ.
ഈറൻ പടർന്ന മിഴികളെ നോക്കി മന്ദഹസിച്ചു
തോഴിയായി വന്ന കാറ്റ്,
ഒക്കെയും കളിയായ് ചൊല്ലിയകന്നു
ചെമ്പകമരത്തിലെ മഞ്ഞപ്രാവുകൾ.

എന്റെ ഭയത്തിനു സാക്ഷിയായ്,
ഇളംചോരച്ചൂടുള്ള കരിം പൂച്ച നഖങ്ങൾ
ചെന്നായ്ക്കൂട്ടങ്ങളുടെ ഓരിയിടലുകൾ
മൂടിയൂരി പുറത്തു വന്ന
വിഷപാമ്പിൻ ചീറ്റലുകൾ
പിന്നെ പാതിയടഞ്ഞ ജനാലകൾക്കപ്പുറത്ത്
ആർദ്രത പൂണ്ട നിൻ കണ്ണുകൾ

എന്റെ സ്വപ്നങ്ങൾക്കു കൂട്ടു ചേർന്നു,
ചക്രവാള സീമയുടെ അനന്തതകൾ
നീലിമതൻ ആഴക്കടലിൻ-
മുഖം പൂഴ്ത്തിയ കുഞ്ഞോളങ്ങൾ
വരണ്ടമഷിത്തുള്ളികൾ ഉണങ്ങിപ്പിടിച്ച
ഒരു പാട് കടലാസ് തുണ്ടുകൾ
ഒടുവിൽ,
ഒരു പൂ വിരിയും പോലെ
നിൻ മന്ദഹാസം.

# ഭാരതീയ സംസ്കൃതി എന്തുപറയുന്നു?



ഓംനാഥ് സി.പി
II DC Physics

ലോകത്തുള്ള ഒരു സംസ്കാരത്തെയും ആക്രമിച്ച് നശിപ്പിക്കാൻ ശ്രമിക്കാത്ത ഒരു സംസ്ക്കാരം. ലോകത്തെ ഒരു സംസ്ക്കാരത്തിനും ആക്രമിച്ച് നശിപ്പിക്കാൻ കഴിയാതിരുന്ന സംസ്ക്കാരം. ലോകത്തെ എല്ലാസംസ്ക്കാരങ്ങളെയും സ്വാംശീകരിക്കാൻ കഴിഞ്ഞ ഒരു സംസ്ക്കാരം. അതാണ് ഭാരതത്തിന്റെ സനാതന സംസ്ക്കാരം. ആ സംസ്ക്കാരത്തെക്കുറിച്ച് അൽപമെങ്കിലും ചിന്തിക്കേണ്ടത് ആവശ്യമാണ്.

യുവാക്കളോട്....

നാം യുവാക്കൾ, പുതുപുത്തൻ ചിന്താഗതികളുടെ വേഷപ്രച്ഛന്നതയിൽ മയങ്ങി, അറിവും ആവേശവും പാശ്ചാത്യ അധിനിവേശങ്ങൾക്ക് അടിയറവെച്ച്, കൈയ്യും കെട്ടി സ്വന്തം കുറവുകളെക്കുറിച്ച് വിലപിച്ച് മയങ്ങിത്തുടങ്ങിയിരിക്കുന്നു. ഇവിടെ നമുക്ക് ആവേശം പകരാൻ അഭിമാനത്തിന്റെ പുത്തൻ ചിന്താസരണികൾ ആവശ്യമാണ്. അതുകൊണ്ടുതന്നെ നമ്മുടെ അഭിമാനപൂരിതമായ ചരിത്ര, സാംസ്ക്കാരിക, ശാസ്ത്ര പശ്ചാത്തലങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാനെങ്കിലും നമ്മൾ ധൈര്യം കാണിക്കേണ്ടിയിരിക്കുന്നു.

ഭാരതം, ഭരതസംസ്ക്കാരം....

നമുക്കറിയാം വിദേശികൾ 'ഇന്ത്യ' എന്ന് വിളിച്ച് പഠിപ്പിക്കുന്നതുവരെ, നമ്മുടെ നാട് 'ഭാരതം' എന്നാണ് അറിയപ്പെട്ടിരുന്നത്. പണ്ട് ഭാരതം ഭരിച്ചിരുന്ന ആദർശ നിഷ്ഠനും ധീരനുമായിരുന്ന ഒരു രാജാവായിരുന്നു ഭരതൻ. അദ്ദേഹത്തിന്റെ പേരിലാണ് ഈ നാട് ഭാരതം എന്നറിയപ്പെട്ടത്. 'ഹിമാലയത്തിനും ഇന്ദുസാഗരത്തിനും ഇടയിലുള്ള പ്രദേശമായതിനാൽ ഈ ദേശത്തിന് ' ഹിന്ദുസ്ഥാൻ' എന്ന പേരും ലഭിച്ചു.

'ഹിമാലയം സമാരഭ്യ
യാവദിന്ദുസരോവരം.
തം ദേവനിർമ്മിതം ദേശം
ഹിന്ദുസ്ഥാനം പ്രചക്ഷ്യതേ'

*(അഗസ്ത്യ മഹർഷി)*

ഈ നാട്ടിൽ ചിന്തകൾക്കും, ആശയരൂപീകരണത്തിനും പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു. അതായത് ഇവിടെ ആർക്കും എന്തഭിപ്രായവും പറയാനും സ്വീകരിക്കാനും ഉള്ള അധികാരം ഉണ്ടായിരുന്നു-ഇപ്പോഴും ഉണ്ട്. ലോകത്തുള്ള എല്ലാ വസ്തുക്കളിലും ഈശ്വരാംശം ഉണ്ടെന്ന് നമ്മൾ വിശ്വസിച്ചു. അതുകൊണ്ടുതന്നെ അവയെല്ലാം ഭാരതീയർക്ക് ആരാധ്യമായി. മണ്ണും മഴയും മരവും വിദ്യയും എല്ലാം ഈശ്വരന്മാരായി. പ്രപഞ്ചം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ചൈതന്യമാണ് ഈശ്വരനെന്ന് ഋഷികൾ പറഞ്ഞു. അവരിലൂടെ ചിന്തകളുടെ പ്രവാഹം തന്നെ ഭാരതത്തിൽ ഉണ്ടായി.

**ശാസ്ത്രവീക്ഷണം ഭാരതത്തിൽ**

ഭാരതത്തിലെ ജീവിതം തികച്ചും അശാസ്ത്രീയമായിരുന്നു എന്നും ഗുരു പഠിപ്പിച്ചത് മനഃപാഠമാക്കുകയാണ്; അല്ലാതെ അതിനെ

ചോദ്യം ചെയ്യുവാൻ ശിഷ്യർക്ക് അധികാരമുണ്ടായിരുന്നില്ല, തുടങ്ങിയ പ്രചരണങ്ങൾ പരക്കെ നിലവിലുണ്ട്. എന്നാൽ കാര്യം അങ്ങിനെയല്ലായിരുന്നു എന്നുള്ളതിന് പല ഉദാഹരണങ്ങളും നമുക്ക് പറയാൻ സാധിക്കും. ഗുരുപറയുന്നതെന്തും കണ്ണടച്ച് വിശ്വസിക്കണം എന്നില്ല. യുക്തിക്ക് നിരക്കുന്നതും ശാസ്ത്രത്തിലൂടെ പരീക്ഷിച്ചതും മാത്രം ഉൾക്കൊണ്ടാൽ മതിയെന്ന ശാസ്ത്രീയ വീക്ഷണം ഭാരതത്തിൽ സുഭാഷിതങ്ങളായും കഥകളായും പ്രചരിപ്പിച്ചിരുന്നു. ഏറ്റവും നല്ല ഉദാഹരണം ഇതുതന്നെ.

'ആചാര്യാത്പാദമത്തേ, പാദം ശിഷ്യസ്വമേധയാ

പാദം സ ബ്രഹ്മചാരിഭ്യഃ ശേഷം കാലക്രമേണ ച'

ആചാര്യനിൽ നിന്ന് കാൽഭാഗം ജ്ഞാനം സ്വീകരിക്കുക, കാൽഭാഗം ശിഷ്യൻ സ്വയം ചിന്തിച്ച് വിശകലനം ചെയ്തറിയുക, മറ്റുള്ളവരോട് ചർച്ചചെയ്ത് കാൽഭാഗവും ബാക്കിയുള്ളത് കാലക്രമത്തിൽ കണ്ടും കേട്ടും അറിയേണ്ടതുമാണ്.

പഠിപ്പിക്കുന്ന വിഷയത്തിൽ ശാസ്ത്രീയ ജ്ഞാനം ഉണ്ടായിരിക്കുക, ശിഷ്യന്മാർക്ക് എളുപ്പത്തിൽ മനസ്സിലാകുംവിധം പഠിപ്പിക്കുക, ഉപദേശിക്കുന്നത് സ്വയം ആചരിക്കുക. ഇത്രയും യോഗ്യയുള്ളവനത്രെ ആചാര്യനായി സ്മരിക്കപ്പെടുക.

'ആചിനോതി ച ശാസ്ത്രാർത്ഥൻ
ശിഷ്യൻ സ്ഥാപയതേ സുധീ,
സ്വയം ആചരതി ചൈവ സഃ
ആചാര്യ ഇതി സ്മൃതാ'

ആരാധ്യരായ വ്യക്തികൾ, ആചാര്യനോ പണ്ഡിതനോ, ആരായാലും ഉപദേശിച്ചാൽ ബഹുമാനം കൊണ്ടുമാത്രം അത് കണ്ണുമടച്ച് വിശ്വസിക്കേണ്ടതില്ല.

' താ തസ്യ കൂപോയമിതി ബ്രുവാണ
കാ പുരുഷാക്ഷാരജലം പിബന്തി?

അച്ഛൻ കുഴിച്ച കിണറാണെന്ന് പറഞ്ഞ് ഏത് മനുഷ്യനാണ്, ഉപ്പുവെള്ളമാണ് എങ്കിൽ



അത് കുടിക്കുക?

സാക്ഷാത് അനുഭവൈർ ദൃഷ്ടോ
ന ശ്രുതാന ഗുരുദർശിത.

അനുഭവം കൊണ്ട് കണ്ടറിഞ്ഞതാണ് സ്വീകരിക്കേണ്ടത്. കേട്ടുകേൾവിയോ ഗുരുവചനങ്ങളോ കണ്ണുമടച്ച് സ്വീകരിക്കേണ്ടതില്ല.

എന്തിനേറെ പറയുന്നു, ഭഗവദ്ഗീത അർജ്ജുനന് ഉപദേശിച്ച കൃഷ്ണൻ അവസാനം പറയുകയാണ്.

'വിമൃശ്യൈത ദശേഷണ, യഥേച്ഛസി തഥാകുരു'

'പൂർണ്ണമായും വിമർശനബുദ്ധ്യാ വിശകലനം ചെയ്ത് നീ ആഗ്രഹിക്കുംപോലെ ചെയ്യുക'

നാം ഉപനിഷത്തുക്കളും മറ്റും വായിക്കുകയാണെങ്കിൽ അവയെല്ലാം തന്നെ രണ്ടുപേർ തമ്മിലുള്ള സംഭാഷണ, സംവാദരൂപത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത് എന്ന് കാണാം. ഗുരുവും ശിഷ്യനും സംഭാഷണങ്ങളാണ് കൂടുതലും. ഇതിൽ നിന്നെല്ലാം തന്നെ ഭാരതീയ ദർശനങ്ങളിൽ യുക്തിക്ക് സ്ഥാനമുണ്ടായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

**ശാസ്ത്ര പൈതൃകം**

ഭാരതത്തിന്റെ ശാസ്ത്ര പൈതൃകം വിദേശികളാൽ പോലും പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്. ഭാസ്കരാചാര്യനും കണാദനും

ആര്യഭട്ടനും ശുശ്രുതനും ബ്രഹ്മഗുപ്തനും വരാഹമിഹിരനും മറ്റനവധി ശാസ്ത്ര വിശാരദന്മാരും ഭാരതത്തിൽ വളരെ പുരാതനകാലത്തുതന്നെ തങ്ങളുടെ പ്രപഞ്ചനിരീക്ഷണ ഫലമായി കണ്ടെത്തിയ സത്യങ്ങൾ തങ്ങളുടെ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നത് നിർഭാഗ്യവശാൽ നമ്മളിൽ ബഹുഭൂരിപക്ഷം പേർക്കും അറിയില്ല. ആര്യഭടീയവും ലീലാവതിയും മറ്റും ഭാരതീയരേക്കാൾ ഇന്ന് ബഹുമാനിക്കപ്പെടുന്നത് വിദേശീയരാലായിരിക്കും. ഭാരതത്തിലെ ഗ്രന്ഥങ്ങളുടെ നിരവധി തർജ്ജിമകൾ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വിദേശങ്ങളിൽ പ്രചരിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ

ഭാരതീയ ജ്യോതിശാസ്ത്രം - സിൽപൻ. ബി.ജെ.

ഹിന്ദു ജ്യോതിശാസ്ത്രം - ബെർണാഡ്. ഡബ്ല്യു.

ഭാസ്കരാചാര്യരുടെ ആൾജിബ്ര - ബ്രോക് ഹോസ് എച്ച്.

ബൈനോമിയൽ സിദ്ധാന്തവും ഹിന്ദുക്കളും - റൂബൽ. ബി.

ഇന്ത്യൻ ഗണിത ശാസ്ത്രം - കാൻഡർ. എം.

കാലസങ്കലിതം - പാറൺ. ജെ.



വേദ കലണ്ടർ - പെബർ.എ

നൂറ്റാണ്ടുകളോളം വിദേശാധിപത്യത്തിൽ ജീവിച്ച ഒരു നാട്ടിലെ ശാസ്ത്ര വളർച്ചയെ വിദേശികൾ എങ്ങിനെ ചൂഷണം ചെയ്തിട്ടുണ്ടാകും എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് റേഡിയോയുടെ കണ്ടുപിടുത്തം. റേഡിയോ കണ്ടു പിടിച്ചത് മാർക്കോണിയാണെന്ന് പ്രഖ്യാപിച്ച നൂറ്റാണ്ടുകൾ കഴിഞ്ഞശേഷം ഭാരതത്തിലെയും വിദേശത്തിലെയും അനവധി ശാസ്ത്രജ്ഞന്മാരും സംഘടനകളും തികച്ചും ശാസ്ത്രീയമനസ്സോടെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ജഗദീശ് ചന്ദ്രബോസിന് ആ അംഗീകാരം ലഭിച്ചത്. എന്തിനേറെ പറയുന്നു, സസ്യങ്ങൾക്കും ജീവനുണ്ട് എന്ന് തെളിയിക്കാൻ ഭാരതീയർക്കാണ് സാധിച്ചത്.

പുരാണങ്ങളിൽ മനുഷ്യപരിണാമത്തിന്റെ ഒരു ചിത്രം കാണാം. പ്രപഞ്ചശക്തിയായ വിഷ്ണു ഭൂമിയിൽ സ്വീകരിച്ച അവതാരങ്ങൾ, മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ ഇങ്ങനെയാണ്. ജീവൻ ഉദ്ഭവിച്ചത് ജലത്തിലാണ് (മത്സ്യം) പിന്നീട് ജലത്തിലും കരയിലും ജീവിക്കാമെന്നായി (ആമ). ശേഷം കരയിൽ ജീവിക്കുന്ന വികൃതജീവി (പന്നി). പിന്നീട് മനുഷ്യനും മൃഗവും കൂടിച്ചേർന്ന രൂപം (നരസിംഹം), പിന്നീട് കുറുതായ ഒരു മനുഷ്യൻ (വാമനൻ) ലോകത്തിലെല്ലായിടത്തേക്കും മനുഷ്യന്റെ കാലടികൾ പതിക്കുന്നു. പരശുരാമനാകട്ടെ മഴു, ആയുധമായി ഉപയോഗിച്ച് മനുഷ്യൻ, കലപ്പ ഉപയോഗിച്ച് കൃഷി ചെയ്ത മനുഷ്യന്റെ രൂപമാണ് ബലരാമൻ, ശ്രീരാമനാണ് ആദർശ നിഷ്ഠനായ പൂർണ്ണ മനുഷ്യൻ. ജീവിതത്തെ സംഗീതവും, സന്തോഷവും കൊണ്ട് ആസ്വദിക്കുന്ന മനുഷ്യൻ.

ഇത്തരം കാര്യങ്ങളെ കുറിച്ച് നെഗറ്റീവ് ആയി മാത്രം ചിന്തിക്കുന്ന, സ്വന്തം നാടിന്റെ സത്വത്തെക്കുറിച്ച് അഭിമാനിക്കാൻ

മടിക്കുന്നവർക്ക് ഇവയെല്ലാം പുച്ഛിച്ചുതള്ളാൻ മാത്രമേ സാധിക്കുകയുള്ളു.

**ചരിത്രം – സഹിഷ്ണുത.**

ഭാരതത്തിന്റെ ചരിത്രം ഭീരുത്വത്തിന്റെയും, അന്ധവിശ്വാസങ്ങളുടെയും, പരസ്പരവൈരത്തിന്റെയും, ഏകതയില്ലായ്മയുടെയും ചരിത്രം ആയിട്ടാണ് പൊതുവെ ധരിച്ചിരിക്കുന്നത്. പക്ഷെ ഭാരതത്തിന്റെ ധീരവും പ്രശോഭിതവുമായ ചരിത്രമുണ്ടായിരുന്നു. തുടർച്ചയായ വിദേശാക്രമണങ്ങൾ ഉണ്ടാകും വരെ. ഭാരതത്തെ നിരവധി രാജാക്കന്മാർ ഭരിച്ചു. ഇവിടെ മതത്തിന്റെയോ ഭാഷയുടെയോ പേരിൽ ഭരണം നടന്നിരുന്നില്ല, മറ്റു നാടുകളിൽ നടന്നതുപോലെ അൽപകാലം അങ്ങിനെ സംഭവിച്ചത് അശോക ചക്രവർത്തിയുടെ കാലത്താണ്.

വിദേശിയായ മുഹമ്മദ് ഗോറി, പതിനെട്ട് പ്രാവശ്യം ഭാരതത്തെ ആക്രമിച്ചുവത്രെ. ഇത്രയും പ്രാവശ്യം പൃഥ്വീരാജ് ചൗഹാനോട് തോറ്റ് മടങ്ങുകയായിരുന്നു. അതിനു മുൻപ് ഏഷ്യൻ സംസ്കാരങ്ങളെ കടപുഴക്കിക്കൊണ്ട് യവനന്മാർ അലക്സാണ്ടറുടെ നേതൃത്വത്തിൽ ഭാരതം ആക്രമിച്ചപ്പോൾ പുരുഷോത്തമന്റെ നേതൃത്വത്തിൽ ധീരമായ ചെറുത്തു നില്പ് ഭാരതത്തിൽ നിന്നുണ്ടായി. ലോകം മുഴുവൻ കീഴടക്കുവാൻ പടയുമായി ഇറങ്ങിയ അലക്സാണ്ടർ ഭാരതത്തിൽ നിന്നു മടങ്ങി നാട്ടിലെത്തിയില്ല.

മുഗളന്മാരുടെ ക്രൂരമായ ആക്രമണങ്ങൾ ഭാരതത്തിലുണ്ടായി. തുടർച്ചയായ ഇത്തരം നിരവധി ആക്രമണങ്ങൾ മുതലാണ് ഭാരതത്തിൽ അന്ധകാരം പടരാൻ തുടങ്ങിയത്. സംസ്കാരത്തിന്റെ അടിവേരുകളെ തന്നെ പിഴുതെറിയാൻ മുഗളർ കിണഞ്ഞു പരിശ്രമിച്ചു. റാണാപ്രതാപസിംഹന്റെയും ഛത്രപതി ശിവജിയുടെയും രൺജിത്സിംഹിന്റെയും ഒക്കെ നേതൃത്വത്തിൽ ധീരമായ പോരാട്ടം അവർക്കെതിരെ ഉണ്ടായി. മുഗളസാമ്രാജ്യത്വത്തിന്റെ പകുതിയിലധികം പിടിച്ചെടുത്ത് ശിവജി, ഹിന്ദു സാമ്രാജ്യം എന്ന പേരിൽ സാമ്രാജ്യം സ്ഥാപിച്ച് ഛത്രപതിയായി കിരീടം ധരിച്ചു. പിന്നീടാണ് ഇങ്ങു തെക്കു നിന്നും യൂറോപ്യൻ അധിനിവേശം വരുന്നത്. അവർ തന്ത്രശാലികളായിരുന്നു. ആക്രമം ആയിരുന്നില്ല ആദ്യം അവരുടെ മാർഗ്ഗം, ഇവിടുത്തെ ജനങ്ങളുടെ ആതിഥ്യമര്യാദയും, സഹിഷ്ണുതയും ചൂഷണം ചെയ്ത് അവർ ഇവിടെ ആധിപത്യം സ്ഥാപിച്ചു. പിന്നീടുള്ള കഥ നമുക്കെല്ലാം അറിയുന്നതു തന്നെ. സർവ്വശക്തിയും സംഭരിച്ച് നാം സ്വാതന്ത്ര്യം നേടുമ്പോഴും ഛിദ്രശക്തികളുടെ പ്രവർത്തനഫലമായി നമ്മുടെ മാതൃഭൂമിയെ രണ്ടും മൂന്നും കഷണങ്ങളാക്കി വെട്ടിമുറിക്കേണ്ടി വന്നു. ഇതുവരെ നാം കാണാത്ത വിധം, മതചിന്താഗതികളുടെ പേരിൽ നാം സംഘർഷത്തിൽ ഏർപ്പെട്ടു. ചോരതളം കെട്ടി നിന്ന ആ ഓർമ്മകളുടെ ബന്ധനത്തിൽ നിന്നായിരിക്കാം, നാം വീണ്ടും ഒരു മാനസിക അടിമത്തത്തിലേക്ക് നീങ്ങുന്നത്.

ഇത്രയൊക്കെയായിട്ടും, ചരിത്രത്തിൽ നിന്ന് പാഠങ്ങൾ പഠിക്കുവാൻ, സാംസ്കാരിക മൂല്യങ്ങളെ കുറിച്ച് അഭിമാനിക്കാൻ, നമ്മുടെ പൂർവ്വികർ പറഞ്ഞവയിൽ നിന്ന് സത്യങ്ങൾ ചികഞ്ഞെടുത്ത് ഉയർത്തിക്കാട്ടാൻ ശാസ്ത്രീയ ബോധത്തോടെ അസത്യങ്ങൾ തിരുത്തിപ്പറയുവാൻ എന്തേ ഭാരതീയർക്കു ഇനിയും സാധിക്കുന്നില്ല? പ്രകൃതിയോടും മനുഷ്യനെത്തന്നെയും സ്വാർത്ഥലാഭത്തിനു വേണ്ടി ചൂഷണം ചെയ്ത് നശിപ്പിക്കുന്ന ആധുനിക മനുഷ്യ വർഗ്ഗത്തിന്റെ ക്രൂരഭാവത്തിന് തടയിടാൻ ഈ മഹത്തായ സംസ്കാരത്തിന്റെ എല്ലാത്തിനെയും ആദരിക്കാനും ബഹുമാനിക്കാനുമുള്ള മാനസിക ബോധത്തിന്റെ ഒരു ചെറിയ അംശമെങ്കിലും ലോകം സ്വീകരിക്കേണ്ടിയിരിക്കുന്നു.

**'ലോകാ:സമസ്താ സുഖിനോ ഭവന്തു'**

■

ആശംസകളോടെ...

No. F. 1228

ESTD.1946

# മട്ടന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് Ltd.

## H.O. മട്ടന്നൂർ-670 702, കണ്ണൂർ ജില്ല.

ഫോൺ : 0490-2474227

ബ്രാഞ്ച് :

മെയിൻ ബ്രാഞ്ച്- മട്ടന്നൂർ, ഫോൺ: 0490-2471227

എടയന്നൂർ (ചാലോട്), ഫോൺ : 0490-2484556

മോണിംഗ് & ഈവനിംഗ് മട്ടന്നൂർ, ഫോൺ: 0490-2471127

ഉളിയിൽ, ഫോൺ : 0490-2433140

ശിവപുരം, ഫോൺ : 0490-2400510

ഉരുവച്ചാൽ, ഫോൺ : 0490-2477227

ആയിപ്പുഴ, ഫോൺ : 0460-2259847

സഹകരണ മേഖലയിൽ
ഒരു ക്ലാസ്സ് - 1 സ്പെഷൽ ഗ്രേഡ് ബേങ്ക്

പ്രസിഡണ്ട് :
കെ. പി. പ്രഭാകരൻ മാസ്റ്റർ

സെക്രട്ടറി
പന്നിയോടൻ ബാലകൃഷ്ണൻ

കവിത

# മൗനം



രഹ്ന
IInd DC Computer Science



വൃശ്ചികരാത്രിതൻ നിലാവെളിച്ചത്തിൽ
ജനൽവിടവിലൂടെ എൻ കൺപീലിയിൽ
തലോടിയെത്തിയ നിൻകരസ്പർശം
മായില്ലൊരിക്കലും എൻ ഓർമ്മകളിൽ
മനസ്സെന്ന ചില്ലുപേടകത്തിൽ
അണയാത്ത ദീപനാളം
സുരിച്ചിടും നിൻതവ വദനങ്ങൾ
ഏകാന്തമാം ജീവിതവീഥിയിൽ
കളിത്തോഴനായ് കൂടപ്പിറപ്പായ്
എന്നരികിൽ വന്ന നീ
എവിടെയ്ക്കെന്നറിയാതെ പോയ്മറഞ്ഞു
ഏതോ അടങ്ങാത്ത നൊമ്പരത്തിന്റെ
പ്രതീകമെന്നോണം
പെയ്തൊഴിയുന്ന മഴമേഘങ്ങൾ
ജലകണങ്ങളായ് അവനിതൻ മാറിൽ
പതിച്ചപ്പോഴും
എൻ മനസ്സിന്റെ തേങ്ങൽ
കണ്ണുനീർത്തുള്ളിയായ് ഒഴുകുമ്പോഴും
നിന്നെത്തേടി ഞാൻ അലഞ്ഞു
വരണ്ടുണങ്ങിയ മരുഭൂമിയിൽ
നൊമ്പരങ്ങളുടെ കൊടും വെയിലിലും
ഒരു തുള്ളി ദാഹജലം പോലെ
ജീവവായുപോലെ
വിറയാർന്ന കൈവിരലുകൾക്ക്
ശക്തിപകരാനായ് വന്നണഞ്ഞ
നിൻപദചലനം
മുഴങ്ങുന്നു എൻ കാതുകളിൽ
രാത്രിയുടെ അന്ത്യയാമങ്ങളിൽ
ചീവീടുകളുടെ ഉറച്ചശബ്ദത്തിലും
കേൾക്കുന്നു ഞാൻ നിൻ ഹൃദയമിടിപ്പിൻ താളം
അറിയുന്നു ഞാൻ നിൻ സ്നേഹനൊമ്പരം
ജീവന്റെ ജീവനാം എൻപ്രിയ സ്വപ്നമേ.........

# കാത്തിരിപ്പ്.....

Sureeshma
Ist BCom.

നേർത്ത മഞ്ഞുമൂടുമീ ഓർമ്മതൻ-
നൊമ്പരമൊരു തെന്നലായ് അലിയാൻ
എന്നുമെന്നുള്ളിലെ ചിരാതിൽ-
ഉരുകുന്ന മെഴുകുതിരിപോലെ ഓർമ്മകൾ മാറാൻ
മാറാലമെല്ലുമീ ഇരുളിൽ ആരാരുമറിയാതെ
അടക്കിപ്പിടിച്ചൊരു തേങ്ങലിൽ നിശ്വാസ-
മുതിർന്നു വീഴുമ്പോഴും
അറിയുന്നു ഞാനെന്നും മനസ്സാം-
ശ്രീകോവിൽ പൂജിക്കുന്നൊരു പൂജാബിംബം
നിർമ്മലിതമാം മുഖമെന്ന്
ഈ ഓർമ്മതൻ നോവിൽ പിടയുന്നെൻ മനം
കേഴുന്നുമൂകം നിന്റെ വരവിനായ്
ബന്ധങ്ങൾ ചങ്ങലയായ് കല്പാദങ്ങളെ
വരിഞ്ഞു മുറുക്കുമ്പോഴും-
കാതോർത്തു കാത്തിരിക്കുന്നു നിന്റെ വരവിനായ്

ആശംസകൾ

PH. 2491465

HOTEL RAZA

OPP. POST OFFICE,
IRITTY

# കൊഴിയുന്ന പൂവുകൾ



രജീഷ് കെ.എം.
II DC Maths

ജനലിന്റെ കർട്ടൻ മാറ്റി പുറത്തേക്ക് നോക്കി. സമയമെത്രയായി എന്ന് നിശ്ചയമില്ല. തണുത്ത കാറ്റ് ചെറുതായി വീശുന്നുണ്ട്. ഉണങ്ങിയ ഇലകൾ കാറ്റിൽ ഞെട്ടറ്റ് വീണു കൊണ്ടിരിക്കുന്നു. ശാന്തമായി ഉറങ്ങുന്ന രാത്രിക്ക് പൂനിലാവിന്റെ പുതപ്പ്. ദൂരെ, എവിടേയോ നായ്ക്കൾ ഓരിയിടുന്ന ശബ്ദം അവ്യക്തമായി കേൾക്കാം.

ഉറക്കം വരാതെ കിടന്നപ്പോൾ വെറുതെ എന്തൊക്കയോ ചിന്തിച്ചുപോയി. ഓർക്കരുതെന്ന് പലവട്ടം വിചാരിച്ചതാണ്. പക്ഷെ മറക്കണമെന്ന് വിചാരിക്കുന്നതാണ് ഏറ്റവും കൂടുതൽ ഓർമ്മിക്കുന്നത്. ഡിസംബറിന്റെ സുഖകരമായ തണുപ്പിലും മനം പൊള്ളുകയാണ്. ഏകാന്തത വേട്ടയാടുമ്പോഴൊക്കെ എന്റെ ചിന്ത ശ്രീക്കുട്ടനേയും അവന്റെ കാമുകിയേയും കുറിച്ചാകുന്നത് തെല്ലൊന്നുമല്ല അസ്വസ്ഥനാക്കുന്നത്. ശ്രീക്കുട്ടന് അവളെ നഷ്ടമായിട്ട് ഒരു വർഷമാകുന്നു.

കവിത സൽസ്വഭാവിയും സമർത്ഥയുമാ



യിരുന്നു. അവളുടെ വേർപാട് ഇന്നും ശ്രീക്കുട്ടന് ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. ജീവിതത്തെക്കുറിച്ച് വലിയ വലിയ പ്രതീക്ഷകൾ നെയ്തുകൂട്ടി പറക്കാൻ തുടങ്ങുന്നതിനുമുമ്പേ ചിറകറ്റുവീണ ഒരു ചിത്രശലഭം.

ചിന്തകൾ ഓർമ്മകളിലെ ആഴങ്ങളിലേക്ക് ഊളിയിട്ടു. കഴിഞ്ഞ വർഷത്തെ ക്രിസ്മസ് വെക്കേഷൻ സമയത്ത് കൂട്ടുകാർ ഒത്തുചേർന്ന് ഒരു ടൂർ പ്രോഗ്രാം പ്ലാൻ ചെയ്തു. ഞങ്ങളുടെ ഗ്യാങ്ങിൽ ശ്രീക്കുട്ടനും കവിതയും ഉണ്ടായിരുന്നു. മുൻകൂട്ടി പ്ലാൻ ചെയ്ത സ്ഥലങ്ങളെല്ലാം ഞങ്ങൾ ചുറ്റിക്കണ്ടു. പ്രശസ്തമായ ക്ഷേത്രങ്ങളും കൊട്ടാരങ്ങളും ഒക്കെ കണ്ട് അവസാനമാണ് വെള്ളച്ചാട്ടം കാണുവാൻ പോയത്.

അന്ന് പതിവിന് വിപരീതമായി ശക്തമായി മഴപെയ്തു. നേരം സന്ധ്യയോടടുത്തിരുന്നു. ഞങ്ങൾ വെള്ളച്ചാട്ടത്തിന്റെ മുകൾ ഭാഗത്തുനിന്ന് പിറകോട്ട് മാറി വെള്ളം പരന്നൊഴുകുന്ന ഭാഗത്തേക്ക് പോയി. വെള്ളത്തിന് നല്ല ഒഴുക്കുള്ള സ്ഥലമായിരുന്നു. വെള്ളത്തിലേക്ക് ഇറങ്ങരുതെന്ന മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് ആദ്യം വെള്ളത്തിലിറങ്ങിയത് കവിതയാണ്. പെട്ടെന്ന് ആഴം കൂടിയ ഭാഗം മനസ്സിലാക്കാനാവാതെ അവൾ വെള്ളത്തിലേക്ക് വീണു. ഒഴുക്കിൽപ്പെട്ട അവളുടെ അവ്യക്തമായ നിലവിളികേട്ട് ഞങ്ങൾ തിരിഞ്ഞുനോക്കുമ്പോഴേക്കും അവൾ വളരെ ദൂരെ ഒഴുകിപ്പോയിരുന്നു. ശക്തമായ ഒഴുക്കുള്ള വെള്ളത്തിലിറങ്ങി അവളെ രക്ഷിക്കുവാൻ ഞങ്ങൾക്കാകുമായിരുന്നില്ല. എന്തു ചെയ്യണമെന്നറിയാതെ വാവിട്ട് നിലവിളിക്കുവാൻ മാത്രമേ ഞങ്ങൾക്ക് കഴിഞ്ഞുള്ളു. കുറച്ച് ദിവസങ്ങൾക്ക് ശേഷം മത്സ്യങ്ങൾ കൊത്തി വികൃതമാക്കിയ ശവം പുഴയുടെ അരികിൽ വള്ളിപ്പടർപ്പിനിടയിൽ കുരുങ്ങിക്കിടന്നു. ആ കാഴ്ച കാണാനാവാതെ ശ്രീക്കുട്ടനും ഞങ്ങളും ഹൃദയം പൊട്ടിക്കരഞ്ഞു

* * * * * *

അനന്തതയിലേക്ക് നീങ്ങിയ എന്റെ മനസ്സിനെ പിൻവലിച്ച് ഞാൻ ബെഡ്ഡിനടുത്തേക്ക് നീങ്ങി. കൊഴിഞ്ഞുവീണ യാമത്തിലെപ്പോഴോ നിദ്രാദേവി എന്നെ ഗാഢമായി പുണർന്നു.

സമയം രാവിലെ 5 മണി. മൊബൈൽ ഫോൺ ചിലച്ചു. ഇത് പതിവുള്ളതാണ്. കൂട്ടുകാരുടെ പണിയാണ്. ശരിയാണ്, ഇന്നാണ് ആ ദിവസം. തന്റെ കൂട്ടുകാരന്റെ സ്വപ്നങ്ങൾ തകർന്ന ദിവസം. രാവിലെ തന്നെ ശ്രീക്കുട്ടന്റെ വീട്ടിലേക്ക് തിരിച്ചു. പിന്നെ അവനേയും കൂട്ടി കവിത അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത് ചെന്നു. ശ്രീക്കുട്ടനും ഞാനും അവളെ അടക്കം ചെയ്ത കല്ലറയ്ക്കടുത്ത് പ്രാർത്ഥിച്ചു. ആ നിമിഷം ഒരു ചിത്രശലഭം ശ്രീക്കുട്ടന്റെ കവിളത്ത് മുട്ടിയുരുമ്മിക്കൊണ്ട് പറന്നുപോയി. കൈയ്യിൽ കരുതിവെച്ചിരുന്ന പൂച്ചെണ്ട് കല്ലറയ്ക്ക് മുകളിൽ വയ്ക്കുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ അനശ്വര പ്രണയത്തിന് സാക്ഷിയായി അപ്പോൾ അവിടെ ഒരു കുളിർതെന്നലിന്റെ സാമീപ്യമുണ്ടായിരുന്നു. ■

# തായമ്പകയിൽ നിന്നും ...

**പ്രശസ്ത ചെണ്ടകൊട്ട് വിദഗ്ദൻ ശ്രീ. മട്ടന്നൂർ ശങ്കരമാരാരുമായി നടത്തിയ അഭിമുഖം.**

ഇന്ന് ലോകം അറിയപ്പെടുന്ന ഒരു ചെണ്ടകൊട്ട് വിദഗ്ദൻ മട്ടന്നൂർ ശങ്കരൻകുട്ടി എന്ന് സ്നേഹത്തോടെ എല്ലാവരും വിളിക്കുന്ന ശങ്കരമാരാരുടെ വീട്ടിലെത്തിയപ്പോൾ ഒരു കലാമണ്ഡലത്തിൽ എത്തിയ പ്രതീതി. എവിടെയും അലതല്ലുന്ന നിശബ്ദതയിൽ നിന്നും ചെണ്ടമേളങ്ങളുടെ പ്രതിധ്വനി കേൾക്കാമായിരുന്നു. ഒരുപാട് മഹാൻമാർ തായമ്പക പരിശീലിച്ച ആ മുറ്റത്തേക്ക് കടന്നുചെല്ലാൻപറ്റിയത് തന്നെ ഒരു ഭാഗ്യമായി കാണുന്നു. വളരെ സൗമ്യതയോടെ, നിഷ്കളങ്കമായ പുഞ്ചിരിയോടെ അദ്ദേഹം നമ്മളെ സ്വീകരിച്ചു. അതിനുശേഷം അദ്ദേഹവുമായി ഒരുപാട് വിവരങ്ങൾ ചോദിച്ചറിയാൻ ഞങ്ങൾക്ക് സാധിച്ചു.

**1) സാർ ഈ രംഗത്തേക്ക് കടന്നുവരാൻ കാരണമെന്താണ് ?**

പാരമ്പര്യമായി എന്റെ കുടുംബം ക്ഷേത്രങ്ങളിലും മറ്റും അടിയന്തിര ജോലിക്ക് നിയോഗിക്കപ്പെട്ടവർ ആയിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 100-120 വർഷമായി ഇത് തുടർന്നു വരുന്നു. കൂടാതെ ഓർമ്മ വച്ച കാലം മുതൽ ചെണ്ടമേളങ്ങൾ കേട്ടായിരുന്നു വളർന്നതും. പാരമ്പര്യമായി വന്നതുകൊണ്ടും, ഈ കലയോട് എനിക്കുള്ള താല്പര്യവും ഈ രംഗത്തേക്ക് പ്രവേശിക്കാൻ എന്നെ പ്രേരിപ്പിച്ചു.

**2) കുടുംബ പശ്ചാത്തലം ഒന്ന് പറയാമോ ?**

പാരമ്പര്യമായി ചെണ്ടകൊട്ടായിരുന്നു കുടുംബാംഗങ്ങളുടെ ജോലി. എന്റെ അച്ഛൻ കുഞ്ഞികൃഷ്ണമാരാർ ഒരു ചെണ്ട വിദ്വാനായിരുന്നു. കൂടാതെ അതിനുമുൻപുള്ള തലമുറയും ഇത് തുടർന്നിരുന്നു. എനിക്ക് മൂന്ന് മക്കളാണ്. രണ്ടാൺകുട്ടികളും ഡിഗ്രി പഠനത്തിനുശേഷം സ്വമേധയാ ചെണ്ടകൊട്ടുമായി എന്നോടൊപ്പം ചേർന്നു. എന്നാലും മക്കളോട്, നിങ്ങൾക്ക് എന്താകണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം എന്നാണ് പറഞ്ഞിരുന്നത്.

**3) ചെണ്ടകൊട്ട് അഭ്യസിക്കാൻ തുടങ്ങിയതിനെക്കുറിച്ച് ?**

6-ാം വയസ്സിലാണ് ഞാൻ ഈ രംഗത്തേക്ക് വരുന്നത് . ആദ്യമായി തായമ്പക പഠിച്ചു. പിന്നീട് ഓരോ മേളങ്ങളും പഠിച്ചു. 8-ാം വയസ്സിൽ അമ്പലത്തിൽ ഒരു സ്ഥിരം ജോലി കിട്ടി.



12-ാം വയസ്സുവരെ അത് തുടർന്നു. അതിനുശേഷം പാലക്കാട് ബേപ്പൂരിലെ ഗാന്ധിസേവാസദനത്തിൽ കഥകളിക്ക് ചെണ്ടകൊട്ടുന്നത് എങ്ങനെയെന്ന് പഠിച്ചു. 7-ാം ക്ലാസ്സുമുതൽ പഠിക്കാനും അവിടെ അവസരം ലഭിച്ചു. അവിടെ വച്ചാണ് S.S.L.C പാസ്സായത്. കടയിലും അമ്പലത്തിലും പോകാതെ ചെണ്ടകൊട്ടാൻ സൗകര്യം ലഭിച്ചതിൽ വളരെയധികം സന്തോഷിച്ചു. അതികഠിനമായ ചിട്ടകളായിരുന്നു അവിടെ. എന്തായാലും 4 വർഷം അവിടെ ചെണ്ട അഭ്യസിച്ചു. നാട്ടിൽ വന്നാൽ വേറെ പണിയൊന്നും അറിയാത്തതുകൊണ്ട് അവിടെയുള്ള അമ്പല സെക്രട്ടറിയെ കണ്ട് രണ്ട് വർഷം അമ്പലത്തിൽ മുട്ട്കാരനായി തുടർന്നു. അവിടെ വച്ച് എടക്കകൊട്ടും പരിശീലിച്ചു. പല്ലാവൂർ അപ്പുമാരാരുടെ പിതാവ് ശങ്കരമാരാരായിരുന്നു ഗുരു. ഗുരുവിന്റെ വീട്ടിൽ

തന്നെ താമസം. 1½ വർഷം അവിടെ എടക്കക്കൊട്ട് പഠിച്ചു. തൃശ്ശൂരിലെ തിരുവമ്പാടി വിഭാഗത്തിലെ അമ്പല ത്തിൽ ജോലി ആയിരുന്നു ഗുരുനാഥന്. അദ്ദേഹത്തിന്റെ പകരക്കാരനായി എന്നെ നിയമിച്ചു. അതായിരുന്നു ജീവിതത്തിൽ ഈ രംഗത്തേക്കുള്ള വഴിത്തിരിവ്. അവിടെ വളരെയധികം കർശന നിയമങ്ങളായിരുന്നു. അതൊക്കെ അക്ഷരം പ്രതി അനുസരിച്ചതുകൊണ്ടോ, എന്തോ എന്നെ അവർക്ക് വല്ലാതെ ബോധിച്ചു. ആ കൊല്ലം മുതൽ തൃശൂർപൂരത്തിൽ പങ്കെടുക്കാൻ തുടങ്ങി. 33 വർഷമായി ഇത് തുടരുന്നു. പിന്നീട് കണ്ണൂരിൽ തിരിച്ചെത്തി കല ജീവിതോപാധിയായി ഉപയോഗിക്കാൻ തീരുമാനിച്ചു. അങ്ങനെ 1973-ൽ മട്ടന്നൂരിൽ പഞ്ച വാദ്യ സ്ഥാപനം തുടങ്ങി. തൃശൂർപൂരവുമായി ബന്ധമുള്ളത്കൊണ്ട് എന്നെ അംഗീകരിക്കാൻ തുടങ്ങിയതായി എനിക്ക് തോന്നി. 1979 ആകുമ്പോഴേക്കും അംഗീകാരം എനിക്കു ലഭിച്ചു തുടങ്ങി.

**4) അരങ്ങേറ്റം എവിടെ ആയിരുന്നു ?**

1962-ൽ മട്ടന്നൂർ അമ്പലത്തിലായിരുന്നു എന്റെ അരങ്ങേറ്റം.

**5) വിദേശത്ത് സാറിന്റെ അരങ്ങേറ്റം എങ്ങനെയായിരുന്നു ?**

1979-ൽ ആയിരുന്നു ഞാൻ ആദ്യമായി ഇന്ത്യ വിട്ടത്. ആദ്യം ഹോളണ്ടിൽ കഥകളിക്ക് കൊട്ടിയാണ് വിദേശത്തെ അരങ്ങേറ്റം. പിന്നീട് 1985-ൽ ന്യൂയോർക്കിൽ ഇന്ത്യാഫെസ്റ്റിവെലിൽ കലാമണ്ഡലം നടത്തുന്ന പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് കൈനിറയെ പരിപാടികളായിരുന്നു. 24 തവണ ഇംഗ്ലണ്ടിലും പിന്നെ സ്പെയിൻ, സ്വിറ്റ്സർലണ്ട്, ജർമ്മനി, ഫ്രാൻസ് തുടങ്ങി അനേകം രാജ്യങ്ങളിൽ അരങ്ങേറ്റം കുറിച്ചു.

**6) സാർ, നാട്ടിൽ അവതരിപ്പിച്ച പരിപാടിക്കാണോ, വിദേശപരിപാടികൾക്കാണോ അംഗീകാരം കിട്ടിയത് ?**

നാട്ടിൽനിന്നും, വിദേശത്തുനിന്നും ധാരാളം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. പക്ഷെ, മലയാളികൾ തരുന്ന പുരസ്കാരങ്ങളെ ഞാൻ അംഗീകരിക്കുന്നു. കാരണം അത് മനസ്സിലാക്കാനും ആസ്വദിക്കാനും മലയാളിക്ക് മാത്രമേ സാധിക്കുകയുള്ളൂ.

ഗുരുവായൂരിൽ നിന്നും, മറ്റ് കലക്ക് പ്രാധാന്യമുള്ള സ്ഥലങ്ങളിൽ നിന്നും കിട്ടുന്ന അംഗീകാരത്തെ ഞാൻ നിറ മനസ്സോടെ സ്വീകരിക്കുന്നു.

**7) ഈ കലയോട് അങ്ങേക്കുള്ള കാഴ്ചപ്പാട് എന്താണ് ?**

ഒപ്പം പഠിച്ചവർ നല്ല ജോലിയിൽ എത്തിയപ്പോൾ ചെണ്ട തൂക്കി അവരുടെ മുമ്പിൽ നടക്കാൻ ജാള്യതയായിരു ന്നു. എന്നാൽ വേറെ ഒരു ജോലിയും അറിയുമായിരുന്നില്ല. പിന്നെ അതുതന്നെ പഠിക്കാൻ വാശിയായി. പിന്നീട് നിലനിൽപ്പിനായി പ്രയത്നിച്ചു. ഇപ്പോഴും അത് തുടരാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ചെണ്ട എടുക്കുന്നത്ഒരു മേന്മയായി ഞാൻ കരുതുന്നു. കാരണം എവി ടെയും, ഏതുരാജ്യത്തും ഇതിന് പിന്തുണ ലഭിച്ചു തുടങ്ങിയിരിക്കുന്നു.



**8) സിനിമയിൽ അഭിനയിക്കുന്നതിനെ കുറിച്ച് ?**

ഞാൻ ഒരു സിനിമയിൽ മാത്രമേ അഭിനയിച്ചിട്ടു ള്ളൂ. അത് ഷാജി. എൻ. കരുൺ എന്ന സംവിധാ യകന്റെ നിർബന്ധം മൂലം 'വാനപ്രസ്ഥം' എന്ന സിനിമയിൽ അഭിനയിച്ചു.

**9) ഇത് പുതുതലമുറക്ക് പഠിക്കാൻ ഏതെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കു ന്നുണ്ടോ ?**

വെള്ളനാട് ഗവ. സ്കൂളിൽ ചെണ്ടകൊട്ട് അദ്ധ്യാപകനായി PSC വഴി ഞാൻ നിയോഗിക്കപ്പെട്ടു. അതുകൊണ്ട് തന്നെ അവിടെ താമസമാക്കുകയും ചെയ്തു. ജാതിമതഭേദമെന്യേ പഠിക്കാനാഗ്രഹിക്കുന്നവരെയൊക്കെ ഇത് പഠിപ്പിക്കാൻ ഞാൻ തയ്യാറാണ്.

**10) കോളേജ് ജീവിതത്തെക്കുറിച്ച് ?**

കോളേജിൽ പഠിക്കാൻ കഴിഞ്ഞില്ലെങ്കിലും പല കോളേജുകളിലും കലയെക്കുറിച്ച് ക്ലാസ്സെടുക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. 19 വയസ്സുമുതൽ 25 വയസ്സുവരെ, പിടിച്ചാൽ കിട്ടാത്തതാണ്. എന്നാലും പഠിത്തത്തോടൊപ്പം മറ്റെല്ലാ മേഖലകളിലും ശ്രദ്ധിക്കണം. ജീവിതത്തിൽ നല്ലകാലം എന്നത് കലാലയജീവിതം തന്നെയാണ്.

**11) പ്രണയത്തെക്കുറിച്ച്**

പ്രണയം എന്നത് ദിവ്യമായ ഒരു അനുഭവമാണ്. എല്ലാ നല്ല സ്വഭാവമുള്ളവരെയും പ്രണയിക്കണം. പക്ഷേ പ്രണയിക്കുന്നവർ അത് മനസ്സിലാക്കി പ്രവർത്തിക്കുകയും വേണം.

**12) നൂതന വിദ്യാഭ്യാസത്തെ കുറിച്ച് എന്താണ് അഭിപ്രായം ?**

വിദ്യാഭ്യാസം എന്നാൽ കമ്പ്യൂട്ടർ ആണെന്ന ധാരണ തികച്ചും തെറ്റാണ്. ഒരു വിദ്യാഭ്യാസത്തിലൂടെ ജീവിതം മുന്നോട്ട് കൊണ്ട് പോവാൻ കഴിയണം. കുട്ടികളുടെ മനസ്സറിഞ്ഞ് വിദ്യ അഭ്യസിപ്പിക്കണം. പഠനം നമുക്കുവേണ്ടിയാണെന്ന് നാം മനസ്സിലാക്കണം.

**13) ആദ്യം ലഭിച്ച പുരസ്കാരം ഏതാണ് ?**

പയ്യന്നൂർ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ നിന്നും കിട്ടിയ സ്വർണ്ണമെഡൽ ആണ് ആദ്യത്തെ പുരസ്കാരം. പിന്നീട് ധാരാളം പുരസ്കാരങ്ങൾ കിട്ടിയിട്ടുണ്ട്.

**14) സാർ പങ്കെടുത്ത ഏറ്റവും വലിയ പരിപാടി ഏതായിരുന്നു ?**

എല്ലാ പരിപാടികളും വലുതാണ്. പത്താളായാലും മനസ്സിലാക്കാൻ കഴിവുള്ളവരാണെങ്കിൽ അതും വലിയ ഒരു സദസ്സാണ്. കലയെക്കുറിച്ച് അറിയുന്നവർ അംഗീകാരം തരണം എന്ന പക്ഷക്കാരനാണ് ഞാൻ.

**15) ആത്മസംതൃപ്തി നൽകിയ പരിപാടി ?**

എല്ലാ പരിപാടികളും ആത്മസംതൃപ്തി നൽകിയവ ആയിരുന്നു.

**16) മനസ്സിൽ പതിഞ്ഞ ഒരു അനുഭവത്തെക്കുറിച്ച വിശദീകരിക്കാമോ ?**

അനുഭവങ്ങൾ ചിന്തകൾക്കുമപ്പുറമാകുമ്പോൾ വിശദീകരണം അപ്രാപ്യമാകുന്നു.

**17) രാഷ്ട്രീയത്തെക്കുറിച്ച് സാറിന്റെ അഭിപ്രായം എന്താണ് ?**

കലാകാരന് ഒരു രാഷ്ട്രീയം കൊണ്ടുനടക്കാൻ സാധിക്കില്ല. ഒരു പ്രത്യേക രാഷ്ട്രീയം എനിക്കില്ല. ഞങ്ങളെ സഹായിക്കുന്നവരോട് ആത്മാർത്ഥത കാണിക്കും.

**18) കാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് ?**

രാഷ്ട്രീയം മനസ്സിലാക്കി പ്രവർത്തിക്കുക, അല്ലാതെ കൊണ്ടുനടക്കുന്നതിനെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായം ഇല്ല. അക്രമ രാഷ്ട്രീയം ഉപേക്ഷിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുക. ചേരിതിരിഞ്ഞുള്ള രാഷ്ട്രീയം ഉപേക്ഷിക്കുക.

**19) ജീവിതം ഇതേരീതിയിൽ തന്നെ മുന്നോട്ട് കൊണ്ടുപോകുവാനാണോ ആഗ്രഹം ?**

അതെ.

**20) ഞങ്ങളുടെ കാമ്പസിനോട് സാറിന്റെ ഉപദേശം എന്താണ് ?**

പഠിക്കുക, കൂടാതെ പ്രണയിക്കുക, അത് പരിധി കടക്കരുത്. നല്ല കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക, നല്ല നിലയിലേക്ക് ഉയർന്നുവരിക, കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക.

**തയ്യാറാക്കിയത് : അജീഷ് കുമാർ, ജ്യോതിഷ്, രജീഷ്, ശ്രീജിത്ത്, പ്രിൻസ്.**

# COME BACK SOON

Jincy PG
I[st] B com

*Let me tell you why i am sad*
*I hane lost the only frient i had*
*He left me with out a word*
*Shall i ask him to come home?*
*Or does he want's to be far away from me*
*I tired to see him yeasterday*
*His friends told me he had gone away*
*He had left me without a word*
*I could not make him to stay here*
*Because he had gone far away from me*
*I remeber meeting him*
*It seems to years back*
*I tired to make him to see again*
*But he didn't like to see me again*
*Idon't know what i did against him*
*If anythink i had done, forgive me friend*
*Still i am ready to receive you as my friend*
*Please come back soon.*

# മാനവികതയുടെ പൈതൃകം



പ്രിൻസ് പി. ജോർജ്ജ്
IInd B com

**ലോകം** മനസ്സർപ്പിച്ച ഏഴ് അത്ഭുത സ്മാരകങ്ങളുടെ ചരിത്രത്തിലേക്കും ഇപ്പോഴും അവ്യക്തമായി കിടക്കുന്ന അടരുകളിലേക്കും ഒരു യാത്ര......



### താജ്മഹൽ
(കാലത്തിന്റെ കണ്ണുനീർത്തുള്ളി)

രവീന്ദ്രനാഥ ടാഗോർ താജ്മഹലിനെ കാലത്തിന്റെ കവിളിലെ കണ്ണുനീർത്തുള്ളി എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭാര്യ മുംതാസ് മഹലിന്റെ നിത്യപ്രണയത്തിന്റെ ഓർമ്മയ്ക്കായി 1648ൽ ഷാജഹാൻ പൂർത്തീകരിച്ചത്. ലോകമഹായുദ്ധ കാലത്തും പാക്കിസ്ഥാൻ യുദ്ധകാലത്തും താജിനെ സംരക്ഷിക്കാൻ ഇന്ത്യ പ്രത്യേക നടപടികളെടുത്തിരുന്നു. പരിസരമലിനീകരണം താജ്മഹലിന് ഭീഷണിയാകുന്നുണ്ട്. മുഗൾ വാസ്തു വിദ്യയുടെ ഈ സുന്ദരമാതൃകയിൽ പേർഷ്യൻ, തുർക്കിഷ്, ഇസ്ലാമിക് വാസ്തു വിദ്യകൾ സമന്വയിച്ചിട്ടുണ്ട്.



### വൻമതിൽ
(പ്രതിരോധദുർഗ്ഗം)

മനുഷ്യനിർമ്മിതിയിൽ ലോകത്തിലെ ഏറ്റവും നീളം കൂടിയ രൂപമാണ് വൻമതിൽ. ഇത് നിർമ്മിച്ചതിന്റെ

പ്രധാന ഉദ്ദേശ്യം മംഗോളിയൻ അധിനിവേശം തടയുക എന്നതാ യിരുന്നു. പർവ്വത പ്രദേശങ്ങളിൽ വലിയ കല്ലുകളും നിരപ്പായ പ്രദേശങ്ങളിൽ മണ്ണുമാണ് ഇതിന്റെ നിർമ്മാണത്തിനുപയോഗിച്ചത്. വീടിനും മറ്റുമായി ആളുകൾ കല്ല് ഇളക്കിമാറ്റാൻ തുടങ്ങിയത് മതിലി ന്റെ തകർച്ചയിലേക്ക് നയിച്ചു. ചൈനീസ് വിപ്ലവ കാലത്ത് വർത്താ മാനത്തെ സേവിക്കാൻ ഭൂതകാല ത്തെ അനുവദിക്കൂ എന്ന മുദ്രാവാ ക്യം മതിലിന്റെ തകർച്ചയുടെ ആക്കം കൂട്ടി.

**മക്ചു പിച്ചു**
(ഇൻകകളുടെ നഷ്ടനഗരം)



ഇൻകാസാമ്രാജ്യത്വത്തിന്റെ പതനത്തിനുശേഷം മൂന്ന് നൂറ്റാണ്ടോളം അറിയപ്പെടാതെ കിടന്നതിനാലാണ് ഇതിന് ഈ പേര് കിട്ടിയത്. മിനുക്കിയ കരിങ്കൽ ചുവരുകളോടുകൂടിയ കെട്ടിടങ്ങളാണ് ഇതിന്റെ പ്രത്യേകത. താഴെത്തട്ടിലുള്ള ജനങ്ങൾ ജീവിച്ചിരുന്ന ജനകീയ ജില്ല. ബുദ്ധിജീവികളും ഉയർന്ന തട്ടിലുള്ളവരും വസിച്ചിരുന്ന രാജകീയ ജില്ല, സൂര്യക്ഷേത്രം, വിധവകളുടെ മുറി എന്നിങ്ങനെ ഇതിനെ തരംതിരിച്ചിരിക്കുന്നു.



**കൊളോസ്സിയം**
(ഗ്ലാഡിയേറ്റർമാരുടെ പോർത്തട്ട്)

റോമൻ സാമ്രാജ്യത്തിന്റെ പ്രതീകമായിട്ടാണ് കൊളോസിയം കണക്കാക്കപ്പെടുന്നത് യോദ്ധാക്കളുടെ പ്രകടനം നടത്താനാണ് കൊളോ സിയം ഉപയോഗിച്ചിരുന്നത്. എ ഡി ആറാം നൂറ്റാണ്ടിലാണ് ഇവിടെ അവസാന മായി പ്രകടനം നടന്നത്. നാവിക യുദ്ധത്തിന്റെയും മൃഗവേട്ടയുടെയും പ്രദർശനങ്ങൾ ഇവിടെ നടന്നിരുന്നു. റോമൻ കത്തോലിക്കസഭയ്ക്ക് കൊളോസിയവുമായി ദൃഢബന്ധമുണ്ട്.

**ചിച്ചെൻ ഇറ്റ്സ**
(മായൻ സംസ്ക്കാരത്തിന്റെ ഹൃദയം )



മെക്സിക്കോയിലെ യുക്കറ്റാൻ ഉപദ്വീപിലെ പ്രസിദ്ധമായ ക്ഷേത്ര നഗരം. ഏഴ് ബാൾ ഗെയിം കോർട്ടുകൾ, തടവുകാരുടെ കളിസ്ഥലം, പോരാളി കളുടെ ക്ഷേത്രം തുടങ്ങിയ വാസ്തു ശില്പ മാതൃകകൾ ഇവിടുത്തെ പ്രധാന ആകർഷണങ്ങളാണ്. എ.ഡി. 600ഓട് കൂടിയാണ് ഇത് ചരിത്ര ത്തിന്റെ ചിത്രത്തിൽ എത്തിയത്.



**ക്രൈസ്റ്റ് ദ റഡീമർ**
(മലമുകളിലെ ക്രിസ്തു )

വിടർത്തിയ കൈകളോടെ റിയാനഗര ത്തെ അഭിമുഖീകരിക്കുന്ന 2296 അടി ഉയരത്തിൽ സ്ഥാപിച്ച ക്രിസ്തുവിന്റെ പ്രതിമയാണിത് 1931 ഒക്ടോബർ 12 ന് പ്രതിമ സന്ദർശകർക്കായി തുറന്നു കൊടുത്തു. 2006 ഒക്ടോബറിൽ പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനു ബന്ധിച്ച് പ്രതിമയുടെ താഴെ ഒരു ചാപ്പലും തുടങ്ങി.

**പെട്ര**



റൊക്കം എന്നായിരുന്നു ഇതിന്റെ പണ്ടത്തെ പേര് തലയുയർത്തി നിൽ ക്കുന്ന പാറക്കൂട്ടങ്ങളും ചുറ്റുമുള്ള അരുവികളും ഒരു കോട്ടയുടെ സംര ക്ഷണം പെട്രക്ക് നൽകി പാറക്കെട്ടു കൾക്കിടയിൽ സ്വാഭാവികമായു ണ്ടാകുന്ന ഇടുങ്ങിയ തുരങ്കം ഒരു ആംഫി തിയറ്റർ, നബാറ്റിയൻ ശവകുടീരങ്ങൾ എന്നിവ ഇവിടെ യെത്തുന്ന സഞ്ചാരികളുടെ മനം കവരുന്നു. ഈ ശിൽപങ്ങൾ എല്ലാം തന്നെ ഒരായിരം വർഷം നിലനിൽക്കട്ടെ. പ്രകൃതി ശക്തികളൊന്നും തന്നെ ഇതിനെ തകർക്കാതിരിക്കട്ടെ. വരും തലമുറക്ക് സ്വരുക്കൂട്ടിവെച്ചുകൊണ്ട് എന്നാശംസിക്കുന്നു.

■

ആശംസകളോടെ...

# ഇരിട്ടി ചിറ്റ്സ് ഫൈനാൻസ് & ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്

## ഇരിട്ടി

KCP - XIII/722
Main Road
**IRITTY-670 703**
Ph: 0490-2491485

Emerald Shopping Center
South Bazar
**KANNUR - 2**
Ph: 0497 - 2712505

Nr. Municipal Park
Temple Road
**ALUVA - 683 101**
Ph: 0484 - 2620583

**പ്രതിമാസ ചിട്ടി ആരംഭിച്ചിരിക്കുന്നു.**

പരമാവധി ലേല കിഴിവ് **20%**

**25,000/-, 50,000/-, 1,00,000/-, 5,00,000/-** രൂപ

വിലയുള്ള ചിട്ടികൾ എല്ലാമാസവും തുടങ്ങുന്നു.

**അഡ്വാൻസ് ചിട്ടിക്കുള്ള സൗകര്യം**



**WESTERN UNION**
**മണി ട്രാൻസ്ഫർ**

വിദേശത്തുനിന്നും
മിനിട്ടുകൾക്കകം പണം നേടൂ

പണം ലഭിക്കുമ്പോൾ
ഫീസ് കൊടുക്കേണ്ടതില്ല

സേവനം RBI
അംഗീകാരത്തോടുകൂടിയത്

കൂടുതൽ വിവരങ്ങൾക്കും പണം സ്വീകരിക്കുന്നതിനും ഇരിട്ടി ചിറ്റ്സ് ഓഫീസുമായി ബന്ധപ്പെടുക

# ഭ്രാന്ത്



Roopesh C.P.
Ist DC Computer Science

നല്ലൊരു നട്ടുച്ച ആളിപ്പടരവെ,
നടുറോഡിൽ നിന്നൊരു ഭ്രാന്തൻ ചിരിക്കുന്നു
നഗ്നനാണവൻ; കണ്ടോർ ചിരിക്കുന്നു.
പച്ചയാം നഗരിയിൽ
പച്ചപ്പണത്തിന്റെ നാറ്റം പറുദീസ
നഗരഹൃദയത്തിലെ നക്ഷത്ര ഹോട്ടലിൽ
റെയ്മണ്ട് സ്യൂട്ടിട്ട മാന്യർ നിരങ്ങുന്നു
ശീതളച്ഛായയിൽ മുങ്ങിത്തിമർക്കുന്നവർ, നഗ്ന-
നൃത്തം കണ്ട് കോൾമയിർകൊള്ളുന്നു.
ആരോഗ്യം വിൽക്കും ലോട്ടറി-
ചന്തകളിൽ ആതുരാലയങ്ങൾ
കാലന്റെ കൂട്ടാളർ, വൻ-
തോക്കുകൾ വാണിജ്യം ചെയ്യുന്നു.
കുഴിയില്ലാത്തതൊരിടമില്ലാ റോട്ടിൽ പറക്കും-
പ്രൈവറ്റ് ബസ്സുകൾ മരണ-
കാഹളം മുഴക്കുന്നു.
ടെക്സ്റ്റൈൽ ഷോപ്പിലാകെ നുരയും-
ഫാഷൻ ഭ്രമം
ഷോക്കേൽക്കാൻ ചടയാനായ്;
തറയിൽ നിന്നൊരടി പൊങ്ങി
അവളുമാരൊഴുക്കുന്നു.
ചുണ്ടിൽ ചെഞ്ചായം പൂശി



കവിളിൽ വൈറ്റ് വാഷ് ചെയ്ത്
കടമിഴിയിണകളിൽ അലറും കടലുമായ്
കുണുങ്ങി കൊഞ്ചിക്കൊണ്ട്
പെണ്ണാളർ തിരക്കുന്നു.
തുണിയുണ്ടോ നഗ്നത മറക്കാൻ
നല്ല തിളങ്ങും മോഡൽ വസ്ത്രം
പലത് മറിച്ചിട്ട് ഭാഗ്യം വസ്ത്രം കിട്ടി
സുതാര്യമാം മോഡൽ വസ്ത്രം
പൊതിഞ്ഞു കെട്ടിയത് 'മലയാളി-
മാമകൾ' തറയിളക്കി കടന്നുപോയ്
മാസാന്ത്യ ചെക്കിംഗ്; കൈക്കൂലി വാങ്ങുവാൻ
വിദ്വേഷക്കടൽ ഒതുക്കിക്കൊണ്ട്
മുതലാളി ഇളിക്കുന്നു
തിയേറ്ററിൽ നൂറാംവാരം; ഹോളിവുഡ്
ആക്ഷൻ (നീല) പടം

ബെൻസുകാറിൽ നിര
നഗരം മുടിക്കുന്നു.
ഭക്തിവിൽക്കും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ
തിരക്കാർന്ന ഊട്ടുത്സവം
അവിടെയും പട്ടിണിക്കൂട്ടം, പിന്നെ
സ്പോൺസർമാർ തൻ വിദേശി.
കാറിൻ റാലി
ജനമൊഴുകുന്നു നിളെ
നഗരമേ നിന്നെ കാണാൻ
നിന്റെ കള്ളക്കളി കാണാൻ
ഭ്രാന്തനാർത്തു കൂവി
ഭ്രാന്തൻ തലയ്ക്കല്ല
കത്തിക്കാളിയും വയറ്റിന്
പെറ്റമ്മേ ധരണി, നീ
തരിക, ഒരുപിടി പഴങ്കഞ്ഞി.


ആശംസകൾ

UP to DATE
Hair Dressing & Gents Beautyparlour
New Bus Stand, IRITTY
Ph: 9447684413

ആശംസകൾ

ഫോൺ : 2493079

തലശ്ശേരി താലൂക്ക് മർച്ചന്റ്സ് വെൽഫെയർ
കോ ഓപ്പ്. സൊസൈറ്റി ലിമി. നമ്പർ സി. 1347
പി. ഒ. ഇരിട്ടി

പ്രസിഡണ്ട്
കുഞ്ഞിമൂസ ഹാജി

സിക്രട്ടറി

# അതീന്ദ്രിയതയിലൂടെ.......

(ഓഷോയെക്കുറിച്ച് ..................)



ശ്രീഹരി പദ്മനാഭൻ
IInd DC Com. Sci.

ഓഷോ ബോധോദയം പ്രാപിച്ച ഒരു ആദ്ധ്യാത്മിക ഗുരുവാകുന്നു. 1931 ഡിസംബർ 11ന് മധ്യപ്രദേശിലെ ജബൽപൂർ എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം. സാദകരോടും സുഹൃത്തുക്കളോടുമായുള്ള തന്റെ 30 സംവത്സരത്തോളം നീണ്ടു നിന്ന സംഭാഷണങ്ങളിൽ, ഓഷോ അവരുടെ അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ലോക പ്രശസ്തരായ ഋഷിവര്യൻമാരുടെ തത്വോപദദേശങ്ങളെക്കുറിച്ച് സംസാരിക്കുകയും പതിവായിരുന്നു. ആ ഉൾക്കാഴ്ചകൾ എല്ലാറ്റിലും നവീനമായ ഉൾക്കാഴ്ചകൾ നൽകിക്കൊണ്ടിരുന്നു. ഗൗതമബുദ്ധനെക്കുറിച്ച് ഓഷോ സംസാരിക്കുന്നുവെങ്കിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സെൻ നൽകുന്ന അനന്യവിജ്ഞാനം പ്രസരിപ്പിക്കുന്നതിനുവേണ്ടിയാണ്. ആദി സംസ്കൃതപദമായ ധ്യാനഹിന്റെ തത്തുല്ല്യ പദമത്രെ സെൻ. അദ്ദേഹം പറയുന്നു, സെൻ മാത്രമാണു കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ച, ഇന്നും സമകാലീന മാനവിക സമൂഹത്തിൽ പ്രശസ്തമായിരിക്കുന്ന മനുഷ്യന്റെ ആന്തരിക ജീവിതത്തെ സംബന്ധിച്ച ഒരേയൊരു ആധ്യാത്മിക പാരമ്പര്യം.

ഗൗതമബുധന്റെ വാക്കുകളെക്കുറിച്ച് ഓഷോ സംസാരിക്കുന്നു. നിങ്ങൾ സ്വന്തമായി അറിഞ്ഞിട്ടില്ലയെങ്കിൽ നിങ്ങൾക്ക് ഒന്നു മറിയില്ല. നിങ്ങൾക്ക് വിജ്ഞാനം കടം വാങ്ങാം, അങ്ങനെ അറിവിന്റെ കേദാരമായി



മാറാം എന്നാൽ നിങ്ങളൊരു ദാർശനിക നാവുന്നില്ല. നിങ്ങളുടെ മനസ്സിന്റെ അഗാധതയിലെപ്പോഴും അജ്ഞത നിലനിൽക്കും. ധ്യാനത്തിന്റെ അവസ്ഥയിലെത്തിച്ചേരാൻ ഓഷോ പറയുന്നു. മനുഷ്യനെന്നാൽ ശരീരമോ മനസ്സോ അല്ല. മനുഷ്യനെന്നാൽ ആന്തരികാവബോധമാണ്. അതിനു ശരീരത്തെയും മനസ്സിനേയും വീക്ഷിക്കാൻ കഴിയും. നിങ്ങളുടെ വ്യക്തിത്വത്തിന്റെ ഔന്നത്യത്തിലേക്ക് നിങ്ങളുടെ ഭാഗധേയത്തിന്റെ ഉത്കൃഷ്ടാവസ്ഥയിലേക്ക് നിങ്ങൾക്കുയരുവാൻ സാധിക്കുകയാണ്.

ഓഷോ 1974ൽ പൂനയിൽ സ്ഥിരതാമസമാക്കുകയും ലോകമെമ്പാടുമുള്ള ശിഷ്യഗണങ്ങളും സുഹൃത്തുക്കളും അദ്ദേഹത്തിനു ചുറ്റും ഒത്തുകൂടി അദ്ദേഹത്തിന്റെ ഭാഷണങ്ങൾ ശ്രവിക്കുന്നതിന് ആധുനിക മനുഷ്യനുവേണ്ടി അദ്ദേഹം ആവിഷ്കരിച്ച ധ്യാനരീതികൾ പരിശീലിക്കുന്നതിനു വേണ്ടിയായിരുന്നു അവരെത്തിയത്. 1990 ജനുവരിയിൽ കുടിയേറ്റ നിയമലംഘനമാരോപി യു. എസ്. ഗവൺമെന്റ് അദ്ദേഹത്തെ തടവിലിടുകയും അവിടെവെച്ച് യു. എസ്. ഏജന്റുകൾ ചെലുത്തിയ വിഷത്തിന്റെ ഫലമായി അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു.

വർഷം തോറും ലോകമെമ്പാടുമുള്ള ആയിരക്കണക്കിനു സാധകർ ഓഷോയുടെ ബുദ്ധാഫീലിഡിൽ ഒന്നിച്ചുകൂടി ധ്യാനത്തിന്റെയും ആഘോഷത്തിന്റെയും അനുഭവത്തിനായി വന്നു ചേരുന്നു. കമ്മ്യൂൺ പരിസരമാകെ വിശാലമായ ഉദ്യാനവും പൊയ്കകളും രമ്യമനോഹരഹർമ്മ്യങ്ങളും തൂവെള്ള രാജഹംസങ്ങളെയും പിരമിഡുകളും കൊണ്ട് നിറഞ്ഞു നിൽക്കുന്നു. ഇത്തരത്തിലുള്ള ശാന്തസമഞ്ജസമായ അന്തരീക്ഷം ആന്തരീകശാന്തി ആമോദത്തോടെ അനുഭവിച്ചറിയുന്നത് എളുപ്പമാക്കി തീർക്കുന്നു.

ഓഷോ ......

ഒരിക്കലും ജനിക്കുകയുണ്ടായില്ല
ഒരിക്കലും മരിക്കുകയുണ്ടായില്ല

1931 ഡിസംബർ 11നും 1990 ജനുവരി 19നുമിടയിൽ ഭൂമി ഈ ഗ്രഹം സന്ദർശിക്കുക മാത്രം ചെയ്തു......



# വേഴാമ്പൽ

ശ്രീലേഷ്
I MSC Maths

മഞ്ഞുതുള്ളിപോലെ ആർദ്രമാം എൻ മനസിന്റെ
സ്പന്ദനങ്ങളെ നിന്റെ നെഞ്ചോട് ചേർത്ത്
നീയെനിക്കൊരു പ്രണയകാവ്യം കാതിൽ ചൊല്ലിത്തന്നു
എന്റെ മൗനാനുരാഗങ്ങൾക്കു നീ
വർണ്ണച്ചിറകുകൾ തന്നു.................
രാത്രിയുടെ ഏകാന്തതയിൽ ഉദയസൂര്യന്റെ
പൊൻകിരണങ്ങൾക്കായി കൊതിച്ചു ഞാൻ,
രാവിന്റെ നനുത്ത സ്പർശമുള്ള നിന്റെ സാമീപ്യത്തിനായി
പ്രണയാർദ്രമാം എൻ മനസ്സിന്
വിണ്ണിലെ നക്ഷത്രങ്ങൾ കളിക്കൂട്ടുകാരായ്
കഥകൾ പറഞ്ഞും കവിതകൾ മൂളിയും
രാവെത്ര കഴിഞ്ഞെന്ന് ഞാനറിഞ്ഞില്ല
നിന്റെ കവിതകളിലൂടെയും കഥകളിലൂടെയും

ഞാനീ പ്രപഞ്ചത്തിന്റെ താളമറിഞ്ഞു
കാലത്തിൻ നീരൊഴുക്കിൽ ഞാനറിഞ്ഞു
എൻ മോഹങ്ങൾ ചിറകറ്റുവീഴുന്നതായ്
ഇന്നെന്റെ രാത്രികളിൽ നിൻമുഖം ഏതോ
അവ്യക്തരൂപത്തെപ്പോലെ നിലവിളിക്കുന്നു
മറവിയുടെ ജാലകം നീ തുറക്കുമ്പോൾ
എന്നിലെ പ്രണയാർദ്രമാം മനസിന് ഞാൻ മാത്രമായി



*With best compliments from :*

# PUNNAD SERVICE CO-OP. BANK LTD.

**No. LL 57, PUNNAD, Ph: 2433326**

***Branchs :*** Iritty, Ph: 2493626, Iritty Evening, Ph : 2494165

*Head Office & Branches are fully computerised.*

*Business Hours : 10 am to 3.30 pm.*
*Ev. Branch 1.30 pm to 7 pm.*

*Gold loans up to 3 Lakhs lowest rate of interest.*

*Offers 2% Higher Interest on Deposit than Commercial & Nationalised Banks.*

*Evening Branch Working Sunday also*

*Loans for Agrictural & Non Agricultural Purposes*

**JANARDHANAN. P.K.**
*Prisident*

**RAJEEV. K.C.**
*Secretary*

# കാഴ്ചകൾക്കുമപ്പുറം

*പ്രകൃതിയുടെ മുഖസൗന്ദര്യങ്ങൾ നഷ്ടപ്പെടുമ്പോൾ വിദേശികളെ ആകർഷിക്കനായി കണ്ടൽക്കാടുകളും മറ്റും വച്ചു പിടിപ്പിക്കേണ്ടിവരുന്ന ഗവർമെണ്ടിന്റെ അവസ്ഥകൾ... ആ അവസ്ഥകൾ മനസ്സിലാക്കി നിലനിൽക്കുന്ന കുന്നിൻചെരിവിലെ പച്ചയാർന്ന പുൽപ്പരപ്പുകളേയും പുൽച്ചാടികളേയും തേടിയുള്ള യാത്ര...*

ക്ലാസ്സ് മുറിയുടെ നാല് ചുമരുകളിൽ നിന്ന്, ചിരപരിചിതമായ ക്യാമ്പസ്സിനിടനാഴിയിൽ നിന്ന്, പുസ്തകത്താളിലെ സംഘട്ടനങ്ങളിൽ നിന്ന് നഗരത്തിലെ തിരക്കുകളിൽ നിന്നൊഴിഞ്ഞ്, ഭൂമിയുടെ ഹൃദയത്തിലേക്കിറങ്ങി, പ്രകൃതിയുടെ പല്ലക്കിലേറി വനസൗന്ദര്യം നുകരാൻ മലയും പുഴയും താഴ്‌വരയും അരുവികളും സമ്മാനിച്ച പ്രകൃതിയുടെ മടിത്തട്ടിലേക്ക്...... തനിക്കായി ഒന്നും അവശേഷിപ്പിക്കാതെ മാനവരാശിക്കായി എല്ലാം സമർപ്പിച്ച പ്രകൃതി ഇന്നൊരു സംഹാരരൂപിണിയായി താണ്ഡവമാടുമ്പോൾ അതിനോട് കിടപിടിച്ച് ജീവിക്കാൻ ബദ്ധപ്പെടുന്ന ഒരു കൂട്ടം മനുഷ്യർ.

ഇരിട്ടി എം. ജി. കോളേജിന്റെ ഭാഗമായുള്ള എൻ. എസ്. എസ്. ക്യാമ്പ് അങ്ങാടിക്കടവ് ഹൈസ്കൂളിൽ 22/12/2006 മുതൽ 01/01/2007 വരെ നടന്നു. ക്യാമ്പ് വളരെ മനോഹരമായിരുന്നു, പക്ഷേ, അതിലുപരി ക്യാമ്പിൽ പങ്കെടുത്ത ഏകദേശം 50ൽ പരം വിദ്യാർത്ഥികൾക്കും, അദ്ധ്യാപകൻമാർക്കും ഒരു നവാനുഭൂതി പകരാൻ ക്യാമ്പിന്റെ ഭാഗമായുള്ള ട്രക്കിങ്ങിന് കഴിഞ്ഞു എന്നുള്ളത് പരമാർത്ഥമാണ്.

ക്യാമ്പ് ഡയറക്ടർ ബിജു സാറിന്റെ നിർദ്ദേശപ്രകാരം എല്ലാവരും നേരത്തേ



തന്നെ കിടന്നുറങ്ങി, കാരണം പിറ്റേദിവസം രാവിലെ തന്നെ ട്രക്കിങ്ങിന്റെ ഭാഗമായി

യാത്ര ചെയ്യേണ്ടതാണ്. ട്രക്കിങ്ങിന്റെ ആവേശത്താൽ എല്ലാ വിദ്യാർത്ഥികളും രാവിലെ 5 മണിക്കു തന്നെ എഴുന്നേറ്റു. ബ്രേക്ക്ഫാസ്റ്റിനു ശേഷം ട്രക്കിങ്ങിനുള്ള തയ്യാറെടുപ്പായി. വിദ്യാർ ത്ഥികളും അദ്ധ്യാപകൻമാരും 3 ജീപ്പുക ളിലായി അങ്ങാടിക്കടവ് സ്കൂളിൽ നിന്നും ഏകദേശം 7 കിലോമീറ്റർ സഞ്ചരിച്ച് ട്രക്കിങ്ങ് ആരം ഭിക്കുവാനുള്ള സ്ഥല ത്തെത്തി. ട്രക്കി ങ്ങിന്റെ അനുഭവം നുകരാൻ വേണ്ടി ആവേശത്തോടെ 29-ാം തീയ്യതി ഏകദേശം 9.30ഓടെ യാത്ര ആരംഭിച്ചു. പൂർവ്വവിദ്യാ ർത്ഥികളുടെയും നാട്ടുകാരുടെയും സാന്നിധ്യം ഏറെ ആശ്വാസദായകമായി രുന്നു. പാലത്തിൻകടവ് എന്ന സ്ഥലത്തു നിന്ന് ഏകദേശം 3 മണിക്കൂർ കാട്ടിലൂടെ സഞ്ചരിച്ച് ബാണാഹിൽ എന്ന സ്ഥലത്തേ ക്കാണ് ട്രക്കിങ്ങ് നിശ്ചയിച്ചിരുന്നത്. വിദ്യാർത്ഥികൾ 3 ഗ്രൂപ്പുകളായി തിരിഞ്ഞ് അദ്ധ്യാപകർക്കും നാട്ടുകാർക്കു മൊപ്പം യാത്രതിരിച്ച് കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ വളരെ ശ്രദ്ധിക്കണമെന്നും ചിലപ്പോൾ വന്യമൃഗങ്ങളെ കാണാമെന്നും ബാണാഹിൽ സ്വർഗ്ഗീയാനുഭൂതി നൽകുന്ന ഒരു പ്രദേശമാണെന്നും ചിരപരിചിതരായ നാട്ടുകാർ അഭിപ്രായപ്പെട്ടു.

വിദ്യാർത്ഥികൾ, യാത്രതിരിച്ചതിന്റെ സന്തോഷത്തിലും, ട്രക്കിങ്ങിന്റെ ആവേശത്തിലും പാട്ടുകൾ പാടിയും നർമ്മസംഭാഷ ണതിലേർപ്പെട്ടും നടന്നു നീങ്ങി. ഫോറസ്റ്റിൽ എത്തിച്ചേരുന്നതിനു മുമ്പായി ഫോറസ്റ്റിന്റെ ഭാഗമായുള്ള വഴിയിലൂടെ ഏകദേശം ഒരു കിലോമീറ്റർ കുന്നും മലയും കയറി സഞ്ചരിക്കണമായിരുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ആദ്യമുള്ള ആവേശം കുറച്ചു കുറച്ചായി ചോർന്നു പോകുന്നത് ഒരു വലിയ കുന്നുകയറുമ്പോൾ തന്നെ മനസ്സിലായിരുന്നു. നാട്ടുകാർ കുറച്ചുദൂരം മാത്രമേയുള്ളു എന്ന് പറഞ്ഞ് ആശ്വസിപ്പിച്ചു. എന്നാൽ ഫോറസ്റ്റിലൂടെ മാത്രം ഏകദേശം 3 മണിക്കൂർ യാത്രചെയ്യണമായിരുന്നു. അവസാനം ഫോറസ്റ്റിന്റെ കവാടത്തിനു മുൻപിലായി വിദ്യാർത്ഥികൾ അൽപ സമയം വിശ്രമിച്ചു. പിന്നീട് നാട്ടുകാർ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നിർദ്ദേശം നൽകി. കാട്ടിലൂടെ തന്നെ ഏകദേശം 3 മണിക്കൂർ സഞ്ചരിക്കണമെന്നും, അതിനാൽ വിദ്യാർത്ഥികൾ വളരെയധികം സൂക്ഷിച്ച് സംഘം ചേർന്ന് യാത്രചെയ്യണമെന്നും ശബ്ദമുണ്ടാക്കാതെ പോയാൽ വന്യമൃഗങ്ങളെ കാണാമെന്നും പറഞ്ഞു.

ഫോറസ്റ്റിനു മുമ്പായി വന്യമൃഗങ്ങൾ ഫോറസ്റ്റിനു വെളിയിൽ കടക്കാതിരിക്കാൻ ഒരു വലിയ വേലി കെട്ടിയിരുന്നു. അതിനിടയിലൂടെ ഇഴഞ്ഞുവേണം ഫോറസ്റ്റിലേക്കു കടക്കാൻ. ഡിസം ബർ മാസമായതിനാൽ ഫോറസ്റ്റിൽ കടന്നതിനു ശേഷം നല്ല തണുപ്പ് അനുഭവപ്പെട്ടു. ഫോറസ്റ്റിലൂടെ ഒറ്റയടിപ്പാത മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിദ്യാർത്ഥികളും അദ്ധ്യാപകരും വരിവരിയായി ഫോറസ്റ്റിലൂടെ യാത്ര ആരംഭിച്ചു. പലർക്കും വനത്തിന്റെ യഥാർത്ഥ സൗന്ദര്യം എന്തെന്നും, അരുവി, ശീതളമായ കാറ്റ് ഇവയുടെ സൗന്ദര്യം എന്തെന്നും അനുഭവിക്കാൻ അപ്പോൾ മാത്രമേ കഴി ഞ്ഞുള്ളൂ എന്നത് പരമാർത്ഥമാണ്. വനാന്തരത്തിലൂടെയുള്ള യാത്ര വളരെ ദുർഘടമായിരുന്നു. മരത്തിന്റെ വേരുകളിലും, കല്ലുകളിലും തട്ടിയും തടഞ്ഞും യാത്ര ചെയ്യണമായിരുന്നു. ഏകദേശം ഒരു മണിക്കൂർ യാത്ര ചെയ്തതിനു ശേഷം ഒരരുവിയുടെ കരയിൽ എല്ലാവരും ഒരുമിച്ചു. അതിനുശേഷം കയ്യിൽ ശേഖരിച്ച ഭക്ഷണം കഴിക്കാൻ തുടങ്ങി. കുടിക്കാനായി അരുവിയിലെ നിർമ്മലമായ ജലം ശേഖരിച്ചു. കാട്ടരുവിയുടെ സുഖശീതളിമ ഹൃദയഹാരി

യായിരുന്നു. ഭക്ഷണത്തിനു ശേഷം എല്ലാവരും അൽപസമയം വിശ്രമിച്ചു. ഇനിയുള്ളതാണ് യഥാർത്ഥ ബാണമല കയറ്റം എന്ന് നാട്ടുകാർ സൂചിപ്പിച്ചു.

വിശ്രമത്തിനു ശേഷം വീണ്ടും എല്ലാവരും യാത്ര തുടങ്ങി. ആദ്യം ആവേശത്തോടെ മുന്നിൽ നടന്ന വിദ്യാർത്ഥികൾക്ക് അവേശം കുറഞ്ഞു കുറഞ്ഞു വന്നു. കാരണം, വളരെ ദുർഘടമായിരുന്നു യാത്ര. കുത്തനെയുള്ള കുന്നായതിനാൽ ശ്രദ്ധയൊന്നു പതറിയാൽ, ചുവടൊന്നു പിഴച്ചാൽ അപകടം തീർച്ച. കൈയ്യിൽ വടികൾ കരുതിയും, പരസ്പരം സഹായിച്ചും ഒറ്റയടി പാതയിലൂടെ നിരങ്ങി വീണ്ടും യാത്രയായി. പകുതി വഴിയെത്തിയപ്പോഴേക്കും ഇതുവരെ ചെറുകുന്നും കയറാത്തവർക്ക് പിന്നീട് വഴിയിൽ നിന്ന് പോയെന്ന് പറഞ്ഞാൽ മതി. തനിക്ക് കുന്നും മലയൊന്നും കയറേണ്ട എന്നും, ഞാൻ ഇരുന്നോളാം എന്നും, തിരിച്ചു പോകാം എന്നും പലരും അഭിപ്രായപ്പെട്ടു. കാരണം യാത്ര വളരെ ദുർഘടമായിരുന്നു. ബാണമല എത്തുന്നതിനു മുമ്പായി പല വിദ്യാർത്ഥികൾക്കു, ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടു, എന്നാലും ലക്ഷ്യബോധത്തോടുകൂടി വിദ്യാർത്ഥികൾ മറ്റുള്ളവരുടെ സഹായത്തോടുകൂടി യാത്രയായി. ഏകദേശം 3 മണിക്കൂർ യാത്രക്കൊടുവിൽ ബാണമലയിൽ എത്തിച്ചേർന്നപ്പോൾ മാത്രമാണ് ഈ യാത്രയിലൂടെ പ്രകൃതിയുടെ യഥാർത്ഥ സൗന്ദര്യം ആസ്വദിക്കാൻ കഴിഞ്ഞത്., കാരണം അത്രമാത്രം ഹൃദയഹാരിയായിരുന്നു ആ മല. വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റും തങ്ങൾ സഞ്ചരിച്ച കേട്ടറിഞ്ഞ വഴികളുടെ ചരിത്രങ്ങൾ ഇല്ലതാക്കും വിധമായിരുന്നു പ്രകൃതിയുടെ ഈ മുഖം. പ്രകൃതിയെ അറിയാനും പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കാൻ കഴിഞ്ഞതും ആ നിമിഷാർദ്ധത്തിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു സ്വർഗ്ഗീയാനുഭൂതിയാണ് വിദ്യാർത്ഥികൾക്ക് അവിടെ നിന്ന് ലഭിച്ചത്. ബാണമലയുടെ നെറുകയിൽ നിന്ന് സദാ ചലിക്കുന്ന ഇരിട്ടി പുഴയും ഇരിട്ടി പട്ടണവും വ്യക്തമായി കാണാൻ കഴിയുമായിരുന്നു. ഇന്ദ്രിയാനുഭൂതി പകരുന്ന ഈ പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ കഴിഞ്ഞ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ലോകം കീഴടക്കിയ ചാരിതാർത്ഥ്യമാണ് ലഭിച്ചത്. ബാണമലയുടെ സൗന്ദര്യം ആസ്വദിക്കുമ്പോഴേക്കും മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങിയിരുന്നു. ഭക്ഷണത്തിനു ശേഷം കുറച്ചു വിദ്യാർത്ഥികൾ യാത്രയായി. കുറെസമയം ആ മലയിൽ ചിലവഴിച്ച വിദ്യാർത്ഥികൾക്ക് തിരിച്ചു പോരാൻ വലിയവിഷമം മുണ്ടായിരുന്നു. ഞങ്ങൾ ഇവിടെ നിന്നും എങ്ങോട്ടും ഇല്ല എന്ന് കുറേപ്പേർ അഭിപ്രായപ്പെട്ടു. രാത്രിയാകും മുൻപേ തിരിച്ച് എത്തേണ്ടതിനാൽ തിരികെ മടങ്ങാനുള്ള തയ്യാറെടുപ്പായി.

മലകയറിയതിനേക്കാൾ വിഷമം ഇറങ്ങാനാണെന്ന് പലർക്കും അപ്പോഴാണ് മനസ്സിലായത്. എല്ലാവരും കയ്യിൽ ഒരു വടി കരുതിയിരുന്നു, വടികുത്തി വാർദ്ധക്യത്തിലേക്ക് പിച്ചവെച്ച ഞങ്ങളോട് സാവധാനം മാത്രമേ ഇറങ്ങാൻ പാടുള്ളൂ എന്ന് നാട്ടുകാർ നിർദ്ദേശം നൽകി. പലരും യാത്രക്കിടയിൽ ചരളിൽ വഴുതിയും വേരുകളിൽ തട്ടിയും വീണിരുന്നു. ഞാനൊന്നുമറിഞ്ഞില്ലേയെന്ന നിലയിൽ 'വീണിടം വിഷ്ണുലോകമാക്കി' ഞങ്ങൾ നടന്നു. വഴുതിവീഴുന്നയാളുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. ഒരാൾ വീണാൽ മറ്റുള്ളവർ ചിരിക്കാൻ ശ്രമിക്കില്ല, കാരണം ചിരിക്കുന്നതിനിടയിൽ അയാളും വീഴുമായിരുന്നു., അതിനാൽ പല വിദ്യാർത്ഥികളും കുന്നിറങ്ങാൻ 'വളരെ കുറഞ്ഞ സമയം' മാത്രമേ എടുത്തിരുന്നുള്ളൂ. ഒന്നിനു പിറകെ ഒന്നായി പരക്കെ വീഴലായിരുന്നു പിന്നീടവിടെ നടന്നത്. ചിലർ ഇതൊരു

മത്സരമായി എടുത്തു, മറ്റു പലരും ഇതൊരു കരാറാക്കിയിരുന്നു. അദ്ധ്യാപകർ വിദ്യാർത്ഥികൾക്കൊപ്പം നടന്നില്ല, കാരണം വിദ്യാർത്ഥികളുടെ മുന്നിൽ നിന്ന് വീണാൽ നാണക്കേടല്ലെ. ബിജു സാറും രജീഷ് സാറും വളരെ പുറകിലായിരുന്നു യാത്ര. അവർ സഞ്ചാരത്തിനിടയിൽ എത്ര തവണ വീണു എന്ന് ദൈവത്തിനു മാത്രമറിയാം. ഞങ്ങൾ അവസാനം വളരെ ക്ഷീണിച്ച് പോയ വഴിയിലൂടെ യാത്ര ചെയ്ത് പാലത്തിൻ കടവ് എന്ന സ്ഥലത്തെത്തി. അപ്പോഴേക്കും അസ്തമയ സൂര്യൻ കടലിന്നഗാധതയിലേക്ക് ഊളിയിട്ടിരുന്നു. പോയതുപോലെ 3 ജീപ്പുകളിലായി പാലത്തിൻ കടവിൽ നിന്നുമങ്ങാടിക്കടവ് ഹൈസ്കൂളിൽ തിരിച്ചെത്തി. പലർക്കും തിരിച്ചെത്തിയതു മാത്രമേ ഓർമ്മയുണ്ടായിരുന്നുള്ളൂ. കുറച്ചു പേർ കുളിച്ചതിനു ശേഷം ഭക്ഷണം കഴിച്ചു, എന്നാൽ കുറച്ചുപേർ ഭക്ഷണത്തിനു മുമ്പു തന്നെ ഉറങ്ങിയിരുന്നു.

ക്യാമ്പിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ട്രക്കിങ്ങ് ജീവിതത്തിലെ വലിയ അനുഭവമായി നിലനിൽക്കും എന്നത് പരമാർത്ഥമാണ്. ഈ ക്യാമ്പിൽ നിന്നും ലഭിച്ചത് പരസ്പര സഹായത്തിന്റേയും സ്നേഹത്തിന്റേയും കഠിനാദ്ധ്വാനത്തിന്റേയും ആത്മവിശ്വാസത്തിന്റേയും ബാലപാഠങ്ങളാണ്. കാടുകളും പുഴകളും അന്യംനിന്നു പോകുന്ന ഈ സമൂഹത്തിൽ നാളത്തെ തലമുറയ്ക്ക് നാം നീക്കി വെക്കേണ്ടതെന്താണ്? നഷ്ടങ്ങളുടെ നീണ്ട കണക്കുകൾ മാത്രം. വരും തലമുറകൾക്ക് ഉത്തരം കിട്ടാത്ത ഒരു കടങ്കഥ മാത്രമാകുമോ ഈ ബാണമല കയറ്റം! പ്രകൃതിയുടെ വശ്യ സൗന്ദര്യം കാണാനും അനുഭവിക്കാനും അവസരം ഒരുക്കിത്തന്ന ബിജുമോൻ സാറിനും ശ്രീജിത്തിനും നന്ദി അറിയിക്കുന്നു. ഇത് വരും തലമുറയ്ക്കു വേണ്ടി കരുതി വെക്കാൻ ഭാരിച്ച ചുമതലയുണ്ട്. ഇനിയും ജീവിത ത്തിൽ ഇതു പോലെയുള്ള നല്ല അവസരങ്ങൾ ലഭിക്കാൻ ഓരോ വിദ്യാർത്ഥികൾക്കും കഴിയട്ടെ എന്ന് ഈശ്വരനോടു പ്രാർത്ഥിക്കാം. ■

(തയ്യാറാക്കിയത് : സരിന, മേഘ, സൂരജ്)

ആശംസകളോടെ....

സ്വാദിഷ്ടമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്....

**ഹോട്ടൽ ശാന്തിസാഗർ**

**ഇരിട്ടി.**

സഹോദരസ്ഥാപനം :

**ശാന്തി റെഡിമെയ്ഡ്സ്**

**ന്യൂ ബസ്സ്റ്റാന്റ്, ഇരിട്ടി.**

കവിത

# രാത്രിമഴ



വിപിൻ ടി.എം.
I BCom.

ഏതോ.... രാവിന്റെ മടിശ്ശീലയിൽ
നിലാവിന്റെ കയ്യിൽ മയങ്ങും നേരം
കുളിരായ് കൂട്ടായ് നിൻ രാഗവുമായി
രാത്രി മഴയെ... നീ വരുമോ
നിന്നെക്കുറിച്ചുള്ളയെന്നോർമ്മകളിൽ
മനസ്സിന്റെ ഏകമാമുൾത്തണലിൽ
നീയന്റെ സ്വാന്തനരാഗമല്ലേ.......യെൻ..
മനസ്സിന്റെ ശോകമാം ഗാനമല്ലേ.
മറവിതൻ ഏകാന്തലോകത്തിലായ്
മറഞ്ഞിരിക്കുമെൻ കഴിഞ്ഞകാലം
നീയാകും രാഗമെനിക്കു നൽകി- ആ
ഒറ്റയ്ക്കിരിക്കുന്ന നേരമതിൽ മനസ്സിലെ
കവിതയുണ്ണത്തീടുവാൻ മിന്നലിൻ കൂട്ടുമാ
യെത്തുന്നു നീ ഞാൻ കാത്തിരിക്കുന്ന നേരമതിൽ
ജാലക വക്കിലിരുന്നു കൊണ്ട് ഞാൻ
നിന്നെ നോക്കി പുഞ്ചിരിച്ചു
മിന്നൽ തൻ ചുണ്ടിലായ് നീ ചിരിച്ചു
പിന്നെ ഏതോ ദിക്കിലായ് നീ മറഞ്ഞു.

# നിൻ ഓർമ്മകളെ താലോലിച്ച്....

Preethimol
1st DC, Computer Science.

പ്രക്ഷുബ്ധമായ സാഗരത്തിൽ ഉലയുന്ന ജീവിതനൗക. എന്നാൽ പൂവിലുള്ളതെല്ലാം നിറം മങ്ങിയ പ്രതീക്ഷകൾ മാത്രം. വികാരങ്ങളുടെ വേലിയേറ്റം നിറഞ്ഞ മനസ്സിന് സ്നേഹാദ്രമായ തൂമന്ദഹാസം ആശ്വാസമായെത്തി. ഇരുളിൻ കയങ്ങളിൽ അകപ്പെട്ട എന്റെ മാനസത്തിൽ സ്നേഹമാം നിലാവെത്തി നോക്കി. വിഷാദപൂർണ്ണമായ എന്റെ മുഖം പൂർണ്ണചന്ദ്രനെപ്പോലെ ശോഭിച്ചു. പാതിയണഞ്ഞ മിഴികളിൽ അണയാദീപമായ്, എന്റെ മനസ്സിന്റെ ശ്രീകോവിൽ ഞാൻ നിനക്കായി തുറന്നുതന്നു. പടുതിരിയായിരുന്ന വിളക്കുകൾ സൂര്യശോഭയായി. നിന്റെ സാന്ത്വനങ്ങൾ എന്റെ ആത്മാവിൻ പുസ്തകത്താളിൽ ഒരു മയിൽപ്പീലിത്തുണ്ട് പോലെ ചേർത്ത് വെച്ചു. ജീവിത യാഥാർത്ഥ്യത്തിൽ എനിക്ക് ലഭിക്കാത്ത സ്നേഹം, വാത്സല്യം അതായിരുന്നു എനിക്ക് നീ. കാലയവനികയ്ക്ക് പിന്നിൽ ജീവിതമാം പാവക്കൂത്ത് ആടിത്തിമിർക്കുമ്പോൾ എന്റെ സൂത്രധാരനായ് നീയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. മോഹങ്ങളാം ചില്ലയിൽ സ്നേഹം കൊണ്ട് കിളിക്കൂട് കെട്ടി. അതിൽ ഇണപ്രാവുകളായി കുളിരിൽ കുറുകുമ്പോഴും മറഞ്ഞു തുടങ്ങിയ നിലാവിൽ നനുത്ത തെന്നലിൽ സുഖം ആസ്വദിക്കുമ്പോഴും വലിയൊരു പേമാരിയെ ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷെ ആ പേമാരിയുടെ കുത്തൊഴുക്കിൽ നീ ഇല്ലാതായിത്തീരുമെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. നീ എന്നിൽ നിന്നും മറയുന്നതിന് മുമ്പ് ഞാൻ നിന്നരികിലെത്തി. മനസ്സിൻ കണ്ണാടിയാൽ ഹൃദയത്തിൻ തേങ്ങൽ ഞാൻ മറച്ചുവെച്ചു. നിറം മങ്ങിയ നിൻ മിഴികൾ അപ്പോൾ ഈറനണിഞ്ഞു. എന്റെ മാനസതന്ത്രിയിലെ വീണക്കമ്പികളുടെ ദീനരോദനത്തിന് കടിഞ്ഞാണിടുവാൻ എനിക്ക് സാധിച്ചില്ല. വിരഹത്തിൻ നോവ്, അത് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. തീരത്തെ ചുംബിച്ച് മടങ്ങുന്ന തിരയെപ്പോലെയോ വിരഹാർദ്രയായ ചക്രവാകിയെപ്പോലെ അല്ലായിരുന്നു ഞാൻ. അവർക്ക് ഒരു പ്രതീക്ഷയുണ്ടായിരുന്നു. എരിഞ്ഞൊടുങ്ങിയ ചിത പോലെയായിരുന്നു എനിക്ക് ആ പ്രതീക്ഷ പക്ഷെ നീ മറഞ്ഞാലും നിൻ ഓർമ്മകളെ താലോലിച്ച്, നിന്റെ സ്നേഹത്തിന്റെ സാന്ത്വനത്തിന്റെ പ്രതീകമായി ഈ ഭൂമിയിൽ ഏകാകിയായ് ജീവിക്കുവാൻ ഞാൻ വിധിക്കപ്പെട്ടു. ഏകാന്തതയുടെ താഴ്വരയിലിരുന്നാ രോ എന്നോടായ് മന്ത്രിച്ചു. നീ വീണ്ടും ഏകാകിയായ്......

# അസ്തമിക്കുന്ന യുവത്വം



ജ്യോതിഷ് പി.വി.
II DC Maths

എല്ലാ അതിരുകളും ഭേദിച്ച് സമൂഹത്തോട് അലിഞ്ഞ് ചേരുകയും ആ സമൂഹത്തെ സ്നേഹിക്കുകയും അനീതികൾക്കെതിരെ തന്റെ വാക്കുകൾകൊണ്ട് ഉത്തരങ്ങൾ നൽകി അനീതികൾ കാണിക്കുന്നവരെ പരാജയപ്പെടുത്തുകയും ചെയ്യുന്നവനാണ് യഥാർത്ഥ യുവാവ്.



നിശബ്ദമായ മനസ്സുമായി ജീവിതം മുഴുവൻ ആസ്വദിച്ച് ജീവിച്ചാൽമാത്രം ഒരു മനുഷ്യജന്മം പൂർണ്ണമാകില്ല. ഒരു വ്യക്തിയെ സംബന്ധിച്ചടത്തോളം മനസ്സിന്റെ വളർച്ചയാണ് അയാളുടെ എല്ലാ പ്രവൃത്തികളിലും തെളിഞ്ഞുകാണേണ്ടത്. അതുകൊണ്ടുതന്നെ സമൂഹത്തെ സ്നേഹിക്കേണ്ടതും അതിന് ജീവൻ നൽകേണ്ടതും യുവാക്കളാണ്. ഇന്ത്യൻ ജനതയുടെ രക്തം ഊറ്റിക്കുടിച്ച ബ്രിട്ടീഷ് സാമ്രാജ്യത്തോട് പോരാടി, ഇന്ത്യാ മഹാരാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്ന ധീരന്മാരായ സമരനായകന്മാർ അന്ന് കൊട്ടിഘോഷിച്ചത് ഇന്ത്യൻ യുവത്വത്തിന്റെ സൂര്യതേജസ്സിനെയാണ്. കത്തിജ്വലിക്കുന്ന ആയുധധാരിയായ ബ്രിട്ടീഷ്കാരന്റെ മുന്നിൽ തന്റെ രക്തം കൊണ്ട് ഉത്തരം പറഞ്ഞ ഇന്ത്യൻ യുവത്വത്തെക്കുറിച്ച് ! ആ യുവത്വസൂര്യതേജസ്സ് തന്നെയാണ് കേരളത്തിലെ യുവാക്കളിലും അലയടിക്കുന്നത്. ഇന്നത്തെ യുവാക്കൾ സ്വയം നശിച്ചുകൊണ്ടിരിക്കുകയാണ്. അവരറിയാതെ അവരുടെ ജന്മം പൂർണ്ണമാകുന്നു. സമൂഹത്തിനും തന്റെ കുടുംബത്തിനും ഒന്നും നൽകാതെ........ നൽകാനാവാതെ........... അവൻ അസ്തമിച്ചുപോകുന്നു.

ഒരു ഗ്രാമത്തിൽ ഒരുകൂട്ടം യുവാക്കൾ

ഒരൊറ്റമനസ്സുമായി കൂടിച്ചേരുകയും സൗഹൃദങ്ങൾ പങ്കുവെക്കുകയും ചെയ്യുമ്പോഴാണ് ആ ഗ്രാമത്തിന് ഐശ്വര്യവും പ്രതാപവും ഉണ്ടാവുന്നത്. പക്ഷെ ഒരു ഗ്രാമത്തിലും ഇന്നിത് കാണുവാൻ കഴിയുന്നില്ല. കാരണം അവരുടെ ഐക്യത്തിനിടയിൽ ജാതിയുടേയും മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും പകപോക്കലുകൾ തഴച്ചുവളർന്നിരിക്കുന്നു. ആരുടേയൊക്കയോ രക്തത്തിന് വേണ്ടി ആർത്തിപൂണ്ട കണ്ണുകളുമായി സഹോദരന്റേയും സഹോദരിയുടേയും നേർക്ക് കുതിച്ചുപായുന്ന ഒരു വൃത്തികെട്ട ചിത്രത്തിലേക്ക് ഗ്രാമങ്ങളിലെ യുവത്വം നടന്ന് നീങ്ങുകയാണ്. പിന്നെ ദൈവത്തിന്റെ സ്വന്തം നാടിനെക്കുറിച്ചും മതേതരരാഷ്ട്രത്തെക്കുറിച്ചും പറയേണ്ടതില്ലല്ലോ?

ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിവില്ലാത്ത ഒരു വികലമായ യുവത്വമാണ് എങ്ങും കാണാൻ കഴിയുന്നത്. സഹായമനസ്ഥിതി ഇല്ലാതെ, സ്വന്തം കാര്യങ്ങളിൽ മാത്രം ഒതുങ്ങിക്കൂടുന്ന യുവത്വം. ഒരുകാലത്ത് സമൂഹത്തിന് മുതൽക്കൂട്ടായിരുന്ന കരുത്തുറ്റ യുവത്വം എവിടെ? അനീതികൾ പേമാരിയാകുമ്പോൾ അതിനെതിരെ പോരാടി തന്റെ സമൂഹത്തെ സംരക്ഷിക്കേണ്ട യുവത്വം എവിടെ? ഇന്ന് തിരക്കിൽ നിന്നും തിരക്കിലേക്ക് ഓടുന്ന ജനങ്ങളുടെ ഇടയിൽപ്പെട്ട് യുവത്വം ഒതുങ്ങിപോവുകയാണ്. അവന് തന്റെ മനസ്സിനെ നിയന്ത്രിക്കാനോ നന്മകൾ ചെയ്യാനോ പ്രവർത്തിച്ചുകൊണ്ട് ഒരു മാതൃക കാണിച്ചുകൊടുക്കാനോ സ്നേഹിക്കാനോ ഒന്നും കഴിയുന്നില്ല.

രാഷ്ട്രീയ സംഘടനകൾക്ക് വേണ്ടി തന്റെ കർമ്മങ്ങൾ ചെയ്തുകൊണ്ട് അവർ കാണിച്ചുകൊടുക്കുന്ന ഉൾവീഥികളിൽ അകപ്പെട്ട് അസ്ഥമിച്ചുപോകുന്ന ഒരു യുവത്വമാണ് നമുക്ക് കാണാൻ കഴിയുക. പ്രതികരണശേഷി തീർത്തും ഇല്ലാതാകുന്ന ഒരവസ്ഥയിലേക്കാണ് അത് നീങ്ങുന്നത്. ഒരു യുവാവിന്റെ കൺമുന്നിൽ തിന്മകൾ കാണുമ്പോൾ അവന്റെ കാഴ്ചകൾ മങ്ങുന്നു. കൈകളുടേയും കാലുകളുടേയും ചലനശേഷി നഷ്ടമാകുന്നു. നാവിൽ നിന്നും ഒഴുകിവരേണ്ട വാക്കുകളുടെ ഉറവിടം വറ്റിവരളുന്നു. നാളെ ഒരുപക്ഷെ...... ഒരു ശരീരം മുഴുവൻ തളർന്നുപോയ മനുഷ്യനെപ്പോലെ യുവത്വം ആർക്കൊക്കയോ വേണ്ടി വഴിമാറിയേക്കാം.

ഇന്നത്തെ യുവാക്കൾ സൂര്യകിരണങ്ങളെ ഇഷ്ടപ്പെടുന്നില്ല. അന്ധകാരത്തെ അഗാധമായി സ്നേഹിക്കുന്ന വികൃതമായ ഒരു രൂപത്തിലേക്ക് യുവത്വം കടന്നുചെല്ലുന്നു. നാട്ടിൻപുറങ്ങളിൽ വൈകുന്നേരങ്ങളിൽ ഒത്തുകൂടി, നാട്ടുവിശേഷങ്ങൾ പറഞ്ഞ് സൗഹൃദങ്ങൾ പങ്കുവെക്കുന്ന ഒരുക്കൂട്ടം യുവാക്കളുടെ ചിത്രം ഇന്ന് ചിതലരിച്ച് പോകുന്നു. എത്രയും വേഗം സൂര്യൻ അന്ധകാരത്തിലേക്ക് വഴിമാറാൻ പ്രാർത്ഥിക്കുന്ന യുവാക്കളാണ് ഏറെയും. കാരണം രാത്രിയായാൽ ഏതെങ്കിലും മരച്ചുവട്ടിൽ ഇരിപ്പിടമുണ്ടാക്കി അതിൽ ഇരുന്ന് ലഹരിപാദാർത്ഥങ്ങളുടെ കണക്കുനോക്കാൻ തിടുക്കം കാട്ടുന്നവരാണ് ഏറെയും. മദ്യവും പാൻമസാലകളും ഉപയോഗിച്ച് തന്റെ ചിന്തയെയും മനസ്സിനെയും ഒക്കെ പണയപ്പെടുത്തി, ദൈവത്തോട് തന്റെ ആയുസ്സ് കുറച്ചുതരുവാൻ പ്രാർത്ഥിക്കുന്ന ഈ യുവത്വം അവരുടെ കർത്തവ്യങ്ങളിൽ നിന്നും ഒളിച്ചോടുകയാണ്. എത്ര അമ്മമാർ തന്റെ മകനുവേണ്ടി ഭക്ഷണം വിളമ്പി കാത്തിരിക്കുന്നുണ്ടാവാം, എത്ര ഭാര്യമാർ തന്റെ ഭർത്താവിനുവേണ്ടി തപസ്സിരിക്കുന്നുണ്ടാവാം എത്ര സഹോദരിമാർ തന്റെ ജ്യേഷ്ഠനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടാവാം.

ഇവരോടൊക്കെ ഒന്നുമാത്രമേ പറയുവാൻ കഴിയുകയുള്ളൂ. മദ്യവും പാൻമസാലകളും ലഹരിപദാർത്ഥങ്ങളും രാഷ്ട്രീയക്കാരും സാമൂഹ്യസ്നേഹികളുമൊക്കെ മകനെന്നോ അച്ഛനെന്നോ ജ്യേഷ്ഠനെന്നോ വ്യത്യാസമില്ലാതെ ഇവരെയൊക്കെ ആയു

കാണാത്ത ഒരു ലോകത്തിലേക്ക് വലിച്ചുകൊണ്ടുപോകുന്നു. അവിടെവെച്ച് ദൈവത്തിന്റെ ദൂതന്മാർ ഇവരെ ചോദ്യം ചെയ്യ്തേക്കാം. അവർ മദ്യപിക്കാനും സ്വയം നശിക്കാനും ഇടയായ കാരണങ്ങളെക്കുറിച്ച് ചോദിക്കുകയും അതിനുള്ള പ്രതിവിധി പറഞ്ഞുകൊടുക്കുകയും ചെയ്തേക്കാം..... അത് എന്തോ ആവട്ടെ.

പാൻമസാലകളുടേയും മദ്യലഹരി വസ്തുക്കളുടേയും അടിപ്പെട്ടുപോകുന്ന അശുദ്ധമായ അവസ്ഥയാണോ യുവത്വം. അതോ അന്ന് മഹാത്മാഗാന്ധിയും പിന്നീട് ഇന്ദിരാഗാന്ധിയും കാണിച്ചുതന്ന........ കണ്ണുകളിൽ തീഷ്ണഭാവം ഉള്ളതും തന്റെയോ, തന്റെ സഹോദരിസഹോദരന്മാരുടേയോ ശരീരത്തിൽ അശുദ്ധിയുടെ നീരാളിക്കൈകൾ വീഴുമ്പോൾ പൊട്ടത്തെറിക്കേണ്ടതുമായ ഒരു അവസ്ഥയല്ലേ യുവത്വം.

ഒരാളെ സഹായിക്കാനുള്ള മനോഭാവംവരെ ഇന്ന് യുവത്വത്തെ വിട്ടകലുന്നു. തന്റെ കൺമുന്നിൽവെച്ച് അമ്മയേയും സഹോദരിമാരേയും പോലെയുള്ളവരെ പിച്ചിച്ചീന്തുമ്പോഴും കണ്ണടച്ച്, പ്രതികരിക്കാതിരിക്കുന്ന തന്റെ പ്രതികരണശേഷി മുഴുവൻ അടച്ചുവച്ച് അലർച്ചകളില്ലാതെ നിശബ്ദമായി ശുഷ്കിച്ചുപോവുന്ന യുവത്വം. ഇന്ന് നമുക്കെല്ലാവർക്കും ഐക്യം നഷ്ടപ്പെട്ടിരിക്കുന്നു. പകയുടേയും വിദ്വേഷത്തിന്റേയും തമ്മിൽ പോരിന്റെ കഥപറയാനല്ലാതെ യുവാക്കൾക്ക് എന്തിനാണ് സമയം.

മനുഷ്യസമൂഹം അണുകുടുംബത്തിലേക്ക് വഴിമാറുമ്പോൾ നമുക്ക് നഷ്ടമാകുന്നത്, ചോരനീരാക്കി നാം നേടിയെടുത്ത പരിഷുദ്ധമായ ഐക്യമാണ്. സത്സ്വഭാവങ്ങളാണ്.

കൺമുന്നിൽ കാണുന്ന എല്ലാപ്രശ്നങ്ങളേയും കണ്ണടച്ചുകളഞ്ഞ് തന്റെ ഉള്ളിൽ ആളിക്കത്താൻ കൊതിക്കുന്ന വികാരങ്ങളെ അടച്ചുമൂടി മടിയന്മാരാക്കുന്ന ഇടയിലേക്ക് തള്ളപ്പെടുന്ന ഒരു യുവത്വമല്ല നമുക്ക് വേണ്ടത്. മറിച്ച് അക്രമങ്ങളും അനീതികളും കാണുമ്പോൾ തനിക്ക് ഏറ്റവും വലുത് മാതൃരാജ്യമാണ്, എന്റെ സഹോദരി സഹോദരന്മാരാണ് എന്ന് കരുതി പൊട്ടിത്തെറിക്കുന്ന, തന്റെ കൈകാലുകളും വാക്കുകളും സമൂഹത്തിനായി, നന്മക്കായി അർപ്പിക്കാനുള്ളതാണ് എന്ന ബോധത്തോടെ എത്ര വലിയ ജനക്കൂട്ടത്തേയും തന്റെ വാക്കുകൾക്ക് മുന്നിൽ നിർത്താൻ കഴിവുള്ള ഒരുമാതൃകാ സമൂഹമാണ് യുവത്വത്തിലൂടെ കടന്നുവരേണ്ടത്.

■

ആശംസകളോടെ....



പാറമ്പുഴയിൽ

ഇലക്ട്രോണിക്സ് & ഹോം അപ്ലയൻസ്

ശക്തി ബിൽഡിംഗ്, ഇരിട്ടി.

*With best compliments from :*

**Phone: 296161** (H.O.)
**290116** (Br.)

# THE NUCHIYAD SERVICE CO-OPERATIVE BANK LIMITED

No. C.220

**P.O.MANIKKADAVU**

*President*
**Sunny Puthiydath**

*Secretery*
**P.M.Mathew**

# നിഴലുകൾ



രമ്യ പി.വി.
I BSc Mathematics

വിജനമാം വഴിവക്കിൽ നിഴലുകൾ
കറുത്ത നിഴലുകൾ കൊഞ്ഞനംകുത്തി ചിരിക്കുന്നു
ശ്രമിതമാം ഹൃദയവും പാടുമൊരു
ചിറകു പക്ഷിതൻ തേങ്ങൽപോലെരാപ്പാടി കേഴുന്നു!
ഇരുൾപാൽ തണുത്തുറഞ്ഞൊരാ–
നീല വിരലുകൾ സർപ്പതൃഷ്ണപോൽ
പിണയുന്നുവോ
ക്രൂരമോർമകൾ പിച്ചിയെറിഞ്ഞവൾ
കാറ്റിന്റെ മാറിലുറങ്ങുവാൻ കൊതിക്കയോ
മിന്നുന്ന സൗരോർജ്ജ ജ്വാലയിൽ
കൈവിട്ട പാതിവ്രത്യത്തെ...
നരച്ച കണ്ണുകൾ പൊഴിച്ചു മുരത്ത–
ഭൂമിയിൽ തിളച്ച ചുടുരക്തം
തേങ്ങുന്ന നെഞ്ചിൽ മുറിപ്പാടുകൾ
നേർത്ത നോവിന്റെ മൂകസാക്ഷികൾ
ശോകാഹങ്ങളെരിയുന്ന രാത്രി തൻ നിശബ്ദതയിൽ
ഒരു രാക്കിളി തൻ തേങ്ങൽ
ഉയരുന്ന മാത്രയിൽ
നിശ്ചലയായ്, നിരബ്ദയായ്
ഉടലാലുണങ്ങാത്ത ചുണ്ടുമായ്
അരുവിതൻ കണ്ഠം വരണ്ടുണങ്ങിക്കീറി
വഴിയറിയാതലഞ്ഞു വേരുകൾ നീരിനായ്
തേങ്ങുന്നവേണുവിൻ നാദമൊരിളംകാറ്റുകാതോർത്തു
ശൂന്യതയും മരത്തിനു ശീൽക്കാരമായി
മുറിവേറ്റ പക്ഷിപോൽ പിടയും കുരുന്നിന്റെ നോവുകൾ
കണ്ണുകൾ നീറിയുറഞ്ഞു, വഴിയോര കാഴ്ചകൾ–
കണ്ടു മരവിച്ച മനസ്സും......
കറുത്ത രാവിനും വെളുത്ത പകലിനും കൂരിരു–
ട്ടൊരുപോലെ, സന്ധ്യപിടഞ്ഞു മരിച്ചു വീഴുമ്പഴും
നീറും വ്രണങ്ങളിൽ തീതൈലം പുരട്ടി, പാദുക–
മൂടിവെയ്ക്കാതെ നീയവളുടെ നെഞ്ചിൽ
പാദമൂന്നുമ്പോൾ
നിന്നമ്മ പൊഴിക്കും കണ്ണീർ പെരുകി സുനാമിയായ്...
പുറ്റുപിടിച്ച കിണറ്റിൻ പടവിലായ്,
ചത്തുമരവിച്ചുകിടക്കും തവളകൾ
ശിരസറ്റ ചില്ലയുണങ്ങിയൊരു പൂമരക്കൊമ്പിൽ–
കൊടുങ്കാറ്റു കൂടുവയ്ക്കുന്നു
കത്തും വെയിലേറ്റെരിയും കതിർമണി–
ക്കറ്റയുഴറുന്നതൊരിറ്റു നീരിനായ്, കൂർത്ത വേനലാൽ
കീറിപറിഞ്ഞൊരു കറുത്ത മാനവ ഹൃത്തിൽ
കനലെരിയും കൊടും ചൂടിലമറുന്നു
മുണ്ഡനം ചെയ്ത കുന്നിൻ ചരിവുകൾ
ശവച്ചുരു കൊണ്ടെൻ ദുഃഖങ്ങളൊപ്പാതെ
നോട്ടങ്ങൾ തൻ ചിലന്തി വല നെയ്യാതെ
പെരുമ്പാഴയുന്ന കൂരിരുട്ടിലെൻ
ഹൃദയത്തെയേകയാക്കാതെയെ
ന്നിടറുന്ന ഭൂമി മൂർച്ഛിക്കവേ, വീണ്ടും ചിരിക്കുന്നു നിഴലുകൾ
കൊടുങ്കാറ്റു വീശട്ടെ, പേമാരി പെയ്യട്ടെ
സംസാരമൊന്നായൊടുങ്ങിടട്ടെ,
ചാരമായ് മാറിയൊരു ഫിനിക്സ് പക്ഷിയായ്
വീണ്ടുമുയരട്ടെ, പുതുനാമ്പു തളിരിട്ടു നമ്പറിട്ടെ....
വാൾത്തല തുമ്പുപോൽ ഹൃദയത്തിലമരുന്ന
സ്മൃതികളെയകലുകയിനിഞാനുറങ്ങട്ടെ
നേർത്ത നിലാവിന്റെ ഛായയിൽ......

# പ്രിയസഖിയോട്.......



മുഹമ്മദ് [illegible]
II BSc. Maths

കണ്ടിടുമ്പോൾ മിണ്ടുവാൻ
കൊതിച്ചിരുന്നെങ്കിലും ,
മൗനമായ് മാറിടുമാമാഗ്രഹം
തിളങ്ങും കണ്ണുകളിൽ
അകലെ നിൻ നിഴൽ കാണുമ്പോൾ
അറിയാതെ തുളുമ്പിയിരുന്നെൻ മനം
നിനക്കായ് ചെലവിടും എൻ നേരം
എനിക്കൊരുത്സവ നേരം.
ജ്വലിച്ചു പ്രണയം മനസ്സിലെന്നാലും
തെളിഞ്ഞു വന്നു വിരഹം വേദനയായി.
അറിയാതെ അടുത്ത നമ്മൾ
അറിയും മുമ്പെ പിരിയാൻ സമയമായ്
അകന്നു നാം അകലെ
ആരുമറിയാതെ ഒരു പിടി സ്വപ്നവുമായ്,
ഏതു കൂട്ടിലടഞ്ഞാലും തേടിവന്നെൻ
മിഴികൾ നിന്റെയോമനലാം മുഖം,
പറയാൻ മടിച്ചൊരീ പ്രണയം
പറയാതെയറിഞ്ഞു കരിഞ്ഞു.
എന്നുള്ളിൽ വിങ്ങുമെൻ സ്നേഹത്തെ,
തുറന്നിടാൻ വാതിൽ പിഴുതില്ലെങ്കിലും
ഏകാന്തയാം ഈ വിരഹ വേദനയാൽ
ഓർക്കുമ്പോളിന്ന് സ്വാന്തനിപ്പിക്കാൻ
കണ്ണുനീർത്തുള്ളികൾ
എങ്കിലും മറക്കുവാൻ കഴിയുമോ
എനിക്കു നിന്നെ.

# സ്ത്രീത്വം





അശ്വതി
I BCom

സ്ത്രീയെ മാതാവായും, ശക്തിയായും ദേവിയായും സങ്കൽപിച്ചാദരിച്ച പുണ്യഭൂമി എന്ന് പ്രശസ്തിയാർജ്ജിച്ച ഭാരതം ഇന്ന് വിശ്വശാന്തിയുടെ സൗഹൃദസന്ദേശവുമായി പരിലസിക്കുകയാണ്. സ്ത്രൃ എന്ന ധാതുവിൽ നിന്നും ഉൽപത്തിച്ച സ്ത്രീ എന്നാൽ സർവത്ര വ്യാപിപ്പിക്കുക. ജീവിതത്തിന്റെ അടിസ്ഥാനഭാവമായ സ്നേഹത്തെ സർവ്വത്ര വ്യാപിപ്പിച്ച് ലോകമംഗളംചെയ്യുക.

അതിപ്രാചീനകാലംമുതൽ ഭൗതികവിദ്യയ്ക്കും ബ്രഹ്മജ്ഞാനത്തിനും ആദ്ധ്യാത്മിക സിദ്ധികൾക്കും തുല്യമായ അവകാശങ്ങളും അധികാരങ്ങളും സ്ത്രീപുരുഷനുസമമായി നൽകിയദേശമാണ് ഭാരതം. അന്നത്തെ സ്ത്രീകൾ പ്രദർശിപ്പിച്ച ശക്തിവൈശിഷ്ട്യവും വൈഭവും അനാദൃശമാണ്. അവ ഭാരതീയ സംസ്കാരത്തിന് അഖിലലോക വ്യാപ്തിയും പ്രസക്തിയും നൽകിട്ടുമുണ്ട് സ്ത്രീശക്തിയോടുചേർന്നാലെ പുരുഷന് സൃഷ്ടിസ്ഥിതി സംഹാരകർമ്മങ്ങൾക്കു പൂർണ്ണത ലഭിക്കുകയുള്ളു എന്ന ബോധം ഭാരതീയ കുടുംബത്തിലും, സമുദായത്തിലും സ്ത്രീകൾക്ക് ഉയർന്ന സ്ഥാനം നൽകി.

ലോകത്തിലെ മറ്റേതു സമുന്നത രാഷ്ട്രങ്ങളിലെ സ്ത്രീകളെയുമപേക്ഷിച്ച് വിദ്യാഭ്യാസം, സ്വാതന്ത്ര്യബോധവും അവകാശവും സുരക്ഷിതത്വവും കേരളത്തിലെ സ്ത്രീകൾക്ക് ലഭ്യമാണ്. ഉയർന്നവിദ്യാഭ്യാസം ജനങ്ങളെ ഉന്നത ഔദ്യോഗിക മേഖലകളിലേക്കും ഉയർന്ന ആസ്വാദന മണ്ഡലങ്ങളിലേക്കും ഉദാത്തമായ ആദ്ധ്യാത്മിക ഭാവത്തിലേക്കും ഉയർത്തിക്കൊണ്ടു പോകുന്നു എന്നുള്ളതും കേരളത്തിന്റെ സവിശേഷതയാണ്.

ഇന്നത്തെ സ്ത്രീകൾ യോഗ്യതയ്ക്കും കഴിവിനുമനുസരിച്ച് ഉയർന്നവിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, സ്ഥാനമാനങ്ങൾ, സാമ്പത്തിക ഭദ്രത അങ്ങനെ എല്ലാവിധ ആനുകൂല്യങ്ങളും നേടിയിട്ടുണ്ട്. പ്രധാനമന്ത്രിപദം എന്ന സമുന്നത സ്ഥാനത്തേക്കും സ്ത്രീ യോഗ്യയെന്ന് തെളിച്ചു. എന്നിട്ടും ഇന്നത്തെ

സാമൂഹിക ജീവിതത്തിൽ സ്ത്രീകളുടെ ജീവിതഭദ്രത നഷ്ടപ്പെടുന്നു എന്നു മാത്രമല്ല അക്രമാസക്തമായപെരുമാറ്റത്തിന്റെ ദയനീയകഥകൾ കേൾക്കുകയും ചെയ്യുന്നു. അടുത്തകാലത്തായി സ്ത്രീധനത്തിന്റെ പേരിൽ ആത്മഹത്യ അഥവാ കൊലപാതകം, ബലാൽസംഘം, പെൺവാണിഭക്കാരുടെ വലയിൽപ്പെടുന്ന പെൺകുട്ടികൾ തുടങ്ങിയ വാർത്തകൾ സമൂഹമനസാക്ഷിയെ ഞെട്ടിപ്പിക്കുന്നു. രാത്രികാലങ്ങളിൽപോലും സർവ്വാലങ്കാര വിഭൂഷിതയായി സധൈര്യം സഞ്ചരിക്കുവാൻ അനുവദിക്കുന്ന സമൂഹമാണ് സംസ്ക്കാരസമ്പന്നമെന്ന് ഉൽഘോഷിച്ച ഭാരതത്തിലാണ് ഇത്തരം ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ നടക്കുന്നത്.

സ്നേഹസേവനങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഗൃഹാന്തരീക്ഷത്തിൽ വളർന്നുവന്ന ഒരു പെൺകുട്ടിയും നിർബന്ധമോ, നിസ്സഹായതയോ, ദാരിദ്ര്യമോ ഇല്ലാതെ ഹീനമായ നഗ്നതാ പ്രദർശന നൃത്തങ്ങൾക്കോ, വേശ്യാവൃത്തിക്കോ തയ്യാറാകുന്നതല്ല. സമൂഹത്തിന്റെ നിന്ദക്ക് പാത്രമാകുന്നതും പതിതയെന്ന് മുദ്രകുത്തുന്നതും സ്ത്രീകൾ മാത്രം. ലാഭം എടുക്കുന്നത് പുരുഷൻമാർ. തങ്ങൾക്ക് ഏറ്റവും വിലപ്പെട്ട സ്ത്രീത്വത്തെ ബലികഴിച്ച് ജീവിതസൗഭാഗ്യങ്ങൾ നഷ്ടപ്പെടുത്തുന്ന സ്ത്രീകൾ നിയമത്തിന്റെ ദൃഷ്ടിയിലും കുറ്റവാളികൾ. സ്ത്രീകളുടെ സുരക്ഷിതത്വത്തിന് വിഘാതം സൃഷ്ടിക്കുന്ന ഓരോ നീക്കത്തെയും നിയന്ത്രിക്കുവാൻ ചുമതലപ്പെട്ട ഭരണകൂടവും നിയമപാലകരും ഇന്ന് നിസ്സഹായത പ്രകടിപ്പിക്കുന്നു. സദാചാരത്തിന്റെ പേരിലുള്ള ദുരാചാരങ്ങളുടേയും ധാർമ്മിക നിലവാര ചട്ടങ്ങളുടെ ദുർവ്യഖ്യാനങ്ങളുടേയും നീരാളിപ്പിടുത്തത്തിൽ ഇന്നും കിടന്ന് വിഷമിക്കുന്ന സ്ത്രീകൾ അനേകമാണ്.

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, മദ്യപാനിയും ദുരാചാരിയുമായ ഭർത്താവിന്റെ നിഷ്ഠൂരതയ്ക്കു വിധേയയായി സഹികെട്ട് വിവാഹമോചനം നേടിയവൾ, കാമുകനാൽ വഞ്ചിതയായവൾ. താനറിയാതെ തന്റേതല്ലാത്തകുറ്റത്തിന് അവശതയനുഭവിക്കുന്നവർ അങ്ങനെ സ്ത്രീ ഇന്നത്തെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയിൽ അവഗണനക്കും അവഹേളനത്തിനും പാത്രമായിരിക്കുകയാണ്.

സാമൂഹിക ദ്രോഹികളുടെ അഴിഞ്ഞാട്ടത്തിൽ നിന്നും ബുദ്ധി ശൂന്യമായ പുരു



ത്തിൽ നിന്നും സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന വ്യഥയെന്തെന്ന് സ്ത്രീക്കുമാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ.

കുറ്റവാളികളെ കണ്ടുപിടിച്ച് വധശിക്ഷയോ, ജീവപര്യന്തമോ നൽകിയതുകൊണ്ടു മാത്രം കോടതിക്കോ ഭരണകൂടത്തിനോ സംതൃപ്തിയടയുവാൻ സാധ്യമല്ലാത്ത സംഘർഷം നിറഞ്ഞ പ്രക്ഷുബ്ധമായ

[illegible]ങ്ങൾ നാം പിന്നിടുന്നു.

വിവാഹം ലാഭനഷ്ടങ്ങളും സുഖദുഃഖങ്ങളും നേടിത്തരുന്നു. പക്ഷേ വിദ്യാഭ്യാസത്തിനും മറ്റും ഉപയോഗിക്കുന്ന പണം ശാശ്വതമായ ധനമാണ് എന്ന ബോധം ഓരോ പെൺകുട്ടിക്കും മാതാപിതാക്കൾക്കും ഉണ്ടായിരിക്കണം. വിദ്യവഴി വ്യക്തിത്വത്തെ വികസിപ്പിച്ചെടുക്കണം.

നിശബ്ദമായ സേവനങ്ങൾ അർപ്പണബോധത്തോടെ പ്രകൃതിതന്നിലർപ്പിച്ചിട്ടുള്ള ഭാരങ്ങൾ പേറുന്നതോടൊപ്പം നാളിതുവരെ സഹിച്ച അപമാനത്തിൽനിന്നും ചൂഷണത്തിൽ നിന്നും അവഗണനയിൽ നിന്നും രക്ഷനേടുന്നതിന് സ്ത്രീകൾ സംഘടിതമായി പ്രവർത്തിക്കണം. അദ്ധ്യാത്മിക ഭൗതിക മൂല്യങ്ങളെ പരസ്പരപൂരകങ്ങളായി കണക്കിലെടുത്ത് ജീവിതത്തിലെ ധർമ്മസങ്കടങ്ങളെ പരിഹരിക്കുന്ന മനോമാലിന്യങ്ങളെ ദുരീകരിച്ച് സമാധാനം കണ്ടെത്തുന്നതിനും സ്ത്രീക്ക് വിശിഷ്ടമായ കഴിവുണ്ട്. സമദർശിത്വഭാവേന പുഞ്ചിരിയുടെ കഷ്ടങ്ങളെ സഹിക്കുന്ന ശക്തി നൽകുന്ന മാതൃത്വത്തിന്റെ നിസ്സംഗതയും നിസ്വാർത്ഥതയും സ്ത്രീത്വത്തിന്റെ അലങ്കാരങ്ങളായ വിനയശീലവും, ശാലീനതയും സർവ്വോപരി പതിവ്രതാധർമ്മവും സ്ത്രീ ശക്തിയെ ചൈതന്യമാക്കി ജനസമൂഹത്തെ അനുഗ്രഹിക്കുകയും സമൂഹത്തിന് പ്രചോദന കേന്ദ്രമായി വർത്തിക്കുകയും ചെയ്യട്ടെ.

ഭാരതീയ സ്ത്രീതത്വത്തിന്റെ ഭാവശുദ്ധിയുടെ പ്രതീകമായ ഗാന്ധാരി, കുന്തീദേവി, ദ്രൗപതി,അഹല്യ, താര, മണ്ഡോദരി തുടങ്ങിയ ഇതിഹാസ കഥാപാത്രങ്ങൾ, ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ പടപൊരുതി വീരമൃത്യുവരിച്ച ഝാൻസീറാണി, സ്വാതന്ത്ര്യമോഹവും ജനസേവാവ്യഗ്രതയും പ്രദർശിപ്പിച്ച് രാഷ്ട്രീയ പ്രബുദ്ധതയോടെ സ്വദേശത്തും വിദേശത്തും ത്യാഗങ്ങൾ അനുഷ്ടിച്ച കസ്തൂബാഗാന്ധി, സരോജിനി നായിഡു, തന്റെ സ്വപ്നസാക്ഷാത്കാരത്തിൽ നിന്ന് തന്നെ തടഞ്ഞുനിർത്താൻ ഒന്നിനും സാധ്യമല്ലെന്ന് തെളിയിച്ച് ലോകത്തിലെ സ്ത്രീകൾക്ക് പ്രചോദനമായിത്തീർന്ന ധീരവനിത കല്പനാചൗള തുടങ്ങിയ സ്ത്രീരത്നങ്ങളുടെ വിജയഗാഥകൾ നമുക്ക് മാതൃകയാക്കാം.

പുരുഷൻമാരുടെ സാത്വിക പവിത്ര സ്നേഹാദരഭാവത്തിന് എത്രയും അധികം മൂല്യംകല്പിച്ച് ഭാവശുദ്ധീകണത്തിന്റെ കാഹള ധ്വനി മുഴക്കുന്ന സാഹിത്യാദികലകൾ ധാരാളം ഉണ്ടാകുമാറാകട്ടെ. സ്ത്രീയും തന്റെ പരമപാവനവുമായ സ്ത്രീത്വത്തെ സംരക്ഷിക്കുവാൻ പര്യാപ്തമായ രീതിയിൽ ധീരമായ കാൽവെയ്പോടെ മുന്നോട്ടു നീങ്ങട്ടെ. മാതൃത്വത്തിന്റെ മഹനീയമായ സംശുദ്ധിയെ പൂജിക്കുന്ന നാടാണ് നമ്മുടേത് സമഭാവനയും സാഹോദര്യവും സഹവർത്തിത്വവും ഈ നാടിന്റെ നേട്ടങ്ങളാണ്.

ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും രോഗത്തിന്റെയും, പുരുഷമേധാവിത്വത്തിന്റെയും തീച്ചൂളയിൽ നിന്ന് സ്ത്രീകൾക്കും രക്ഷവേണമെങ്കിൽ അവരുടെ പുനരധിവാസത്തിനും പുനരുദ്ധാരണത്തിനും ആവശ്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ സ്ത്രീസംഘടനകൾക്ക് ലഭ്യമാകണം എന്നു മാത്രമല്ല വിവേകത്തോടെയും സഹാനുഭൂതിയോടെയും സർവ്വോപരി മനുഷ്യസ്നേഹത്തോടെയും പ്രവത്തിക്കുന്ന ഭരണകൂടവും പ്രബുദ്ധരായ ജനനേതാക്കളും ഉണ്ടാകണം.

■

# എന്റെ സ്വപ്നം



Jishin. K
II[nd] DC, Com. Sci



അനന്തമാം ലോകത്തിൽ
ലിപിയാം ചാരുതയിൽ
സ്വപ്നവും മോഹവും
ഒരു കുഞ്ഞു മന്ദാരമായ്
എന്റെ മനസ്സിന്റെ വിങ്ങലായ്
ആകാശ നീലിമയിൽ
നറുമലരിൻ സുഗന്ധംപോൽ
ഒരു ജന്മ സായൂജ്യമായ്
നൊമ്പരമായ്
ഇറ്റുവീഴുമൊരു മഞ്ഞുതുള്ളിയായ്...
കാലത്തിൻ നൗകയിൽ
കാലയവനിക തുഴയുന്നു
എൻ ഹൃദയത്തിലൊരേ-
യൊരോർമ്മ സ്വപ്നം
ഒരിക്കലും മരിക്കാത്ത
മണ്ണിൽ ലയിക്കാത്ത
മനുഷ്യ സഹജമാം സ്വപ്നം
വിദൂര ലോകത്തിൻ അന്ധതയിൽ
വികാരോജ്ജ്വലമാം മന്ദഹാസംപോൽ
ഒരു മൊട്ടായ് പൂവായ് വിരിയാതെ
എന്നിലെ സ്വപ്നമൊരു
പാഴ്സ്വപ്നമായ് എന്നിൽ
എന്നും അവശേഷിക്കുമോ
അറിയില്ല എനിക്കറിയില്ല
എങ്കിലും ............

# തൊട്ടടുത്ത് നീ നിന്നുവെങ്കിലും കൈതൊടാത്തതെന്തേ....



സുനീഷ് എൻ.വി.
II DC Computer Science



അതെ, അതാണ് പ്രണയത്തിന്റെ മറ്റൊരുതലം.... ഇന്നത്തെ ക്യാംപസിന് അന്യാതീതപ്പെട്ട് പോവുന്ന പ്രണയത്തിന്റെ മറ്റൊരുതലം. അതുമല്ലെങ്കിൽ ഇന്നത്തെ കലാലയങ്ങൾ മനഃപൂർവ്വം നഷ്ടപ്പെടുത്തുന്ന പ്രണയത്തിന്റെ ചില അർത്ഥാന്തരങ്ങൾ. അതുകൊണ്ട് തന്നെ ഈ ഈരടികളുടെ രചയിതാവിനോട് ഇന്നത്തെ തലമുറ എത്ര തന്നെ നന്ദി പറഞ്ഞാലും മതിയാവില്ല.

അതിന് കാരണം, ഇന്നുള്ള ക്യാംപസുകളിലെ പ്രണയങ്ങൾ എന്നത് രംഗബോധമില്ലാത്ത ചില കുട്ടിക്കുരങ്ങന്മാർ നടത്തുന്ന വെറും നൈമിഷികമായ കോപ്രായങ്ങൾ മാത്രമാണ്. പ്രണയത്തിന്റെ ആ വൈകാരികത അവർ ബോധപൂർവ്വം കളങ്കപ്പെടുത്തുകയാണ്.

എന്നാൽ ഈ വരികളിലെ കാമുകൻ തൊട്ടടുത്ത് നിൽക്കുന്ന കാമുകിയുടെ കൈ തൊടാതെ പ്രണയത്തിനെ മറ്റൊരു ലോകത്തേക്ക് നയിക്കുകയാണ്.

മൗനാനുരാഗത്തിന്റെ, പ്രണയസാക്ഷാത്കാരത്തിന്റെ ലോകത്തേക്ക്. ആ പ്രണയത്തിന്റെ കണ്ണിലെ ഇമകളുടെ ചലനങ്ങളാണ് പ്രണയലേഖനം. ഹൃദയസ്പന്ദനങ്ങൾ വാക്കുകളും, പുഞ്ചിരിയാണ് അതിലെ അക്ഷരക്കൂട്ടുകൾ. മൗനമാണ് ആ പ്രണയത്തിന്റെ ഭാഷ. സ്വന്തം മനസ്സിന്റെ ആഗ്രഹക്കൂട്ടുകളിൽ പ്രണയത്തിന്റെ എല്ലാ തീവ്രതയും മൂടിവച്ച് ആ കാമുകൻ ആ പ്രണയത്തെ ഒരു മൗനസാക്ഷാത്കാരമായി കാണുകയാണ്.

തൊട്ടടുത്ത് നിൽക്കുന്ന കാമുകിയുടെ കൈ തൊടാത്ത കാമുകൻ.... തൊട്ടാൽ പിഴയ്ക്കുമോ എന്ന ഭയത്തോടെ... പ്രണയം വാക്കുകളിലൂടെയുള്ള ചട്ടക്കൂടുകളിൽ ഒതുക്കാതെ അതിന്റെ വൈകാരികത നഷ്ടപ്പെടാതെ തങ്ങളുടെ നോട്ടങ്ങളിലൂടെ പ്രണയം ദിവ്യമായ തലത്തിലൂടെ അവർ പരസ്പരം പങ്കുവെക്കുകയാണ്.

ഒരു പക്ഷെ മനസ്സിലുള്ള പ്രണയം തന്റെ കാമുകിയോട് പറയാൻ പറ്റാത്ത ഒരുവനെ നിങ്ങൾ ഭീരുവെന്ന് വിശേഷിപ്പിച്ചേക്കാം, പക്ഷെ വാക്കുകളിലൂടെ പറയാതെ തന്റെ കൃഷ്ണമണിയുടെ ഒരൊറ്റ നോട്ടംകൊണ്ട് അവളോട് തന്റെ പ്രണയത്തിന്റെ ആർദ്രത മനസ്സിലാക്കുന്ന ഒരു കാമുകനെ നിങ്ങൾ ഭീരുവെന്ന് വിളിക്കുമോ

വെറും നൈമിഷികമായ വികാരപ്രകടനങ്ങളിലൂടെ തങ്ങളുടെ പ്രണയത്തെ അവർ ലഘൂകരിക്കുന്നില്ല. ഇന്നുള്ള സമകാലീന പ്രണയങ്ങൾ VOLENTISE DAYക്ക് ചോക്ലേറ്റുകളും ഗ്രീറ്റിങ്ങുകളും കൈമാറാറുള്ള, ഇന്റർവെല്ലിനെ ആനന്ദകരമാക്കാനുള്ള വെറും ഉപാധികൾ മാത്രമായിത്തീരുന്നു. തൂണുകളുടെയും ജനാലകളുടേയും മറവിലിരുന്ന് ഒരിക്കലും നടക്കാത്ത, പൊള്ളയായ, ആത്മാർത്ഥതയില്ലാത്ത പ്രണയത്തിന്റെ പുതിയ ഇക്വേഷനുകൾ പങ്കുവെക്കുന്ന കുട്ടിക്കുരങ്ങന്മാർക്ക് എന്നെങ്കിലും ഇങ്ങനെയുള്ള ഒരു പ്രണയം സ്വപ്നം കാണാവുന്നതിലുമപ്പുറമാണ്.

പ്രണയം അവതരിപ്പിക്കുവാൻ പറ്റിയ ഏറ്റവും നല്ല ഭാഷ നോട്ടത്തിന്റേതാണ്. 'ചങ്ങമ്പുഴ' യെപ്പോലുള്ള മഹാരഥൻമാർ അന്ന് വർഷങ്ങൾക്ക് മുമ്പേ നമുക്കത് തെളിയിച്ച് തന്നിട്ടുള്ളതാണ്.

'ഒരു പക്ഷെ മനസ്സിലുള്ള പ്രണയം തന്റെ കാമുകിയോട് പറയാൻ പറ്റാത്ത ഒരുവനെ നിങ്ങൾ ഭീരുവെന്ന് വിശേഷിപ്പിച്ചേക്കാം, പക്ഷെ വാക്കുകളിലൂടെ പറയാതെ തന്റെ കൃഷ്ണമണിയുടെ ഒരൊറ്റ നോട്ടം കൊണ്ട് അവളോട് തന്റെ പ്രണയത്തിന്റെ ആർദ്രത മനസ്സിലാക്കുന്ന ഒരു കാമുകനെ നിങ്ങൾ ഭീരുവെന്ന് വിളിക്കുമോ'

തൊട്ടടുത്തെത്തിയിട്ട് കൈ തൊട്ടിട്ടില്ലെങ്കിലും, അവൾ അവന്റെ പ്രണയം മനസ്സിലാക്കി അവനോട് കൈ തൊടാത്തതിന്റെ കാരണം ചോദിക്കുന്ന ഈ ഈരടികൾ പ്രണയത്തിന്റെ ഒരു നിർവ്വചനം ഇന്നത്തെ തലമുറയ്ക്ക് വിവരിക്കുകയാണ്.



# മനസ്സുകളിൽ ഒരു തീർത്ഥാടനം

തയ്യാറാക്കിയത് : സുമേഷ്, അനിഷ, രജിന.

മഹാത്മാ ഗാന്ധി കോളേജിന്റെ ഇടവഴികളിൽ തുടിക്കുന്ന സാങ്കൽപികമായ വികസിത തത്വങ്ങളായിരിക്കണം വിദ്യാർത്ഥികളിലൂടെ അല്ലെങ്കിൽ യുവമനസ്സുകളിലൂടെ ഉയർന്നുവരേണ്ടത്. സുഖങ്ങളും ദുഃഖങ്ങളും അനുഭവിക്കുന്ന ജീവിതത്തിന്റെ പച്ചപ്പരവതാനി വിരിച്ച മായയാകുന്ന ലോകത്തുനിന്നും ഒരു വിദ്യാർത്ഥിക്ക് ഒരു പാട് പഠിക്കാനുണ്ട്. കോളേജ് ജീവിതത്തിൽ നിന്ന് മാത്രമേ ജീവിതത്തിന്റെ എല്ലാ മേഖലകളെക്കുറിച്ചും പഠിക്കാൻ കഴിയുകയുള്ളൂ, ഞാൻ എം. ജി കോളേജിൽ വന്ന് ഏറ്റവും നല്ല ഒരു ക്യാമ്പിൽ പങ്കെടുത്ത് അതിൽ നിന്നും ഉടലെടുത്ത ആത്മവിശ്വാസവും ആയി ആ NSS ക്യാമ്പിലെ ഏറ്റവും സുന്ദരമായ ഒരു മുഹൂർത്തത്തെ കുറിച്ച് ഇവിടെ സൂചിപ്പിക്കട്ടെ. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലാണ് ഈ വർഷത്തെ NSS ക്യാമ്പ് സംഘടിപ്പിച്ചത്. പ്രോഗ്രാം ഓഫീസർ ബിജുസാറും, സെക്രട്ടറി ശ്രീജിത്തും, മറ്റെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പത്ത് ദിവസം കഴിഞ്ഞതിൽ ഏറ്റവും കൂടുതൽ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞത് സുന്ദരമായ ആ സാമൂഹിക പരിപാടിയിലൂടെയാണ്.

അങ്ങാടിക്കടവിലെ പത്തോളം വരുന്ന കുടിയേറ്റ കർഷകരുമായി മുഖാമുഖം പരിപാടി സംഘടിപ്പിക്കാൻ നമുക്ക് അവസരം ലഭിച്ചു. ഇപ്പോൾ ഞാനിതിനെ ഒരു ഭാഗ്യമെന്നതിന് പുറമെ പുണ്യമായി വിശേഷിപ്പിക്കുന്നു. ജീവിതം എന്നത് കാപട്യത്തിന്റെ പുറംപാളികളാൽ നിർമ്മിതമായ ഒന്നല്ല മറിച്ച് സുഖങ്ങളും, കഷ്ടപ്പാടുകളും ഒക്കെ നിറഞ്ഞ് ഒഴുകുന്ന ഒന്നാണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു.

അവരുടെ വാക്കുകളിൽ, ചോര നീരാക്കി ജീവിതം പടുത്തുയർത്തിയതിന്റെ പൊരുൾ നിറഞ്ഞുനിൽക്കുന്നത് കാണാം.



"മക്കളെ നിങ്ങളെത്ര ഭാഗ്യവാൻമാർ" . ഈ വാക്കുകൾ ജാതിയുടെയും, മതത്തിന്റേയും, രാഷ്ട്രീയത്തിന്റേയും പേരിൽ ചേരി തിരിച്ചോ; കലാപിലകൂട്ടിയോ, മറ്റുള്ളവരെ കബളിപ്പിച്ച് സ്വന്തം കീശവീർപ്പിക്കുന്ന ഒരു വൃത്തികെട്ട മനസ്സിൽ നിന്നും വരുന്നതല്ല, മറിച്ച് ഏകദേശം അൻപത് വർഷങ്ങൾക്ക് മുൻപ് ജീവിതത്തിൽ നരകയാതനകൾ അനുഭവിക്കേണ്ടി വന്നവരുടേതാണ്. അവരുടെ കത്തിജ്ജ്വലിക്കുന്ന ഓർമ്മകളിൽ നിന്നും ഞങ്ങളോട് പറഞ്ഞതായിരിക്കാം. അല്ലെങ്കിൽ ഓർമ്മിപ്പിച്ചതായിരിക്കാം ആ വാക്കുകളുടെ സാരാംശം. ഇതൊരു സത്യാവസ്ഥയാണെന്ന് ചിന്തിക്കുവാനോ, മനസ്സിലാക്കുവാനോ, ഈ പുതുതലമുറയ്ക്ക് ആവുമോ, എന്ന് എനിക്കറിയില്ല.

കൂടുതൽ സമയം അവരുമായി ചിലവഴിച്ചപ്പോൾ എനിക്ക് അവരുടെ ലോകം ഒരു നരകമായാണ് അനുഭവപ്പെട്ടത്. സൂര്യതാപത്തിൽ നിന്നും പേമാരിയിൽ നിന്നും മുക്തി നേടാൻ അവർ കെട്ടിയ പുൽക്കുടിലുകൾ മഴക്കാലങ്ങളിൽ പുഴയായ് മാറുമ്പോൾ ഉറക്കം നഷ്ടപ്പെട്ട് വിധിയെ പഴിചാരിക്കൊണ്ടും കാട്ടുമൃഗങ്ങളുടെ പേടിപ്പെടുത്തുന്ന ശബ്ദം ഒരു സംഗീതമാം വണ്ണം ആസ്വദിച്ച് ഓരോ രാത്രിയും പുലർത്തിയ കഥകൾ അവർ പറയുമ്പോൾ, അവരുടെ കണ്ണുകളിലും മുഖഭാവങ്ങളിലും ഒരു ഭീകരാവസ്ഥ തെളിഞ്ഞുകാണുമായിരുന്നു. ഇത് ആദർശവാദികൾ പറയുന്ന ഭംഗിവാക്കുകളല്ല, ജീവിതത്തിന്റെ കളങ്കമില്ലാത്ത അനുഭവകഥയാണ്.

പുതിയ തലമുറകൾ ചിന്തിക്കുന്നത് പോലെ എങ്ങനെ പഠിച്ച് ജോലിനേടാം എന്നല്ല അവർ ചിന്തിച്ചത്. എങ്ങനെ ജീവൻ നിലനിർത്താം, എവിടെനിന്ന് ഭക്ഷണം ലഭിക്കും. എന്നൊക്കെയാണ്. ഇന്നിത് ഒരു ജീവിതചര്യ പോലെ നടക്കുന്നു. അതുകൊണ്ട് തന്നെ ഇത് ജീവിതത്തിന്റെ പ്രശ്നമോ, രോഗമോ [illegible]ന്നില്ല. കാരണം എങ്ങനെയെല്ലാം മറ്റുള്ളവരെ അടിച്ചമർത്തി മുന്നേറാൻ കഴിയും, എങ്ങനെ ഈ ലോകം കീഴടക്കാൻ കഴിയും എന്ന ചിന്തയുമായി, ഭ്രാന്തരായി നടക്കുകയാണ് പുതുതലമുറ.

അങ്ങനെ, രോഗങ്ങളും മറ്റും വകവയ്ക്കാതെയും പാളച്ചെരുപ്പുകൾ കുത്തിയും അവർ ജീവിതത്തെ ഒരു വെല്ലുവിളിയായി സ്വീകരിച്ച് ഇപ്പോഴും തന്റേടത്തോടും, ആത്മവിശ്വാസത്തോടും ജീവിക്കുന്നു.

ഞങ്ങൾക്ക്, അതായത് പുതുതലമുറയ്ക്ക് അവർ നല്ലൊരു ഉപദേശം നൽകി "പഴയതലമുറയുടെ പോരാട്ടം നിലനിൽപ്പിനുവേണ്ടിയായിരുന്നു., നിങ്ങളുടേത് ജീവിതത്തിന്റെ ഗുണപരമായ മാറ്റത്തിനുവേണ്ടിയായിരിക്കണം." ഇതോടൊപ്പം പുതിയ തലമുറ ഉന്നത വിദ്യാഭ്യാസത്തിലൂടെ ജീവിതരീതി മാറ്റിമറിക്കുമെന്നുള്ള സംതൃപ്തിയും അവർ പ്രകടിപ്പിച്ചു.

ഓർമ്മകളുടെ പ്രയാണങ്ങളിൽ ജീവിതത്തിന്റെ താഴ്വേരുകൾ തളിർക്കേണ്ടത് തീർച്ചയായും ഒരു കലാലയജീവിതത്തിലൂടെ ആയിരിക്കണം. ആ കുടിയേറ്റ കർഷകരുമായി നടത്തിയ അഭിമുഖം എന്റെ ജീവിതത്തിലെ വിശേഷപ്പെട്ട ഒരു സംഭവമായിരുന്നു. NSS ക്യാമ്പിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് ഒരുപാട് പഠിക്കാനുണ്ട്; ഈ കോളേജിൽ നിന്നും വിട്ടുപോവുന്നതിന് മുൻപ് ഓരോ വിദ്യാർത്ഥിയും ജീവിതത്തിന്റെ കയ്പും മധുരവും നിറഞ്ഞ അനുഭവങ്ങൾ എല്ലാം ഓർമ്മകളുടെ പൊൻതൂവലാക്കി മാറ്റാൻ കഴിയുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ...

# അപ്രതീക്ഷിതമായിരുന്നു

SHABINA P.V.
1st DC, MATHS.

ചിന്തകൾ !
കാടു കയറുന്ന ചിന്തകൾ
അർത്ഥ ശൂന്യമായ വഴികളിലൂടെ
തടസ്സങ്ങളില്ലാതെ
ഒഴുകി ഒഴുകി അനന്തതയിലേക്ക്.......

. . . . . . . . . .

കണ്ണീരിൽ കുതിർന്ന,
തണുത്തുറഞ്ഞ
പിടഞ്ഞുണരാൻ വെമ്പുന്ന
ഓർമ്മയുടെ നാമ്പുകൾ
മുളയ്ക്കാതെ, വളരാതെ
ധരണിയെ പുൽകി.

. . . . . . . . . .

കണ്ണീർ പൊഴിക്കുന്ന മാനസം
ദൃശ്യമാകാതെ കുതിർക്കുന്ന സ്വപ്നങ്ങൾ
പുഞ്ചിരി തൂകുന്ന നാളെകൾ
കളിയാക്കിച്ചിരിക്കുന്ന ഇന്നലെകൾ

ഇന്ന്,
ഇടറുന്ന ചിന്തയും
പതറുന്ന കാലുമായ്
നടന്നടുക്കുന്നു നാളെയിലേക്ക്
ഞാനാരാണെന്ന സത്യം അറിയാതെ......

. . . . . . . . . .

തല പെരുക്കുന്നു, ഉടൽ വിറക്കുന്നു
ഞരമ്പുകൾ ത്രസിക്കുന്നു
ശ്വാസതാളം ഉയരുന്നു
കാഴ്ചകൾക്ക് മങ്ങലേൽക്കുന്നു
എന്റെ ബോധം മറയുന്നു.

. . . . . . . . . .

ഞാനിപ്പോൾ നിശ്ചലയാണ്
ഒരു പക്ഷേ, ഞാൻ ......
ഞാൻ മരിച്ചിരിക്കുമോ?
ചിലപ്പോൾ
മരിച്ചതെന്റെ മനസ്സായിരിക്കുമോ?



# UNION



**JITHESH**
(Union Advisor)



**VIVEK. P.**
Chairman



**SHAJILAS.** K.P.
Vice Chairman



**AYOOP. P.P**
Fine Arts Secretary



**AJEESH KUMAR. K.**
Student Editor



**SREEJITH. P.P**
Maths Association



**PRINCE P GEORGE**
Commerce Association



**JISHIN. K.**
Computer Association



**JISHNU PRASAD**
Physics Association

# BEARERS



BIJUMON. R.
Staff Editor



ARJUN GANGADHARAN
General Secretary



AGHIL JOSE
UUC



ASHITHA
Joint Secretary



MUHAMMED SAJEER
General Captain



NIPIN C. J.
I DC Rep.



JYOTHISH P.V.
II DC Rep.



SHYBINTH
III DC Rep.



SHIJI
PG Rep.

ആശംസകളോടെ...

# ഉളിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക്

ലിമിറ്റഡ് നമ്പർ : സി. 107

**H.O. & Main Branch : ഉളിക്കൽ** (ഈവനിംഗ് ബ്രാഞ്ച്)

ഫോൺ : 2228154

---

ബ്രാഞ്ച് :

പടിയൂർ, ഫോൺ: 2273006

മാട്ടറ, ഫോൺ : 2216194

- എല്ലാവിധ ബാങ്കിങ്ങ് ഇടപാടുകളും നടത്തുന്നു.
- ഉയർന്ന പലിശനിരക്കിൽ വിവിധതരം നിക്ഷേപ പദ്ധതികൾ
- ഉദാര വ്യവസ്ഥയിൽ നിന്നും നിരവധി വായ്പാ പദ്ധതികൾ
- റജിസ്ട്രേഡ് ചിട്ടികൾ
- ഹെഡ് ഓഫീസിൽ സെയ്ഫ് ഡപ്പോസിറ്റ് ലോക്കർ സൗകര്യം

പ്രസിഡണ്ട് :
**ബേബി തോലാനി**

സെക്രട്ടറി
**കെ.വി. ഗോവിന്ദൻ**









# അന്തമാനിലെ മൂത്താപ്പ

ഷിജാസ് പി.
II DC Maths

എന്നും സ്വപ്നം കാണുന്ന സൽമ എന്നൊരു പെൺകുട്ടി ഇന്നലെ പേരും ഊരും അറിയാത്ത ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു വലിയ മനുഷ്യനെ സ്വപ്നം കണ്ടു. അയാൾക്ക് ആറടിയിലധികം പൊക്കമുണ്ടായിരുന്നു. വട്ടത്താടിവെച്ച അയാൾ വാല്വെച്ച് തലയിൽ കെട്ടി മുറുക്കിപ്പിടിച്ച് കയ്യുകൾ പിന്നിൽ കെട്ടി, ഇടക്കിടെ മുറ്റത്തുതുപ്പിക്കൊണ്ടു, മന്ദസ്മിതം തൂകി അവളോടു ചോദിച്ചു: "അന്റെ പേരെന്താ മോളേ?"

"സൽമ," അവൾ വിനയത്തോടെ മറുപടിപറഞ്ഞു

"അനക്ക് ബാപ്പയും ഉമ്മയും ഉണ്ടോ? അയാൾ ചോദിച്ചു.

സൽമ പറഞ്ഞു: "ബാപ്പ മരവെട്ടുകാരനായിരുന്നു. ഒരപകടത്തിൽ മരിച്ചുപോയി. ഉമ്മയും അനിയനുമുണ്ട്."

അദ്ദേഹത്തിന് സങ്കടമായി. അങ്ങനെ അവളെപറ്റി പലതും അദ്ദേഹം അന്വേഷിച്ചു. പിറ്റേന്ന് രാവിലെ എഴുന്നേറ്റപ്പോൾ അവൾക്കാരൂപം മറക്കാൻ കഴിഞ്ഞില്ല. ആ ഭാവും മന്ദസ്മിതയും അവളുടെ മനസ്സ് നിറഞ്ഞുനിന്നു.

ഉച്ചക്ക് ഉമ്മയുടെ തലയിലെ പേൻ നോക്കിക്കൊണ്ടിരിക്കേ അവൾ ആ സ്വപ്നത്തെക്കുറിച്ച് വ്യക്തമായി സങ്കടത്തോടെ പറഞ്ഞു.

ഉമ്മ വളരെ പതുക്കെ മകളുടെ മുടി കോതിവച്ചുകൊണ്ടു സംസാരിച്ചു. "സൽമ അത് മറ്റാരുമല്ല മൊയ്തീൻഷെയ്ക്കായ്യ്. അദ്ദേഹത്തെ അറിയില്ല, എനിക്കും ഇപ്പം ജീവിച്ചിരിക്കുന്ന ആർക്കും അറിയില്ല. 1921 ലഹളക്കാലത്ത് മാപ്പിളമാർ വെള്ളക്കാരോട് യുദ്ധം ചെയ്തു. അന്ന് ഇദ്ദേഹവും യുദ്ധത്തിൽ പങ്കെടുത്തിരുന്നു എന്ന് കേട്ടിട്ടുണ്ട്.

പാവപ്പെട്ട സ്ത്രീകളേയും കുട്ടികളേയും ലഹളക്കാർ കൊന്നൊടുക്കുന്നത് കണ്ട് അദ്ദേഹത്തിന് കലിപൂണ്ടു. അദ്ദേഹം ഒരുപാട് പിശാചുക്കളെ വെട്ടിനുറുക്കിക്കൊന്ന് പ്രതികാരം ചെയ്തെങ്കിലും തിരൂര് വെച്ച് പിടിക്കപ്പെട്ടു. പിന്നീടദ്ദേഹത്തെ അന്തമാനിലേക്ക് നാടുകടത്തിയെന്ന് പറയപ്പെടുന്നു. നമ്മള് എത്തിമ്ങ്ങളാണെന്ന് അദ്ദേഹം അറിഞ്ഞിട്ടുണ്ടാവും. വലിയവരൊക്കെ അങ്ങനെയാ മോളേ, മൂപ്പര് അന്തമാനിലാണെങ്കിലും മനസ്സ് ഇബിട്യ.

സൽമ കുളിമുറിയിൽ കുളിച്ചുകൊണ്ടിരിക്കുമ്പോൾ ഉമ്മ മുസ്ല്യാരോട് അവളുടെ കല്ല്യാണക്കാര്യം പറഞ്ഞുകൊണ്ടിരുന്നു.

ആ രാത്രിയിലും അവൾ അദ്ദേഹത്തെ സ്വപ്നം കണ്ടു. അദ്ദേഹം പറഞ്ഞു:"സൽമ അന്റെ നിക്കാഹ് അടുത്തിരിക്കുന്നു. അന്നെ കാണാൻ ഒരാൾ വരും. ഓന് അന്നെ ഇഷ്ടപ്പെടും...ഹ...ഹ...ഹ...!" അദ്ദേഹം ഉറക്കെ ചിരിച്ചുകൊണ്ട് അവളുടെ സ്വപ്നത്തിൽ നിന്നും മറഞ്ഞു.

പറയാനുള്ള നാണം കൊണ്ട് അവളാ സ്വപ്നം ഉമ്മയുടെ മുമ്പിൽ അവതരിപ്പിച്ചില്ല.

ഉച്ചയ്ക്ക് ഒരു കാർ ആ വീടിനു മുറ്റത്തുവന്നു നിന്നു: അവൾ ബാങ്ക് ലോണിനെ പറ്റി ഓർത്തു. ബാങ്കുകാരായിരിക്കുമെന്ന്

അവൾ ഊഹിച്ചു. അവൾ സങ്കടപ്പെട്ടു.

അടുക്കളഭാഗത്ത് ചെന്നപ്പോൾ അവൾ കണ്ടത് ഉമ്മയുടെ കരച്ചിലായിരുന്നു. അവൾ ആകെ വിഷമത്തിലായി. അവൾ ഉമ്മയോട് കാര്യം അന്വേഷിച്ചു. അപ്പോഴാണവൾ അറിയുന്നത് അത് സന്തോഷക്കണ്ണീർ ആണെന്ന്.

മഞ്ചേരിയിൽ നിന്നും ഒരു ഡോക്ടർ സൽമയെ കാണാൻ വന്നിരിക്കുന്നു. പേര് ജമാൽ. സമ്പന്നരാണ്. ഒരു നിർധനകുടുംബത്തിലെ പെൺകുട്ടിയെയാണ് വേണ്ടത്.

ചായകുടിയും കഴിഞ്ഞ് ജമാൽ സൽമയെ നേരിൽകാണാൻ ആഗ്രഹം പ്രകടിപ്പിച്ചു.

സൽമ അടുത്തേക്ക് വന്നപ്പോൾ ഡോക്ടർ ചിരിച്ചുകൊണ്ട് പറഞ്ഞു:"പേടിക്കേണ്ട, സൽമയെ തിന്നാനൊന്നുമല്ല വന്നത് നിനക്കിഷ്ടമുണ്ടെങ്കിൽ നിക്കാഹ്കഴിക്കാനാ."

അവരുടെ നിക്കാഹ് കഴിഞ്ഞു. വളരെ ലളിതമായ ചടങ്ങ്. ആഭരണങ്ങൾക്കുപോലും ശാഠ്യമില്ല. കാറിൽ വരന്റെ വീട്ടിലേക്ക് പോകുമ്പോൾ ജമാൽ സൽമായോട് പറഞ്ഞു:

"നിന്നെപ്പോലൊരു പെൺകുട്ടിയായിരുന്നു എന്റെ മനസ്സിൽ. അതുപോലെത്തന്നെ എത്തിച്ചതിൽ അല്ലാഹുവിനു നന്ദി." "ഇന്റെ ഭാഗ്യം" സൽമയുടെ കണ്ണുകൾ നിറഞ്ഞു.

ജമാലിന്റെ വീട്ടിൽ എല്ലാവരും വിദ്യാസമ്പന്നരായിരുന്നു. ജേഷ്ഠൻ വക്കീൽ, അനിയൻ എഞ്ചിനീയർ, ഒരു സഹോദരി അധ്യാപിക. പിന്നെ വീട് കൊട്ടാരതുല്യം. അകംപണിക്കും പുറംപണിക്കുമായി ജോലിക്കാർ.

സൽമക്ക് ആകെയുള്ള ജോലി ഉമ്മക്ക് മുറുക്കാനിടിക്കലും. നാട്ടുവർത്തമാനം ഉറക്കെപറഞ്ഞുകേൾപ്പിക്കലും.

സൽമ ഒരു ദിവസം സഹോദരഭാര്യമാരോടൊപ്പം വീടുചുറ്റിക്കാണുകയായിരുന്നു. അതിനിടയിൽ അവൾ യാദൃശ്ചികമായി മുകളിലത്തെ അടച്ചിട്ട മുറി തുറക്കാനിടയായി. അവൾ ഞെട്ടിപ്പോയി. ചുവരിൽ ആ വലിയ മനുഷ്യൻ മൊയ്തീൻഷെയ്ക്ക്. അവളുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. താഴെ അദ്ദേഹത്തിന്റെ വാളും കഠാരകളും നിരത്തിവെച്ചിരിക്കുന്നു.

ഒരു സഹോദരഭാര്യ പറഞ്ഞു: ഇവിടുത്തെ വല്ല്യുപ്പയാണ്. ഇപ്പോൾ അന്തമാനിലുണ്ടെന്നും ഇല്ലെന്നും പറയുന്നു. ഇവിടെ ചെറിയ കുട്ടികൾ പോലും വല്ല്യുപ്പയെ സ്വപ്നം കാണാറുണ്ടത്രെ. എന്തു പ്രശ്നമുണ്ടെങ്കിലും അത് തീർക്കാൻ മൂപ്പര് ഓരോരുത്തരുടേയും മനസ്സിൽ വരും.

സൽമ ആ രൂപം നോക്കി നിന്നു. ആറടിയിലധികം പൊക്കം, വട്ടത്താടി, തലയിൽ കെട്ട്, മുറുക്കിച്ചുവന്ന വായ, പിന്നിൽ ചേർത്ത് കെട്ടിയ കൈകൾ, സ്വപ്നത്തിൽ കണ്ട അതേ നിൽപ്...

ഇപ്പോൾ ആ മനുഷ്യനെ അവൾ കാണുന്നില്ലെങ്കിലും ആ ശബ്ദം അവൾ ആദരവോടെ കേൾക്കുന്നു.

"മോളേ സൽമ..." അദ്ദേഹം വിളിച്ചു.

സൽമ ഗദ്ഗദത്തോടെ അനുസരിച്ചു ആദരവോടെ നിന്നു. വീണ്ടും അദ്ദേഹം ചോദിച്ചു: "അനക്ക് സുഖാണോ ഇവിടെ?"

"തന്നെ മൂത്താപ്പാ... സുഖം... പരമസുഖം..." അവൾ ഗദ്ഗദപ്പെട്ടു. "പടച്ചോനെ നമസ്ക്കരിക്ക്, എല്ലാ നന്മക്കും എല്ലാ നിബീസിനും"

"ശരി മൂത്താപ്പാ..." അവൾ കണ്ണു തുടച്ചു.

അദ്ദേഹത്തിന്റെ ശബ്ദം നിലച്ചപ്പോൾ സൽമ കരഞ്ഞുകൊണ്ടേയിരുന്നു. അവളുടെ ഗദ്ഗദം കേട്ട് ജമാൽ ചോദിച്ചു:

"ശ്ശ് കരയുകയാണോ... സൽമാ എന്തിന്?"

"സുഖം കൊണ്ടും... പടച്ചോന്റെ അനുഗ്രഹം കൊണ്ടും."

മറ്റൊന്നും അവൾ പറഞ്ഞില്ല. ജമാലിന് ചിരിവന്നു. പിന്നെ സൽമയും കൂടെ ചിരിച്ചു. ■

# മഴയുടെ വരവിനായി

ഗ്രീഷ്മ
I DC Maths

അനന്തമാം ലോകത്തിൻ
ലിപിയാം ചാരുതയിൽ
സ്വപ്നവും, മോഹവും
ഒരു കുഞ്ഞുമന്ദാരമായ്,
എൻ മനസ്സിന്റെ വിങ്ങലായി....
ആകാശ നീലിമയിൽ
നറുമലരിൻ സുഗന്ധംപോൽ
ഒരു ജന്മസായൂജ്യമായി,
നൊമ്പരമായി,
ഇറ്റു വീഴുമൊരു മഞ്ഞു തുള്ളിയായി....
വിരഹാർദ്രമാമെൻ മനതാര്
ശോകാർദ്രമാം മനസ്സിൻ പൊൻവീണയിൽ
ശ്രുതി ചേർത്തുപാടുമ്പോൾ....
ഇറ്റു തുള്ളിയെൻ കൺകളിൽ
തട്ടി ഞാൻ കൺതുറന്നു-
വെങ്കിലും, ചുറ്റിലും കൂരിരുട്ട്
എവിടെയെൻ പ്രിയ തോഴി, മഴ....
എവിടെയെൻ കളിക്കൂട്ടുകാർ
ജാലകപ്പാളിയിലൂടെ നോക്കി ഞാൻ
കാണുന്നതോ നിലാശോഭയിൽ
വരണ്ടു കിടക്കും മുറ്റവും
ഉണങ്ങിക്കരിഞ്ഞയെൻ പൂന്തോട്ടവും
മഴയുടെ വരവിനായി കാതോർത്തു ഞാൻ
വീണ്ടും നിദ്രയെപ്പുണരുമ്പോൾ
കേൾക്കയായി കാതുകൾക്കിമ്പമാം
മഴത്തുള്ളിതൻ പുതുമന്ദസ്മിതം......



ആശംസകളോടെ...

ഫോൺ : 2420410

# ആനപന്തി
# സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ : എഫ്. 1516

**പി.ഒ. അങ്ങാടിക്കടവ്**

ബ്രാഞ്ച് | കച്ചേരിക്കടവ്, ഫോൺ: 2273006
കരിക്കോട്ടക്കരി, ഫോൺ : 2454788

പ്രസിഡണ്ട് :
അഡ്വ. ജെയ്സൺ തോമസ്

സെക്രട്ടറി
കെ.സി. ജോൺ



# ബാല്യം

Priya
I[st] BCom.

കൈക്കുമ്പിളിൽ ചേമ്പിലയുമായ് എന്തോമെല്ലെ-
മൊഴിഞ്ഞുകൊണ്ട് തനിയെ നടന്നകലുന്ന-
ആ ബാലനെ നോക്കിയിരിക്കവേ- ഉണരുകയായി-
എന്നാത്മാവിലും പിടയ്ക്കുന്നതെൻ ബാല്യം
ശുഭസ്വപ്നങ്ങളെ ഭാണ്ഡത്തിലാക്കി-
നടന്നകലും മുൻപേ ഓർക്കട്ടെ ഞാനെന്റെ ബാല്യം
നിറകിട്ടാർന്ന വർണ്ണങ്ങളാൽ
നിറഞ്ഞിരുന്നൊരെൻ ബാല്യം
സ്നേഹിക്കുന്നൊരച്ഛനുമമ്മയും
എനിക്കായ് നല്കിടും
മധുരത്തിൻ മധുരിമ നിറയുന്നു
ഇന്നുമെൻ നാവിൽ
നിറയുന്നു ആ സ്നേഹമെൻ നെഞ്ചിൽ
ഉണരുകയായ് എൻ ചേതന - ഞാൻ
നടന്ന വഴികൾ നോക്കിയിരിക്കവേ-
പിടയ്ക്കുകയായ് എൻമനം ആ വഴികളിലൂടെ
ഒരു മടക്കയാത്ര സാധ്യമോ ?
സ്നേഹത്തിൽ ചാലിച്ച ആ ദിനത്തിൻ നൈർമല്യം-
നുകരുവാനായി കൊതിക്കുന്നു
എന്റെ വികാരങ്ങൾ
നോവുമെൻ നെഞ്ചിൽ തുടിക്കുന്നു ആ-
പിഞ്ചുപൈതലിൻ പുഞ്ചിരി
മനസ്സുലഞ്ഞ വഴിയിലൂടെ നടക്കവേ-
മനസ്സറിയുകയായ് നഷ്ടപ്പെട്ടുപോയി
തിരിച്ചുപിടിക്കുവാൻ വയ്യ. തിരിച്ചു-
നടക്കാൻ കഴിയില്ല ഇനിയൊരിക്കലും
പൂത്തുലഞ്ഞ ആ ബാല്യത്തിലേക്ക്
ഇതളുവീണ മാവിനരികിൽ
കൊയ്ത്തുകഴിഞ്ഞ പാടവരമ്പിലൂടെ
കൊലുസ്സിൽ കിളികൊഞ്ചലുമായ്
- നിറചിരിയുമായ്
ഓടിയകലുവാൻ കൊതിക്കുന്നിതെൻ ബാല്യം

# ക്യാമ്പസ് രാഷ്ട്രീയം ആവശ്യമോ?

ദിവ്യ എ.
I DC Maths.

വിദ്യാഭ്യാസം - അത് വെളിച്ചത്തിലേക്കുള്ള വിശാലമായ വഴിയാണ്. ഒരു വ്യക്തിയുടെ മാനസികവും ശാരീരികവുമായ വളർച്ചയുടെ അടിസ്ഥാന ഘടകം കൂടിയാണ് വിദ്യാഭ്യാസം. എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക, സ്വഭാവ രൂപവത്ക്കരണം നടത്തുക തുടങ്ങിയവയാണ്. എന്നാൽ ഇന്ന്, നമ്മുടെ സംസ്ഥാനമായ കേരളത്തിന്റെ സ്ഥിതി എന്താണ്? വിദ്യാഭ്യാസമെന്ന ലക്ഷ്യബോധം നേടാനല്ല, ഇന്നത്തെ സമുദായത്തിന്റെ തീവ്രവികാരം. ജനാധിപത്യബോധമുള്ള വിദ്യാർത്ഥികൾക്ക് സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള വെമ്പലാണ് കണ്ടുവരുന്നത്. അതുകൊണ്ടുതന്നെ ക്യാമ്പസുകളിൽ രാഷ്ട്രീയമെന്ന ഉൾപ്രേരണ കൂടിക്കൊണ്ടിരിക്കയാണ്. പ്രായപൂർത്തീവോട്ടവകാശവും തിരഞ്ഞെടുപ്പും അത്തരം രാഷ്ട്രീയക്കാർക്ക് പിന്തുണയും നൽകുന്നു. തിരഞ്ഞെടുപ്പുകളിൽ വിജയിക്കുന്നതിന് എത്ര ഹീനമായ മാർഗ്ഗവും സ്വീകരിക്കാൻ അവർക്ക് ഒരു മടിയുമില്ലതാനും.

എല്ലാ രാഷ്ട്രീയപാർട്ടികളും അവരുടെ സംഘടനകളെ ക്യാമ്പസുകളിൽ വളർത്തിയെടുത്തിട്ടുണ്ട്. കുട്ടികളെ ജനാധിപത്യം പഠിപ്പിക്കുന്നതുകൊണ്ട് അവർക്ക് എന്ത് നേട്ടമാണുള്ളത്? അവരെ ഉത്തമപൗരന്മാരാക്കുകയാണോ- ഇത്തരം രാഷ്ട്രീയ സംഘടനകളുടെ ലക്ഷ്യം. അല്ല- എന്നുതന്നെയാണ് ഇതിന്റെ മറുപടി. കാരണം ക്യാമ്പസുകളിൽ തിരഞ്ഞെടുപ്പുകാലമായാൽ അവിടെ വിദ്യാർത്ഥി സമൂഹം മാത്രമല്ല, ചില രാഷ്ട്രീയ നേതാക്കന്മാരും എത്തി കുട്ടികളെ പ്രലോഭിപ്പിക്കുന്ന കാഴ്ചയാണ് ഇന്ന് നാം കണ്ടുവരുന്നത്. രാഷ്ട്രീയക്കാരുടെ തന്ത്രപരമായ ദുഷ്ചിന്തയാൽ വിദ്യാർത്ഥികളുടെ കാലിടറിപ്പോകുന്നു. "മദ്യം നമ്മുടെ ദർശനങ്ങൾക്ക് ജാഡ്യവും ചിന്തകൾക്ക് മൗഢ്യവും നൽകുന്നു"- എന്ന പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ വാക്കുകളുടെ യഥാർത്ഥ അർത്ഥം ഇവിടെ ദർശിക്കാവുന്നതാണ്. എന്തെന്നാൽ മദ്യത്തേക്കാൾ മാരകമായ ഒന്നാണ് രാഷ്ട്രീയം.

രാഷ്ട്രീയം വിദ്യാർത്ഥികളിൽ ഒരിക്കലും സമാനചിന്ത ഉണർത്താനിടയില്ല. രാഷ്ട്രീയമെന്ന പിശാചിന്റെ കരങ്ങളിൽ ഞെരിഞ്ഞമർന്ന എത്രയോ ജനസമുദായത്തെ ഇന്ന് നാം കണ്ടുകഴിഞ്ഞു. അതുകൊണ്ടുതന്നെ രാഷ്ട്രീയം വിദ്യാർത്ഥികളിൽ ഭിന്നിപ്പും ശത്രുതാമനോഭാവവും വളർത്താനിടയുണ്ട്. ഒരു പക്ഷേ ഭിന്നാ

എന്നതിനേക്കാളുപരി സമൂഹത്തിൽ ഉന്നതസ്ഥാനം നേടുക എന്ന ദുഷിച്ച ചിന്തയാണ് രാഷ്ട്രീയത്തിനു പ്രേരണയായിട്ടുള്ളത്. "സമരം- എന്ന വാക്കിന്റെ അർത്ഥം ഇന്ന് ഏതൊരുജനസമൂഹത്തിനും ആരും പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. കാരണം ഇന്ന് ക്യാമ്പസുകളിൽ സജീവമായി കണ്ടുവരുന്ന ഒരു പ്രവണതയാണ് സമരം. ഇത്തരം ദോഷകരമായ പ്രവൃത്തി കൊണ്ട് എന്ത് നേട്ടമാണുള്ളത്. സമൂഹത്തിന് നന്മയുതകുന്ന ഒരു സമരമാണെങ്കിൽ അതിനെ ഒരിക്കലും ദുഷ്പ്രവൃത്തി എന്നു പറയേണ്ടതില്ല. എന്നാൽ സാമൂഹ്യവിരുദ്ധ ശീലങ്ങൾ മാത്രമേ ഇന്ന് നമ്മുടെ രാജ്യത്തെ ക്യാമ്പസുകളിൽ കണ്ടുവരുന്നുള്ളൂ. ജാതിമതവർഗ്ഗീയ ചിന്തകൾക്കുപുറമെ രാഷ്ട്രീയമെന്ന വ്യാധിയും നമുക്കിടയിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കയാണ്.

സ്വന്തം മക്കളെ ഉയർന്ന പദവിയിലെത്തിക്കാൻ ആഗ്രഹിക്കാത്ത രക്ഷിതാക്കളുണ്ടാവില്ല. എന്നാൽ തന്റെ മകനോ/മകളോ രാഷ്ട്രീയത്തിന്റെ നെടുംതൂണായി നിലകൊണ്ട് ആക്രമങ്ങൾ കാട്ടുന്നത് കണ്ടുനിൽക്കാനും അവർക്കാവില്ല. വിദ്യാർത്ഥികൾ രാഷ്ട്രീയത്തിന് അടിമപ്പെട്ടുപോയത് രക്ഷിതാക്കളുടെ കുറ്റം കൊണ്ടാണോ? അല്ല, "തന്നിഷ്ടം പൊന്നിഷ്ടം' എന്നു കരുതുന്ന വിദ്യാർത്ഥി സമൂഹം തന്നെയാണ് അതിനുത്തരവാദികൾ.

നമ്മുടെ കലാലയങ്ങളിലെ രാഷ്ട്രീയം ഒരു കലാപരാഷ്ട്രീയമായി മാറിക്കൊണ്ടിരിക്കുന്ന വേളയിൽ, ഇതിന് അറുതിവരുത്താൻ അധ്യാപകരും രക്ഷിതാക്കളും മുന്നോട്ടുവരേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികളെ രാഷ്ട്രീയ ദുരന്തത്തിൽ നിന്നും രക്ഷിക്കാൻ "ഒരേയൊരിന്ത്യ, ഒരൊറ്റ ജനത' എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഇനി ഇതേ മാർഗ്ഗമുള്ളൂ. ■

കവിത



# അവസാനമില്ലാതെ....

ഞാനൊരു കവിയല്ലെങ്കിലും
നിന്നെ ഞാൻ എഴുതിയിരുന്നു
നിന്നെ ഞാൻ സ്നേഹിച്ചിരുന്നു
എഴുതി ഞാൻ നിന്നിൽ
മറക്കില്ല മരിക്കുവോളമെന്ന്
തിരുത്തുന്നു ഞാൻ വീണ്ടും
വെറുക്കുന്നു ഞാൻ നിന്നെ
വിടചൊല്ലുന്നു അവസാനമില്ലാതെ....

പബിൻ കുമാർ
I B.Com.

ആശംസകളോടെ...

# കീഴല്ലൂർ
# സർവ്വീസ് സഹകരണ ബേങ്ക്

ലിമിറ്റഡ് നമ്പർ : എഫ്. 1455

**H.O. എളമ്പാറ, ഫോൺ : 2471346**

**പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചത്**

ബ്രാഞ്ച്

കീഴല്ലൂർ, ഫോൺ: 2308628
എടയന്നൂർ, ഫോൺ: 2485410
ചാലോട് (മോണിംഗ് & ഈവനിംഗ്) , ഫോൺ : 2485420
വായാന്തോട്, ഫോൺ: 2474470

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ, പൂർണ്ണ സുരക്ഷിതത്വം.
- ആകർഷകമായ വിവിധതരം നിക്ഷേപപദ്ധതികൾ.
- സ്വർണ്ണപണ്ടത്തിൻമേൽ ചുരുങ്ങിയ പലിശ നിരക്കിൽ പവന് പരമാവധി വായ്പ കൊടുക്കുന്നു
- ഗഹാൻ സമ്പ്രദായത്തിൽ സ്വത്ത് പണയത്തിന്മേൽ 5ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു
- വിവിധതരം വായ്പാ പദ്ധതികൾ - കിസാൻ ക്രഡിറ്റ് കാർഡ്.
- ചാലോട്, വായാന്തോട് ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യം.

പ്രസിഡണ്ട് :
**അബ്ദുൾ അസീസ്**

സെക്രട്ടറി
**ഭാസ്ക്കരൻ വി. ആർ.**

# സ്നേഹത്തിൻ പുഞ്ചിരി.



പ്രജീവ് കെ. നമ്പ്യാർ
I BSc. Computer Science

ഒരു നീണ്ട നിശബ്ദ പ്രണയത്തിനൊടുവിൽ നിൻ-
കരം ഗ്രഹിക്കും ശുഭനിമിഷവും കാത്തുതൊ-
നക്ഷമനായ് ഇന്നും നിൻ മുന്നിൽ
പുസ്തകത്താളുകൾ മറിഞ്ഞു പോവുമ്പോൾ
വർഷങ്ങൾ ഓരോന്നും ഓർമ്മയായി മാറിടുമ്പോൾ
നിന്നോർമ്മകൾ പ്രതിഷ്ഠിച്ച ശ്രീ കോവിലിൽ ഞാൻ
പ്രാർത്ഥിച്ചിടുന്നൂ... നിൻ നന്മയ്ക്കായി
നിൻ സ്പർശന മഞ്ഞുതുള്ളികൾ,എൻ-
കൈക്കുമ്പിളിൽനിറഞ്ഞു പുതുതീർത്ഥമായി
പുസ്തകങ്ങളെ കാലം പുതിക്കിടുമ്പോൾ
വിദ്യാലയാങ്കണങ്ങളോരോന്നും മാറിടുമ്പോൾ
മാറ്റില്ലാതനശ്വരമായി, ഞാനും എന്റെ സ്നേഹവും
കാലത്തിൻ മുള്ളുകളിൽ ഞാൻ കാലിടറി വീണപ്പോൾ
നിൻ സാമീപ്യമെത്തിയൊരു കുളിർക്കാറ്റായി
വൻ മതിലുകൾ കണ്ടു പതച്ചു നിൽക്കുമ്പോൾ
നിൻ പുഞ്ചിരി എന്നരികിലുണ്ടെങ്കിൽ
മതിലുകൾ കടന്നു പറക്കും ഞാനൊരു ശലഭമായ്
ഏകാന്തതയുടെ അന്ധകാരത്തി-
ലവിശ്വാസത്തിന്റെ മൗനങ്ങളിൽ
മുങ്ങിപ്പോകുമെന്നെ കൈ പിടിച്ചുയർത്തിയ
പുതുവിശ്വാസമെനിക്കായി പകർന്നു നല്കിയ
എൻ സഖീ... നിനക്കു നന്ദി......
ശോഭയാൽ ശാന്തിയാൽ ധന്യമാം സുന്ദരീ....
ഒരു പരുവസായിയാം പ്രണയത്തിനായ് ഞാൻ
കാത്തു നിന്നൂ.... ഈ വഴിയരികിൽ നിന്നെ,
ഒരു പുഞ്ചിരിക്കായ്....
നിൻ സ്നേഹത്തിൻ പുഞ്ചിരിക്കായ്....



# MAGAZINE COMMITTEE



Rajeesh K.M.



Shamal K.P.



Naveen

# UNIVERSITY WINNERS



Sudheesh Karunan
(Long Jump II Prize)



Rishin. T.P.
(High Jump II Prize)

# INDIVIDUAL CHAMPION



Preethimol



Vipin T.M.



Jimnesh kumar
(Sahithyaprathibha)



Omnath
(Chithraprathibha)



Rasheed
(Kalaprathibha)



Soniya Mohandas
(Kalathilakam)

## University Winners

Preethimol, Renla (Soft ball)
Kavya, Tenils (Hand ball)
Sajeer, Rishin T.P. (Soft ball)

Sithara V.C. (Kuchupudy III A Grade)
Mithun Chandran (Githar II A Grade)
Rasheed & Team (Oppana II Prize)

Vipin K. & Team (Theruvunadakam III Prize)

*With best compliments from :*

**M/s. Pilathara Co-operative Society**

No. C. 1558

Pilathara, Kannur.

ആശംസകളോടെ...

**പുന്നാട് വനിത സഹകരണസംഘം**

നമ്പർ സി. 1607

പ്രസിഡണ്ട് :

**കെ. ജാനകി**

സെക്രട്ടറി

**പി.എ. ഉമ**



ജിൻസ്
II B. Com.

# അവരോട്..........

അജ്ഞതയൊന്നേയുള്ളു എനിക്കുള്ളിൽ
എപ്പോഴാണെന്നവസാനം..........
എൻമാതൃഭൂമിക്കവസാനം
ഇന്നോ? അതോ നാളയോ....
ഇന്നലെയുള്ള ദൈവത്തിന്റെ
സ്വന്തംനാട്, ഇന്നോ!! പിശാചുക്കളുടെ,
അല്ല!! മനുഷ്യരുടെ സ്വന്തം നാട്
മന്നവൻ തീർക്കുന്നു പാരിൽ
സാത്താന്റെ നിഴൽകൂത്താട്ടങ്ങൾ
ഇവിടെ സ്വന്തമില്ല!! ബന്ധമില്ല !!
ബന്ധനങ്ങളില്ല !!
കഠാരയും കറിക്കത്തിയും കുത്തി
തിരുകുമ്പോൾ അവന് വിറക്കാറുണ്ടോ?
മനസ്സിന്റെ ഉൾക്കോണിൽ അവന്
പശ്ചാത്താപം തോന്നാറുണ്ടോ ?
പാവയായ്, എൻമുന്നിലേകുടയാളുമായി
മാറുന്നന് ഇല്ലാത്തത് പവിത്രമായ
സ്നേഹബന്ധം, സാഹോദര്യബന്ധം.
നാം തിരിഞ്ഞുനോക്കില്ല ......
എങ്കിലും ഒന്നുനോക്കിയാൽ
നമുക്ക് കാണാം നമ്മുടെ പൂർവ്വികരുടെ
പവിത്രമായ ജീവിതരീതികൾ ......
എനിക്കുവയ്യാ പകയാണെന്റെ മനസിൽ
മാനവികതയുടെ പുത്തൻ തലമുറയോടുള്ള
ഒടുങ്ങാത്ത പക
എന്നാണെൻ പൂർവ്വികരേ.........
എന്റെയവസാനം.

ഫീച്ചർ

# ആ കഥ കേട്ടപ്പോൾ...



രതീഷ് സി
I DC Maths

മനോഹര ജീവിതത്തിന്റെ ജൈത്രയാത്രയിൽ കണ്ണുനീർ വറ്റിവരണ്ട പാടുകൾ കാണുമ്പോൾ അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ചോദിച്ചറിയാനുള്ള ഒരു മനസ്സ്, അതാണ് യഥാർത്ഥ ജീവിതത്തിന്റെ അടിത്തറ. ആ കണ്ണുനീരിന് കാരണക്കാരായവരെ മനസ്സിലെ പ്രതികരണത്തിന്റെ കോണിൽ വിതുമ്പുന്ന ഓർമ്മകൾകൊണ്ട് മൂടിവെച്ച് നന്മയുടെ കണികകൾ തേടിപോവുന്ന ഒരുപാട് പേരുണ്ട് നമുക്ക് ചുറ്റും അതിൽ ചിലരെങ്കിലും അനാഥത്വം എന്ന അവസ്ഥയിലേക്ക് വലിച്ചെറിയപ്പെട്ടവരായിരിക്കാം...... മനസ്സിന്റെ താളങ്ങൾ തെറ്റിയവരായിരിക്കാം. ഈ അത്ഭുതലോകത്തിന്റെ മായാകാഴ്ചകൾ കാണാനും സുന്ദരകഥകൾ കേൾക്കാനും കൊതിക്കുന്നവർ......... ഉപേക്ഷിക്കപ്പെട്ടവർ..........

**സന്തോഷവും ദുഃഖവും ഇടകലർന്ന് അനുഭവിക്കുന്നവർക്ക് വേണ്ടിയുള്ളതാണ് ഈ സുന്ദരലോകം. മലനിരകൾ മുലചുരത്തുന്നതും കാർമേഘങ്ങൾ കണ്ണുനീർ ഒഴുക്കുന്നതും ആർക്കുവേണ്ടി.**

അവരെക്കുറിച്ചുള്ള ചിന്തകൾ മനസ്സിലൂടെ കടന്നുപോകുമ്പോഴൊക്കെ,.... ആ ഉപേക്ഷിക്കപ്പെട്ടവരെക്കുറിച്ചും..... അവരെ സംരക്ഷിക്കുന്നവരെക്കുറിച്ചും പഠിക്കാൻ തോന്നും.

അനാഥരായ മക്കളേയും മക്കൾ ഉപേക്ഷിച്ച അച്ഛനമ്മമാരേയും തേടി കണ്ണീരിന്റെ ആഴക്കടലിലേക്ക്...... സ്നേഹിച്ചവർ വഞ്ചിച്ചപ്പോൾ മനസ്സിന്റെ സമനില തെറ്റിയവരുടെ ലോകത്തിലേക്ക്... അനാഥത്വത്തിന്റെ നഗ്നചിത്രങ്ങൾ തേടി പോവാൻ ഞങ്ങൾ തീരുമാനിച്ചു.

ഞാനും രജീഷും പ്രിൻസും ശ്രീജിത്തും ചേർന്ന് കോളേജിൽ നിന്നും പ്രിൻസിപ്പലിന്റെ കത്തും വാങ്ങി പേരട്ടയിലെ സ്നേഹഭവൻ ലക്ഷ്യമാക്കി പുറപ്പെട്ടു. എങ്ങും സന്തോഷത്തിന്റേയും കൂട്ടലുകളുടേയും കിഴിക്കലുകളുടേയും മണികിലുക്കം മാത്രം കേൾക്കുന്ന ക്യാമ്പസ്സിൽ നിന്നും വളരെപ്പെട്ടെന്നാണ് ഞങ്ങളുടെ ചിന്തകൾ അവരുടെ അടുത്തേക്ക് പിഴുതെറിയപ്പെട്ടത്. ഉച്ചയ്ക്ക് 12 മണിയാകുമ്പോഴേക്കും ഞങ്ങൾ പേരട്ടയിൽ എത്തി. സ്നേഹഭവന്റെ മണ്ണിലേക്ക് കാൽപാദം തട്ടിയപ്പോൾ ഒരുതരം മരവിപ്പ് തലയിലേക്ക് ഇഴഞ്ഞുകയറുന്നതുപോലെ അനുഭവപ്പെട്ടു. അത് തോന്നലാവാം.... സത്യമാവാം...

ആ അന്തരീക്ഷത്തിന് ഒരു പ്രത്യേകതയുള്ളതായി എനിക്ക് തോന്നി. "അല്ല ഞങ്ങൾ അനാഥർ അല്ല, ഞങ്ങളെ ചതിച്ചതാണ്. സ്നേഹിച്ചവർ വഞ്ചിച്ചതാണ്. പത്ത് മാസം ചുമന്ന് പ്രസവിച്ച മക്കൾ ഉപേക്ഷിച്ചതാണ്. ഞങ്ങൾ മാനസികരോഗികളല്ല ഇങ്ങനെയുള്ള നിശബ്ദമായ പ്രതിധ്വനികൾ എവിടെയും അല

ടിക്കുന്നത് പോലെ....

ഞങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വഴിയിൽനിന്നും പ്രിൻസ് രജീഷിനെ തട്ടിമാറ്റിയപ്പോൾ എല്ലാവരും ഒന്ന് ഞെട്ടി. തൊട്ടുപിറകിൽ ഒരാൾ പശുവുമായി കടന്നുവരുന്നു. അയാൾ ഞങ്ങളെത്തന്നെ നോക്കുന്നുണ്ടായിരുന്നു. ആ കണ്ണുകളിൽ എന്തിനോടൊക്കെയോ ഉള്ള പക ആളിക്കത്തുന്നുണ്ട്. മുഖത്ത് നിരാശാബോധവും പ്രകടമായിരുന്നു. ആ കന്നുകാലിയോട് കുശലം പറയുകയും ചിരിക്കുകയും ചെയ്യുന്നത് കാണുമ്പോൾ സന്തോഷം തോന്നും.... കാരണം ആ മിണ്ടാപ്രാണികൾക്കെങ്കിലും ആയാളുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരാൻ കഴിയുന്നുണ്ടല്ലോ.... അദ്ദേഹം കുറച്ചുനേരം ഞങ്ങളെത്തന്നെ നോക്കിക്കൊണ്ട് തന്റെ പ്രവൃത്തികൾ തുടർന്നുകൊണ്ടിരുന്നു. ആരും കാണാനും അറിയാനും ശ്രമിക്കാത്തവർക്കുവേണ്ടി.

ഒരുപാട് കലപില ശബ്ദങ്ങൾക്കിടയിലൂടെ ഞങ്ങൾ അവിടെയൊക്കെ നോക്കിക്കണ്ടു. എല്ലാവരും ഞങ്ങളോട് ചിരിക്കുന്നുണ്ട്. ചിലർ എന്തൊക്കെയോ പിറുപിറുക്കുന്നു. ഇന്നത്തെ സമൂഹത്തിന്റെ വൃത്തികെട്ട അവസ്ഥയോട് പ്രതികരിക്കുന്നതാവാം. തന്നെ ഈ നിലയിലേക്ക് വലിച്ചെറിയപ്പെട്ടതിൽ ചെറിയൊരു പകുള്ള ദൈവത്തിനോട് എന്തിനോവേണ്ടി പ്രാർത്ഥിക്കുന്നതാവാം. ആ ചുണ്ടുകൾ സ്ഥിരമായി കൂടിച്ചേരുന്നില്ല. ഇല്ല ഒരിക്കലും കൂടിച്ചേരില്ല.

അവിടെ ഇന്ന്, താളം തെറ്റിയ മനസ്സിൽനിന്നും കുറച്ചെങ്കിലും ജീവിതത്തിന്റെ പാതയിലേക്ക് തിരിച്ചുവരുന്നവർ, അവരാണ് ജോലികൾ ചെയ്യുന്നത്. ഭക്ഷണം കഴിച്ച പ്ലേറ്റുകൾ ഒരു വലിയ പാത്രത്തിൽ ഇട്ട് അതും ചുമന്നുകൊണ്ട് എന്തൊക്കെയോ സംസാരിച്ചുകൊണ്ട് നടന്നുപോകുമ്പോൾ അവർ ഓർക്കുന്നുണ്ടാവുമോ, മുൻപ് അനുഭവിച്ച ജീവിത ഭാരത്തെക്കുറിച്ച് ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി വിധിയോട് മല്ലിട്ട്... കുറച്ച് "കടലാസ് പണം" ഉണ്ടാക്കാൻ അനുഭവിച്ച കഷ്ടപ്പാടിനെക്കുറിച്ച്... ഉണ്ടാവില്ല. കാരണം അവർ അകന്നുപോയിരിക്കുന്നു. അല്ല അകറ്റിയിരിക്കുന്നു. ജീവിതത്തിന്റെ സുഖങ്ങളും ദുഃഖങ്ങളും ഇട കലർന്ന അടിസ്ഥാന ജീവിതശൈലിയിൽ നിന്നും ദുഃഖങ്ങൾ മാത്രം അലടിക്കുന്ന മനസ്സിന്റെ താളം തെറ്റിയ ലോകത്തിലേക്ക്... അവിടെ നിന്നെങ്കിലും...... പരിശുദ്ധമായ ഒരു സ്നേഹം അവർക്ക് ലഭിക്കുമാറാകട്ടെ....

കുറച്ചുനേരമേ അവിടെ ചിലവഴിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞുള്ളൂ എങ്കിലും, ആ ചെറിയ സമയം ഞങ്ങളുടെ മനസ്സ് അവർക്കായി, അവരുടെ നന്മയ്ക്കായി പ്രാർത്ഥിച്ചു. അവർക്കൊരു കൂട്ടായി അവിടെ നിൽക്കാൻ കൊതിച്ചു....മനസ്സില്ലാ മനസ്സോടെ അവിടെ നിന്നും മടങ്ങുമ്പോൾ ആരുടെയൊക്കെ കണ്ണ് നിറഞ്ഞിരുന്നു.... അവരുടെ പ്രതീക്ഷകൾ അസ്തമിച്ചതായി ആരും കരുതിയിട്ടില്ല. അവർക്ക് ഈ അവസ്ഥ ഇടവരാൻ കാരണക്കാരായവരോടുള്ള പകയും പ്രതികാരവും ചിന്തകളും മനസ്സിനുള്ളിൽ പെറ്റുപെരുകുമ്പോഴും കാപട്യത്തിന്റെ പുറം ലോകങ്ങളിൽ കൈകാലുകൾ ബന്ധിക്കപ്പെടുമ്പോഴും ഞങ്ങളുടെ നാക്കിൽ നിന്നും വന്ന സമചിത്തയുടെ പോയ്‌വരാം എന്ന വാക്ക്, അവർ ഏറ്റുവാങ്ങിയിട്ടുണ്ടാവാം...

ഇന്ന് ഭക്ഷണത്തിനും മറ്റ് പല ആവശ്യങ്ങൾക്കും അവരെ സഹായിക്കുന്ന പരിശുദ്ധമായ കൈകൾക്ക് കോടാനുകോടി സദ്ബുദ്ധി കൈവരുവാൻ സർവ്വേശ്വരനോട് യാചിച്ചുകൊണ്ട് മാനസികനില തെറ്റിയവർ എന്ന്, ആരൊക്കയോ വിശേഷിപ്പിക്കുന്ന ഞങ്ങളുടെ സഹോദരന്മാർക്ക് നന്മകൾ മാത്രം വരുത്തണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ആ സ്നേഹദവനോട് ഞങ്ങൾ വിടപറഞ്ഞു. തിരിഞ്ഞ് നടക്കുമ്പോഴും, അവരുമായി ചിലവഴിച്ചപ്പോൾ ഉടലെടുത്ത ആത്മബന്ധം ഞങ്ങളെ പിറകോട്ട് വലിക്കുന്നുണ്ടായിരുന്നു.

ആദ്യവരികളിൽ പറഞ്ഞതുപോലെ- കണ്ണുനീർ വറ്റിവരണ്ട പാടുകൾ, ആ പാടുകൾ വഴികളാക്കി മാറ്റി അതിലൂടെ നിങ്ങൾക്കുള്ള എന്തെങ്കിലും പ്രതീക്ഷകളുമായി തളരാത്ത ചുവടോടുകൂടി ഞങ്ങൾ വരും... നിങ്ങൾക്കൊരു സാന്ത്വനമായി...... വറ്റാത്ത കണ്ണീർ തുടക്കാൻ.....

■

*With best compliments from :*

**Ph : 2857965, 2859859**

# NALENDA COLLEGE, EACHUR.

**+2** - *Humanities / Commerce /computer Application*

**BA** - *English, Economics, Workers, Malayalam, Politics*

**BSc** - *Maths,*

**B Com.** - *Co-operation*

**MA** - *Engish, Malayalam, Economics*

**M Com.**

ആശംസകളോടെ...

# ചാവശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്

**ലിമിറ്റഡ് നമ്പർ സി. 39**

**പി.ഒ. ചാവശ്ശേരി**

പ്രസിഡണ്ട് : സെക്രട്ടറി

**സി. അഷറഫ്** **കെ.പി. സതീഷ് ചന്ദ്രൻ**



Prince TG
I[st] DC Maths

# A Beggar

I am a 'Beggar', a young 'Beggar'
I beg for knowledge and 'kndos'
But I can't flicker well. I am a 'Beggar'
I can't love any one; they insult me.

Once I knocked a door to beg a chance.
They turned their face from me
Their thoughts are insular
And their actions encourage me.
Garnage is thrown at me by some
That's Precious to me
I know God! God knows me.
He purfies my vision and mission.
I am a 'Beggar' a young 'Beggar'
I beg for knowledge and 'kndos'

*With best compliments from :*

**Ph : 2493739**
**Mob: 9447687068**

# PRATHIBHA

**OFFSET PRINTERS**

N.P. ROAD

**IRITTY.**

ആശംസകളോടെ...

**തലശ്ശേരി താലൂക്ക് പബ്ലിക്ക് സർവ്വന്റ്സ്**
**വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

ലിമിറ്റഡ് നമ്പർ സി. 1669

കൂത്തുപറമ്പ്

**സഹകരണ രംഗത്ത് ഒരു മാതൃകാസ്ഥാപനം**

പ്രസിഡണ്ട് :
**പി. കെ. സതീശൻ**

സെക്രട്ടറി
**പി.പി. രഞ്ജിത്ത്**

## Annual Regular Work of NSS Unit No. 30 for the Year 2006-07

1. One day Green & clean the campus Programme on 10.06.06
2. Green the campus Programme on 29.07.06
3. Independence day Celebrations on 15.08.06
4. Legal Literacy seminar by KELSA in association with NSS on 16.09.06
5. Orientation programme for first years on 23.09.06
6. Orientation programme for first years on 30.09.06
7. Campus cleaning by First year students on 14.10.06
8. Campus cleaning on 21.10.06
9. Value Education seminar on 18.11.06
10. Republic day celebrations on 26.01.07

## Annual Special Camp of NSS Unit No. 30 for the year 2006-07

Camp held at Sacred Heart High School Angadikkadavu from 23.12.06 to 01.01.07. Main Projects undertaken:

Road to Eenthumkari Adivasi Colony. Socio- Economic Survey in the ward of Ayyankunnu Grama Panchayath, Various seminars on health, personality and career, Excursion to Banamala, X-mas, Bakrid, New Year celebrations.

**Congratulates co-ordinator Bijumon and Caption Sreejith P.P**



ആശംസകളോടെ...

ഫോൺ : 2491678

# ഇരിട്ടി ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം

ലിമിറ്റഡ് നമ്പർ : സി. 891

**പി.ഒ. ഇരിട്ടി, ഇരിട്ടി**

- ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ ഭവന നിർമ്മാണത്തിനും റിപ്പയറിംഗിനും 5 ലക്ഷം രൂപവരെ വായ്പ
- കുറഞ്ഞ പലിശനിരക്കിൽ സ്വർണ്ണപണ്ടപണയ വായ്പ
- നിക്ഷേപകർക്ക് ആകർഷകമായ പലിശ
- ഭവന നിർമ്മാണ വായ്പക്ക് സൗജന്യ ഇൻഷൂറൻസ് പരിരക്ഷ.

പ്രസിഡണ്ട് :

സെക്രട്ടറി :

ആശംസകളോടെ...

# പള്ളിക്കുന്ന് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം

**ഫോൺ : 2707615**

ബ്രാഞ്ച് : പള്ളിക്കുന്ന്, ഫോൺ: 2746312, തളാപ്പ്, ഫോൺ : 2706630

ഈവനിംഗ് ബ്രാഞ്ച് : ചാലോട്, ഫോൺ : 2766875

തളാപ്പ്, (നിയർ കൊയിലി ഹോസ്പിറ്റൽ) ഫോൺ : 2706911

**എല്ലാവിധ ബേങ്കിംഗ് ഇടപാടുകൾക്കും പുറമെ നിത്യോപയോഗ സാധനങ്ങളുടെ വിതരണ ഡിപ്പോയും, രാസവള ജൈവവള വിതരണ ഡിപ്പോയും ബാങ്കിനോട് അനുബന്ധിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ ഗോൾഡ്ലോൺ രണ്ട് ലക്ഷം രൂപ വരെ മിതമായ പലിശ നിരക്കിൽ അനുവദിച്ച് വരുന്നു.**

പ്രസിഡണ്ട് :

കെ. ജെമിനി

സെക്രട്ടറി

പി.സി. ലേഖ

# അലുമ്നി അസോസിയേഷൻ

## മഹാത്മാ ഗാന്ധി കോളേജ് - ഇരിട്ടി

## പ്രവർത്തന റിപ്പോർട്ട്

ഉന്നത വിദ്യാഭ്യാസം ഒരു മരീചികയായി കണക്കാക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ സാധാരണക്കാരിൽ സാധാരണക്കാരായ കർഷകരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് യാഥാർത്ഥ്യത്തിന്റെ നിറവ് പകരുവാൻ മലയോര മക്കളുടെ കൂട്ടായ്മയിൽ സ്ഥാപിതമായ ഇരിട്ടി മഹാത്മാഗാന്ധി കോളേജ് അതിന്റെ വിജയ പന്ഥാവിൽ ദശവർഷം പൂർത്തിയാക്കി കഴിഞ്ഞു. ഈ കാലയളവിനുള്ളിൽ ഒമ്പതു ബിരുദ ബാച്ചുകളും നാല് ബിരുദാനന്തര ബിരുദ ബാച്ചുകളും കലാലയത്തിന്റെ സ്തുത്യർഹ സേവനത്തിന്റെ പതാക വാഹകരായി പുറത്തിറങ്ങി കഴിഞ്ഞു. ഇവരെ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ട് കലാലയത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അതിന്റെ സമൂലമായ പ്രവർത്തനങ്ങളിൽ സജീവ സഹകരണങ്ങൾ നൽകി കൊണ്ട് സംഘടന പ്രവർത്തനം തുടങ്ങിയിട്ട് ആറു വർഷം തികഞ്ഞിരിക്കുന്നു.

2000 ഫിബ്രവരി 2ന് ചേർന്ന പൂർവ്വ വിദ്യാർത്ഥി യോഗത്തോടെയാണ് സംഘടന നിലവിൽ വന്നത്. ആറര വർഷം പൂർത്തിയായ ഈ അവസരത്തിൽ തിരിഞ്ഞു നോക്കുമ്പോൾ പൂർവ്വവിദ്യാർത്ഥി സംഘടനകൾ വെറും കടലാസു പുലികളായ മറ്റു കലാലയങ്ങൾക്കിടയിൽ ഞങ്ങളുടെ മികവിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളായി എടുത്തു കാണിക്കുവാൻ കഴിയുന്ന പ്രവർത്തന വിജയങ്ങൾ നിരവധിയാണ്. കാലാകാലങ്ങളിൽ ഈ കലാലയവും അതിന്റെ ഭാരവാഹികളും ഇത്തരം പ്രവർത്തനങ്ങളിൽ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം തന്നെയാണ് ഈ മേഖലയിൽ വേറിട്ട ഒരു ശബ്ദമായി മാറുന്നതിന് ഞങ്ങളെ സഹായിച്ചതെന്ന് പറയാതെ വയ്യ. അവരുടെ ഈ സ്നേഹവായ്പ്പിനെ ഈ അവസരത്തിൽ ഞങ്ങൾ മനസ്സാ സ്മരിക്കുന്നു. സംഘടനയുടെ യശസ്സുയർക്കത്തക്ക വിധത്തിൽ ഈ കഴിഞ്ഞ വർഷം സംഘടന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപം നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

അസോസിയേഷൻ ഭാരവാഹികൾ

| | | |
|---|---|---|
| രക്ഷാധികാരി | : | എം. ജെ. മാത്യു |
| അഡൈ്വസർ | : | മിസ്സ് സ്വരൂപ. ആർ |
| പ്രസിഡണ്ട് | : | വിനോദ് എം. കെ |
| വൈ. പ്രസിഡണ്ട് | : | സിജു. കെ. പി |
| ജന.സിക്രട്ടറി | : | ബിജു.ജോൺ.ടി |
| ജോ.സിക്രട്ടറി | : | ലീമ. ടി. മാത്യു |
| ഖജാൻജി | : | റോബി മാനുവൽ |

മുൻ കാലഘട്ടങ്ങളിൽ തുടങ്ങി വച്ച പരിപാടികൾ തുടരുന്നതോടൊപ്പം തന്നെ കോളേജിന്റെയും അതിലെ വിദ്യാർത്ഥികളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും ഉന്നമനത്തിനായി നിരവധി പരിപാടികൾ വിജയകരമായി നടപ്പാക്കുവാൻ സംഘടനയ്ക്കു സാധിച്ചിട്ടുണ്ട്. അതിന്റെ ഒരു രത്നചുരുക്കം മാത്രം ഇവിടെ കുറിക്കുന്നു.

## STEP INTO STEP UP YOUR ENGLISH

ഇന്റർവ്യൂകളിലും മറ്റവസരങ്ങളിലും നമ്മുടെ കലാലയത്തിലെ ബിരുദ ബിരുദാനന്തരധാരികൾ ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിൽ പരാജയപ്പെട്ട് പോകുന്നു എന്ന തിരിച്ചറിവിൽ അവർക്ക് ഒരു കൈസഹായം നൽകുവാൻ സംഘടന തയ്യാറായതിന്റെ ഫലമാണ് STEP INTO STEP UP YOUR ENGLISH എന്ന പരിപാടി ഈ കഴിഞ്ഞ ഏപ്രിൽ-മെയ് മാസങ്ങളിൽ നടന്ന തുടർക്ലാസ്സുകൾ കൽപ്പറ്റ ബി. എഡ്. സെന്റർ അദ്ധ്യാപകൻ ശ്രീ. രവികൃഷ്ണൻ കൈകാര്യം ചെയ്തു. കോളേജിലെ കോമേഴ്സ് ബിരുദ പരീക്ഷ എഴുതിയ നിരവധി വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

## CUST ENTRANCE TRAINING PROGRAMME

കഴിഞ്ഞ വർഷങ്ങളിലേതുപോലെ തന്നെ ഈ വർഷവും സംഘടന ഉന്നത വിദ്യാഭ്യാസത്തിന് താത്പര്യമുള്ള കുട്ടികൾക്ക് എൻട്രൻസ് പരീക്ഷ എഴുതുന്നതിനുള്ള പരിശീലന പരിപാടി നടത്തി. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഉന്നത വിദ്യാഭ്യാസത്തിനോ ജോലിക്കോ ചേർന്നു എന്നത് സംഘടനയുടെ യശസ്സ് ഉയർത്തുന്ന കാര്യമാണ്.

## TOTAL IMPROVEMENT PROGRAMME (TIP)

നമ്മുടെ കലാലയത്തിലേക്ക് പ്രതീക്ഷയോടെ കടന്നു വന്ന ആദ്യവർഷ വിദ്യാർത്ഥികളെ സാമൂഹ്യ ജീവിതത്തിന്റെയും ശാസ്ത്ര സാങ്കതിക തലങ്ങളുടെയും വിവിധ മേഖലകളിൽ ജീവിത വിജയം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് TIP സംഘടിപ്പിച്ചിരുന്നത്. ചടങ്ങളിൽ ഡോ. കെ.ജെ ജോൺ ക്ലാസ്സുകൾ നയിച്ചു.

## STEPS AHEAD

മഹാത്മാഗാന്ധി കോളേജിന്റെ ചരിത്രത്തിൽ ഇത്രയധികം വിദ്യാർത്ഥിപ്രീതി പിടിച്ചുപറ്റിയ പരിപാടി ഉണ്ടായിരുന്നോ എന്നത് സംശയമാണ്. നമ്മുടെ കലാലയത്തിലെ അവസാനവർഷ വിദ്യാർത്ഥികളെ ഇനിയെന്ത്? എന്ന പ്രശസ്തമായ ചോദ്യത്തിന് മറുപടി കണ്ടെത്തുവാൻ സഹായിച്ച് അവരെ വ്യക്തമായ ജീവിത വീക്ഷണം ഉള്ളവരായി വളർത്തിക്കൊണ്ടു വരിക എന്നതായിരുന്നു. പരിപാടിയുടെ ഉദ്ദേശ്യം CIGI കൗൺസലിങ്ങ് സെന്റർ, കോഴിക്കോട് പരിപാടിക്ക് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുതന്നു. സിജിയിൽ നിന്നുള്ള കരിയർ കൗൺസിലർ ശ്രീ. മുജീബുള്ള ക്ലാസ്സ് കൈകാര്യം ചെയ്തു. നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തതും അവരുടെ സജീവമായ ഇടപെടൽ കൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ടതുമായ പരിപാടി സംഘടനയുടെ യശസ്സിനെ വാനോളം ഉയർത്തി.

സംഘടനയുടെ മുഴുവൻ പ്രവർത്തനങ്ങളും അക്കമിട്ടു നിരത്തുക എന്നത് അപ്രാപ്യമായ കാര്യമാണ്. അത്രമാത്രം കാര്യങ്ങൾ ഇവിടെ സംഘടിപ്പിക്കുവാൻ ഞങ്ങളോട് സഹകരിക്കുന്ന കോളേജ് പ്രിൻസിപ്പാൾ ഡോ.എം.ജെ. മാത്യു സാറിനോടുള്ള നന്ദി ഈ അവസരത്തിൽ സംഘടന അറിയിക്കുകയാണ്. നൂതന ആശയങ്ങളുടെ നിറകുടവുമായി ഞങ്ങളെ മുന്നോട്ട് നയിക്കുന്ന അഡൈ്വസർ മിസ്സ്. സ്വരൂപ ആറിന്റെ സേവനത്തെയും ഇവിടെ സ്മരിക്കുന്നു. കലാലയത്തിലെ പ്രവർത്തനങ്ങൾക്ക് ഞങ്ങളോട് സഹകരിക്കുന്ന എല്ലാ അദ്ധ്യാപക, അനദ്ധ്യാപക, വിദ്യാർത്ഥി, പൂർവ്വ വിദ്യാർത്ഥികളോടും സംഘടന നന്ദി അറിയിക്കുന്നു. ശൈശവാവസ്ഥയിലുള്ള സംഘടനകളുടെ ദൗർബല്യങ്ങൾ മറികടന്ന് സംഘടനയുടെ യശസ്സ് വർദ്ധിപ്പിക്കുവാൻ കഴിയും വിധം പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആയതിന്റെ രേഖയായ ഈ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന് ബിജുജോൺ ടി.
സിക്രട്ടറി

# P.K. MURALEEDHRAN MEMORIAL TRUST

A Trust named P.K. Muraleedharan Memorial Trust was formed in the fond memory of Late. P.K. Muraleedhran, Lecture in Mathematics, M.G. College, Iritty. Who died in a tragic bike accident at trissur. P.K. Muraleedharan Memorial Trust, organized many academic programmes this year also. In association with PG dept. of Mathematics it organazied a oneday regional seminar in Mathemetics of 24-11-2006 by Dr. Sivakumar T.R. In Association with mathematics conducted a maths exhibition on 22-2-2007.

**Aims and objectives of the trust**

The aim and objectives of the trust is the upliftment of education of stadards of M.G. College, Iritty in general and dept. of the Mathemetics, in perticulars.

a) To provide yearly scholarship of Rs.1,000/- each to two student each of the first and third year BSc Maths every year.

b) To conduct intercollegiate level mathametic seminar or quiz competattion every year.

c) To provide cash award to one student. Cash each main subject general proficiency.

d) To publish a photo and rememberance news in fond memory of late P.K. Muraleedharan in college magazine, every year.

e) To undertake the areas of service dicided by the trust committee time to time.

**The committee consists of :**

1. Founder : Sri. P.Ramakumar (F/o. Late P.K. Muraleedharan)
2. Chairman : Manager, M.G. College, Iritty
3. Vice Chairman : Principal M.G. College Iritty
4. Secretary : Elected by the trust committee every year.

The following person will be the member of the committee

i) A member of the direct board of iritty education society nominated by the president, iritty education society

ii) Head of the dept. of mathematic M.G. College iritty.

iii) A member of the family of Late P.K. Muraleedharan

ആശംസകളോടെ...

Mob : 9447321431
Ph : 0490 2493133
0490 2491556
Fax : 0490 2491556

# V.B.K. TRAVELS

Old Bus Stand

**IRITTY.**

കല്യാണം, വിനോദയാത്രക്ക്

മുൻകൂർ ബുക്ക് ചെയ്യുക

**Air Ticket, Mobile Recharge Coupons, Banglore Bus Ticket**

*With best compliments from :*

# ATHULYA BOOKS

V.K. Complex, Fort Road, Kannur - 670 001

Telephone 0497 - 2709294, 2702846

**H.O. : M.G. Road, Thalassery - 670 101**

Telephone 0490 - 2324099, Resi : 2321053

# കോളേജ് യൂണിയൻ റിപ്പോർട്ട് - 06-07

എന്നും കച്ചവടത്തിന്റെ കണ്ണിലൂടെ മാത്രം കാണുന്ന നവകൊളോണിയൽ യുഗത്തിൽ വിദ്യാർത്ഥി സമൂഹത്തെ നിശബ്ദതയുടെ ഒറ്റപ്പെട്ട തുരുത്തുകളിലെ കമ്പോളങ്ങളാക്കി മാറ്റാനുള്ള ആസൂത്രിതമായ നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. കാലഘട്ടത്തിന്റെ പുസ്തകത്താളുകളിൽ ഒന്നും അടയാളപ്പെടുത്താനില്ലാത്ത കാഴ്ചപ്പാട് കൈമോശം വന്ന ഒരു തലമുറയ്ക്കുവേണ്ടിയുള്ള ആഹ്വാനത്തെ കൂട്ടായ്മയിലൂടെ വിദ്യാർത്ഥി സമൂഹം തീർച്ചായും തള്ളിക്കളയുക തന്നെ ചെയ്യും. ഈ കൂട്ടായ്മയിലൂടെ കേരളത്തിലെ വിദ്യാർത്ഥി സമൂഹം, ഞങ്ങൾക്കെല്ലാവർക്കും പഠിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ നമ്മുടെ അധികാരകേന്ദ്രങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പിൻവാതിലുകൾ പണച്ചാക്കുകൾക്ക് വേണ്ടി തുറന്നിട്ടവർക്കും അത് കേട്ടില്ലെന്ന് നടിക്കാനാവില്ലെന്ന് തീർച്ചയാണ്.

സുഹൃത്തുക്കളെ,

ഈ വർഷത്തെ കോളജ് യൂണിയൻ തിരഞ്ഞെടുപ്പ് സപ്തംബർ അവസാനത്തോടെയാണ് നടന്നത്. ഔദ്യോഗികമായി യൂണിയൻ നിലവിൽവന്ന നവംബർ 23 മുതൽ മാർച്ച് 30 വരെയുള്ള സമയമാണ് യൂണിയൻ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. ഈ കാലയളവിൽതന്നെ പരീക്ഷകളും അവധികളും ഒഴിച്ച് ലഭിച്ച സമയം കുറവാണെങ്കിൽ തന്നെയും പ്രവർത്തനങ്ങളിൽ അനുഭവപ്പെട്ട വേഗതക്കുറവ് ഒരു യാഥാർത്ഥ്യമായി യൂണിയൻ ഉൾക്കൊള്ളുന്നു.

## കോളജ് യൂണിയൻ തെരഞ്ഞെടുപ്പ്

2006 സപ്തംബർ 29ന് നടന്ന തെരഞ്ഞെടുപ്പ് ശക്തവും സമാധാനപരവുമായിരുന്നു. യൂണിയൻ ഭാരവാഹികളായി താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| ചെയർമാൻ | : | വിവേക് പി. |
| വൈ. ചെയർമാൻ | : | ഷജിലാസ് കെ.പി. |
| ജനറൽ സിക്രട്ടറി | : | അർജ്ജുൻ ഗംഗാധരൻ |
| ജോ. സിക്രട്ടറി | : | അഷിത എം.കെ. |
| ഫൈൻ ആർട്സ് സിക്രട്ടറി | : | അയൂബ് പി.പി. |
| സ്റ്റുഡന്റ് എഡിറ്റർ | : | അജീഷ് കുമാർ കെ. |
| ജനറൽ ക്യാപ്ടൻ | : | മുഹമ്മദ് സജീർ കെ. |
| യു.യു.സി. | : | അഖിൽജോസ് |

**ക്ലാസ് പ്രതിനിധികൾ**

| | | |
|---|---|---|
| I DC | : | നിബിൻ. സി.ജെ |
| II DC | : | ജ്യോതിഷ് പി.വി. |
| III DC | : | ഷൈബിൻ കെ.വി. |
| PG | : | ഷിജി വി. |

**അസോസിയേഷൻ സെക്രട്ടറിമാർ**

| | | |
|---|---|---|
| കമ്പ്യൂട്ടർ | : | ജിഷിൻ കെ. |
| കോമേഴ്സ് | : | പ്രിൻസ് പി. ജോർജ്ജ് |
| മാത്സ് | : | ശ്രീജിത്ത് പി. പി. |
| ഫിസിക്സ് | : | ജിഷ്ണുപ്രസാദ് |

## യൂണിയൻ ജനറൽ കൗൺസിൽ

11-10-06 ന്കോളജ് പ്രിൻസിപ്പൽ മാത്യുസാറിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രഥമ യൂണിയൻ കൗൺസിലിൽവെച്ച് പ്രിൻസ് പി. ജോർജ്ജ് (കോമേഴ്സ് അസോ.), നിബിൻ സി ജോസഫ് ( I DC റപ്പ്), ജ്യോതിഷ് പി.വി. ( II DC റപ്പ്) എന്നിവരെ യൂണിയൻ എക്സിക്യൂട്ടീവിലേക്ക് തിരഞ്ഞെടുത്തു. പ്രസ്തുത യോഗത്തിൽ വെച്ച് ജിതേഷ് സാറിനെ യൂണിയൻ അഡ്വൈസറായി പ്രിൻസിപ്പാൾ നോമിനേറ്റ് ചെയ്തു.

**യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ.**

യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ചടങ്ങ് യൂണിയൻ ഉദ്ഘാടന വേദിയിൽവച്ച് നടന്നു. യൂണിയൻ ഭാരവാഹികൾക്ക് പ്രിൻസിപ്പൽ ഡോ.എം.ജെ. മാത്യു സാർ സത്യവാചകം ചൊല്ലിക്കൊടുത്തു.

## കോളേജ് യൂണിയൻ ഉദ്ഘാടനം

23-11-06ന് കോളേജ് യൂണിയന്റെ ഔപചാരികമായ ഉദ്ഘാടനം നടന്നു ഫോക്‌ലോർ അക്കാദമി മുൻചെയർമാൻ ശ്രീ.മുഹമ്മദ് അഹമ്മദ് യൂണിയന്റെ ഉദ്ഘാടവും പ്രശസ്ത ഗായിക സയനോര ഫിലിപ്പ് ആർട്സ് ക്ലബ് ഉദ്ഘാടവും നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ വിവേക് പി. അധ്യക്ഷനായ ചടങ്ങിൽ യൂണിയൻ അഡ്വൈസർ ജിതേഷ്സാർ സ്വാഗതവും യൂണിയൻ ജനറൽ സിക്രട്ടറി അർജ്ജുൻ ഗംഗാധരൻ നന്ദിയും പറഞ്ഞു. ചടങ്ങിൽ ആശംസകൾ അർപ്പിച്ചുകൊണ്ട്

ശ്രീ. കെ.വി. ദേവദാസൻ, ശ്രീ. മോഹനൻ, ശ്രീ. അയ്യൂബ് പി.പി. എന്നിവർ സംസാരിച്ചു. ഉച്ചയ്ക്ക് ശേഷം കണ്ണൂർ ഹരിശ്രീ ഓർക്കസ്ട്രയുടെ ഗാനമേളയും ഉണ്ടായിരുന്നു.

## ക്രിസ്തുമസ് ദിനാഘോഷം

ഐശ്വര്യത്തിന്റേയും സമാധാനത്തിന്റേയും പ്രതീകമായിക്കാണുന്ന ക്രിസ്തുമസിനെ കാമ്പസിലെ മുഴുവൻ വിദ്യാർത്ഥികളും ആഘോഷപൂർവ്വം സ്വീകരിച്ചു. കോളേജ് യൂണിയൻ സംഘടിച്ച ക്രിസ്തുമസ് ദിനാഘോഷം സാന്താക്ലോസിന് കേക്ക് മുറിച്ച് നൽകിക്കൊണ്ട് പ്രിൻസിപ്പൽ ഇൻചാർജ്ജ് ഷീജ നാറോത്ത് ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

## യൂണിയൻ കലോത്സവം

'മെഹ്ഫിൽ 07' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട കോളേജ് യൂണിയൻ കലോത്സവം മുൻമന്ത്രിയും ഗായകനുമായ ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്തു. ഡോ. എം.ജെ. മാത്യുസാർ അധ്യക്ഷനായ ചടങ്ങിൽ ആർട്സ് ഫോറം കൺവീനർ ജിതേഷ് സാർ സ്വാഗതവും ഫൈ.ആർട്സ് സെക്രട്ടറി അയൂബ് പി.പി. നന്ദിയും പറഞ്ഞു. ആശംസകൾ അർപ്പിച്ചുകൊണ്ട് ശ്രീ. റെജി പായ്ക്കാട്ട് (HOD ENG.), ശ്രീ. മോഹനൻ, ശ്രീ. വിവേക്, ശ്രീ. അജീഷ്കുമാർ എന്നിവർ സംസാരിച്ചു. നവം. 20, 21 തീയതികളിൽ സ്റ്റേജിതര മത്സരങ്ങളും ജനു.18, 19 തീയതികളിൽ സ്റ്റേജ് മത്സരങ്ങളും നടന്നു. വിദ്യാർത്ഥികളെ Minerva, Muesus, Appolo എന്നീ ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം സംഘടിപ്പിച്ചത്. കലോത്സവ വേദികളിലെ വിദ്യാർത്ഥികളുടെ സജീവപങ്കാളിത്തം യൂണിയനെ സന്തോഷിപ്പിക്കുന്നു. ചിട്ടയായ പരിശീലനത്തിന് ശേഷം വേദിയിലെത്തിയ നൃത്തയിനങ്ങളും നൃത്തേതരയിനങ്ങളും കലോത്സവ വേദിക്ക് ശോഭ പകർന്നു നൽകി. കലോത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച മുഴുവൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഫൈൻആർട്സ് സെക്രട്ടറിക്കും യൂണിയൻ നന്ദി രേഖപ്പെടുത്തുന്നു.

## ആനുവൽ സ്പോർട്സ് ഡേ

2006-07 വർഷത്തെ സ്പോർട്സ്ഡേ 'കായികോത്സവ്' എന്ന പേരിൽ 2007 ഫെബ്രുവരി 14ന് സംഘടിപ്പിച്ചു. പ്രൻസിപ്പൽ ഡോ. എം.ജെ. മാത്യുസാറിന്റെ അധ്യക്ഷത

# INTERNATIONAL COLLEGE OF HIGHER EDUCATION

ICHE

MATTANUR, PHONE : 0490-247426

Courses offered for +1, +2 (Commerce & Humanities), BA (Malayalam), B.Com (Co-operation)

Navodaya Entrance coaching and tuition classes for all subjects.

പ്രിൻസിപ്പാൾ: പ്രൊഫ. സി. ജി. നായർ    അഡ്മിനിസ്ട്രേറ്റർ : ആർ. വേണുഗോപാലൻ

# പഴശ്ശി സർവ്വീസ് സഹകരണ ബേങ്ക്

LTD; No. F. 1532, മട്ടന്നൂർ – 670702

PSCB

ഹെഡ് ഓഫീസ് - മട്ടന്നൂർ, ഫോൺ: 2471480

ബ്രാഞ്ചുകൾ : പെരിഞ്ചേരി, ഫോൺ : 2477032,

കരേറ്റ - ഫോൺ: 2477380, നീതി മെഡിക്കൽ - ഫോൺ: 2472026

പ്രസിഡണ്ട് : രാജേഷ്. എ.കെ.    സെക്രട്ടറി ഇൻ ചാർജ് : കെ.സി. സരള

ആശംസകളോടെ...

# യൂണിവേഴ്സൽ കോളേജ്

കോളേജ്റോഡ് റോഡ്, മട്ടന്നൂർ.

Courses > +1, +2 (Humanities, Commerce), BA (Eco./His.) BCom (Co-operation), BSc. (Maths)

ആശംസകളോടെ...




ഇന്ത്യയുടെ ആദ്യത്തെ BIS സർട്ടിഫൈഡ് ജ്വല്ലർ !

കുഞ്ഞിക്കണ്ണൻ ജ്വല്ലറി
ഗോൾഡ് ഹൗസ് - കണ്ണൂർ

Ph. 0497-2704514, 2764516, 2702467, 2760515, 3290757, Fax: 2767465

E-mail: cvravi@sancharnet.in

For Purity-Only Kunhikannan Jewellery

യിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ശ്രീ. ജോസഫ് സാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഫിസിക്കൽ എജ്യുക്കേഷൻ ലക്ചറർ ഷിനിൽ സാർ സ്വാഗതവും ജന.ക്യാപ്റ്റൻ മുഹമ്മദ് സജീർ നന്ദിയും പറഞ്ഞു. ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടന്ന മത്സരങ്ങളിൽ കുട്ടികൾ കൂടുതൽ ഉത്സാഹത്തോടെ പങ്കെടുത്തു എന്നത് യൂണിയൻ പ്രതീക്ഷയോടെ കാണുന്നു. സ്പോർട്സ് ഡേയുടെ വിജയത്തിനായി പ്രവർത്തിച്ച മുഴുവൻ അധ്യാപകരെയും വിദ്യാർത്ഥികളെയും ഫിസിക്കൽ എജ്യുക്കേഷൻ ലക്ചറർ ഷിനിൽ സാറിനെയും യൂണിയൻ ജന.ക്യാപ്റ്റനെയും യൂണിയൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

## യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം

2006-07 വർഷത്തെ കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവം കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ നടക്കുകയുണ്ടായി. ഫിബ്രുവരി 13, 14 തീയതികളിൽ സ്റ്റേജിതര മത്സങ്ങളും 16, 17, 18 തീയതികളിൽ സ്റ്റേജ് മത്സരങ്ങളും നടന്നു. മത്സരങ്ങളിൽ എം.ജി. കോളജിലെ വിദ്യാർത്ഥികൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. മത്സത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികൾക്കും യൂണിയൻ അഭിനന്ദനം അറിയിക്കുന്നു. ഒപ്പം വിദ്യാർത്ഥികൾക്ക് എല്ലാവിധ സഹായവും പ്രോത്സാഹനവും നൽകിയ ജിതേഷ് സാർ, രജിത ടീച്ചർ, ലിനി ടീച്ചർ എന്നിവർക്കും യൂണിയൻ നന്ദിയും കടപ്പാടും അറിയിക്കുന്നു.

## അസോസിയേഷൻ പ്രവർത്തനങ്ങൾ

മുഴുവൻ അസോസിയേഷനുകളുടേയും ഉദ്ഘാടനം നടത്തുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി ശാസ്ത്ര വിജ്ഞാനം പൊതുജനങ്ങളുടെ ഇടയിലേക്ക് എത്തിച്ചുകൊടുക്കുവാൻ തയ്യാറായ ഫിസിക്സ് ഡിപ്പാർട്ട്മെന്റിനേയും അസോസിയേഷനും യൂണിയൻ അഭിനന്ദനം അറിയിക്കുന്നു അതുപോലെ തന്നെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിനേയും അസോസിയേഷനേയും അഭിനന്ദനങ്ങൾ അറിയിക്കുന്നു. വളരെ നല്ലരീതിയിൽ സെമിനാറുകൾ സംഘടിപ്പിച്ച കമ്പ്യൂട്ടർസയൻസ് ഡിപ്പാർട്ട്മെന്റിനും അസോസിയേഷനും യൂണിയൻ അഭിനന്ദനം അർഹിക്കുന്നു. വളരെയധികം പ്രതിസന്ധികൾ ഉണ്ടായിട്ടും അതിനെയൊക്കെ നേരിട്ട് നല്ല പ്രവർത്തങ്ങൾ കാഴ്ചവെക്കുവാൻ കൊമേഴ്സ് അസോസേയേഷന് സാധിച്ചിട്ടുണ്ട്.

ആശംസകളോടെ...

ഫോൺ: 2491450

# യുവറാണി

പ്രമുഖ വസ്ത്രവ്യാപാരികൾ

ഇരിട്ടി

ആശംസകളോടെ...

# IRITTY UN EMPLOYEES WELFARE CO-OP: SOCIETY

Ltd. No. C. 1692., **P.O. Iritty - 670703, Kannur - Dt.**
Kerala, Ph : 0490-2519005

പ്രസിഡണ്ട് : ബിജു കുറുമുട്ടത്ത്

സെക്രട്ടറി : റീന അനിരുദ്ധൻ

ആശംസകളോടെ...

# വിശ്വഭാരതി കോളേജ്

നേരംപോക്ക് റോഡ്, ഇരിട്ടി.

**Courses**

**+1, +2** (Humanities, Commerce)
**BA, MA, BCom, MCom.**

ആശംസകളോടെ...

ONLY 916 GOLD

കല്ലറയ്ക്കൽസ്

# മഹാറാണി

ജ്വല്ലേഴ്സ്

ബേങ്ക് റോഡ്, കണ്ണൂർ. ഫോൺ: 2701705
| തൃശ്ശൂർ | പെരുമ്പാവൂർ |

GOLD, DIAMONDS & BIRTH STONES FROM MAHARANI

BIS

ഹാൻഡ്ബോൾ പോസ്റ്റ്

എം.ജി. യുടെ കായിക സ്വപ്നങ്ങൾക്ക് പൊൻതൂവലായി ഹാൻഡ്ബോൾ പോസ്റ്റ് യൂണിയൻ സ്പോൺസർ ചെയ്തു.

ഫിലിംഫെസ്റ്റ് 2007

ആർട്സ് ഫോറവുമായി സഹകരിച്ചുകൊണ്ട് യൂണിയൻ ഒരു ഫിലിം ഫെസ്റ്റ് കോളേജിൽ സംഘടിപ്പിച്ചു എം.ജി. കോളേജിലെ ഏതാനും അധ്യാപകർ ചേർന്ന് നിർമ്മിച്ച 'ബോവിക്കാനം' എന്ന ഹ്രസ്വചിത്രം 2007 ജനുവരി 9-ാം തീയതി കോളേജിൽ പ്രദർശിപ്പിച്ചു.

സ്നേഹപൂർവ്വം 'സന്തോഷ് പാലി'

പ്രശസ്ത സിനിമാടെലിവിഷൻ താരം സന്തോഷ്പാലിയുമായി ഒരു മുഖാമുഖം പരിപാടി 'സ്നേഹപൂർവ്വം സന്തോഷ് പാലി' എന്ന പേരിൽ സംഘടിപ്പിച്ചു. യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായ ചടങ്ങിൽ ബിജുസാർ സ്വാഗതവും അഷിത എം.കെ. നന്ദിയും പറഞ്ഞു. ടെലിവിഷൻ രംഗത്തെ സാധ്യതകളെ വിദ്യാർത്ഥികൾക്ക് മുന്നിൽ ഈ മുഖാമുഖം പരിപാടിയിലൂടെ അവതരിപ്പിക്കാൻ സാധിച്ചതിൽ യൂണിയന് അതിയായ സന്തോഷമുണ്ട്.

ഉപസംഹാരം

സമയ പരിമിതികളുടെയും സാമ്പത്തിക ബുദ്ധിമുട്ടിന്റേയും ഇടയിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രകടനം കാഴ്ചവെക്കുവാൻ കഴിഞ്ഞു എന്ന് യൂണിയൻ പ്രതീക്ഷിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഞങ്ങളെ സഹായിക്കുകയും മാർഗ്ഗനിർദ്ദേശം തരുകയും ചെയ്ത പ്രിൻസിപ്പാൾ, സ്റ്റാഫ് അഡ്വൈസർ, അധ്യാപകർ, അനധ്യാപകർ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് മുഴുവൻ കൂട്ടുകാർക്കും നന്മകൾ നേർന്നുകൊണ്ട് റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന്,
ജനറൽ സെക്രട്ടറി.

*With best compliments from :*



NAKSHATHRA JEWELLERS

GOLD SUPERMARKET

Malabar Plaza Building, Near State Bank,
MATTANNUR, Ph: 2474429

ആശംസകളോടെ...

Ph : 2492155, 3297253

**Star**

**Laser Color Lab & Digital Studio**

IRITTY

**1 HOUR SERVICE**

*For the best photos in Town*

Konica

*Photo Express*

ആശംസകളോടെ...

**INFRA ACADEMY**

**FOR COMPUTER HIGHER EDUCATION**

MALABAR PLAZA, BUS STAND, MATTANUR

Contact : 9961369966, 9447547924

MS Office, D. T. P
Indian & Foreign Accounting
Graphic Designing
Web Designing, 3Ds Max

*High Speed Internet Facility Available*

വിദേശത്തും മറ്റും ജോലി സാധ്യതയുള്ള 'ഇൻഫ്രാ അക്കാദമി'യുടെ സ്പെഷ്യൽ പാക്കേജുകൾ

ആശംസകളോടെ...

GL GULF LINKS

**ഗൾഫ് ലിങ്ക്സ്**

**ട്രാവൽസ് & ഹെൽപ് ലൈൻ സെന്റർ**

സിറ്റി സെന്റർ, ഇരിട്ടി

Mob : 9446835461
0490 2494724
0490 2493302
Fax : 0490 2493302

Passport, Air Ticket, Bombay-Banglore Bus Ticket, DTP
Courier Service, Visa Stamping, Hajj-Umra Visa, Internet, STD-ISD

# അപൂർണ്ണമായ ചിത്രം



വിനിൽ
I B.Com.

വേദിയിൽ ഒരു വശത്ത് ഡസ്ക് സ്ഥാനം തെറ്റിക്കിടക്കുന്നു. ബോർഡിൽ ദു:ഖിതയായ ഒരു പെൺകുട്ടിയുടെ ചിത്രം. ചിത്രകാരൻ അതിന്റെ അവസാന മിനുക്കു പണിയിലാണ്. ചിത്രകാരന് ചിത്രം വരയ്ക്കുന്നിതിനിടയിൽ എന്തോ ഒരു അപൂർണ്ണത ആ ചിത്രത്തിൽ തോന്നുന്നു. ചിത്രകാരൻ അതിനെപ്പറ്റി ചിന്തിക്കുന്നു. ആ സമയത്ത് സ്റ്റേജിന്റെ ഒരു വശത്തു നിന്ന് ചിത്രകാരന്റെ മന്ദബുദ്ധിയായ അനിയൻ വേദിയിലേക്ക് കടന്നു വരുന്നു. അവൻ ചിത്രത്തെ സസൂക്ഷ്മം നിരീക്ഷിക്കുന്നു.

മന്ദബുദ്ധി : ചേട്ടായി, ചേട്ടായി ഇത് ആരുടെയാ പടം. ഹ് ഹ് ഹ്. നല്ല രസം ഉണ്ട്. കേട്ടോ

ചിത്രകാരൻ, പുഞ്ചിരിക്കുന്നു ചിത്രം വരയിൽ ഏർപ്പെടുന്നു

മന്ദബുദ്ധി : ഹായ് പൂമ്പാറ്റാ, ചേട്ടായി ഈ പൂമ്പാറ്റ ഞാൻ എടുക്കട്ടെ?

ചിത്രകാരൻ (ദേഷ്യത്തോടെ) : എന്താ നീയി കാണിക്കുന്നത്. അതവിടെ വയ്ക്ക് ഇന്നലെ ഞാൻ നൂറുരൂപ കൊടുത്ത് വാങ്ങിയതാ

മന്ദബുദ്ധി (ദു:ഖത്തോടെ)

: കൂട്ടില്ല, കൂട്ടില്ല ഈ ചേട്ടായിയോട് കൂട്ടില്ല. ഞാൻ

(മന്ദബുദ്ധിയായ അനിയൻ ദു:ഖത്തോടെ വേദിക്ക് പുറകിലേക്ക് പോകുന്നു. ആ സമയത്ത് വേദിയുടെ ഒരു വശത്ത് നിന്ന് രണ്ടുപേർ കയറി വരുന്നു. ഇത് ചിത്രകാരന്റെ ശ്രദ്ധയിൽപ്പെടുന്നു)

ചിത്രകാരൻ : കയറി വരൂ മനു, ആ രാഗേഷും ഉണ്ടല്ലോ കൂടെ, എങ്ങനെയുണ്ട് യാത്ര? എങ്ങനെ ഇവിടെ എത്തിപ്പറ്റി ?

രാഗേഷ് : ഒന്നു പറയേണ്ട. വളരെ കഷ്ടപ്പെട്ടാണ് ഇവിടെ എത്തിയത്. ഇവിടെ ഇപ്പോൾ കർഫ്യൂ അല്ലെ, കർഫ്യൂ.

ചിത്രകാരൻ : ആട്ടെ, പിന്നെങ്ങനെ ഇവിടെ എത്തി?

മനു : അതൊരു കദനകഥയാ. ഞങ്ങൾ കൊയിലാണ്ടിവരെ നടന്നു. പിന്നങ്ങോട്ട് പോലീസ് വണ്ടിയിലല്ലേ യാത്ര.

ചിത്രകാരൻ : ഓ സമയം പോയതറിഞ്ഞില്ല. ഞാൻ ചായയിടാം

രാഗേഷ് : വേണ്ട, വേണ്ട ചായയൊന്നും വേണ്ട.

ചിത്രകാരൻ : അതെന്താ ?

മനു : ഞങ്ങൾക്ക് പെട്ടെന്ന് പോകണം. കർഫ്യൂ ആയതിനാൽ അധികസമയം നിൽക്കാൻ പറ്റില്ല. ആ പിന്നെ നിന്റെ ഇന്നലത്തെ ചിത്രപ്രദർശനം കണ്ടപ്പോൾ വന്നൊന്ന് അഭിനന്ദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

മനു : കൺഗ്രാജുലേഷൻ(തോളിൽ തട്ടുന്നു.)

ചിത്രകാരൻ : എന്റെ വലിയൊരു ആഗ്രഹം സാധിച്ചത് ഇന്നലെയാണ്. അതിന്റെ സന്തോഷത്തിലാണ് ഞാൻ ഇപ്പോൾ.

രാഗേഷ് : നിന്റെ ആ ചിത്രപ്രദർശനം കണ്ടാൽ നീ ആരുടെ പക്ഷം ചേരുന്നത് എന്ന് പറയുവാൻ കഴിയില്ല. ഏത് വർഗ്ഗീയ കക്ഷിയെന്ന് നോക്കാതെ നീ തുല്യമായി വിമർശിച്ചിരിക്കുകയാണ് അല്ലേ.

ചിത്രകാരൻ : ഈ കലാപത്തിൽ എല്ലാവരും തുല്യ പങ്കാളികളാണ്. ഇതിന്റെ ഉറവിടം ഒന്നറിയണമായിരുന്നു.

(മനു ബോർഡിൽ പുതുതായി വരച്ച ചിത്രത്തെ നോക്കി.)

മനു : ഇതാണോ നീ പുതുതായി വരക്കുന്ന ചിത്രം?

ചിത്രകാരൻ : അതെ ഇതാണ് ഞാൻ ഇത്രയും കാലം ശ്രമിച്ചിട്ടും കിട്ടാതിരുന്ന മാറ്റം. ഇതിന്റെ പ്രകാശനം ഒരു സംഭവം തന്നെ ആയിരിക്കും.

മനു : എന്തൊ, എനിക്കങ്ങനെ ഒന്നും തോന്നുന്നില്ല.

ചിത്രകാരൻ : അതിനു കല വേണം. സമകാലിക പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള കഴിവ് വേണം. നിനക്കതൊന്നുമില്ലല്ലോ?

രാഗേഷ് : (ചിത്രത്തെ സസൂക്ഷ്മം നോക്കുന്നു. എന്നിട്ട് പറയുന്നു) എനിക്ക് ഈ ചിത്രത്തിൽ എന്തൊ ഒരു അപൂർണ്ണത തോന്നുന്നുവല്ലോ.

ചിത്രകാരൻ : തീർച്ചയായും ഈ ചിത്രം അപൂർണമാണ്. പക്ഷേ ആ അപൂർണത അതെവിടെയാണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. പക്ഷേ ഒന്നറിയാം. ഈ ചിത്രത്തിലെ കുട്ടി മരിച്ചു. ആ കുട്ടിയെയും അതിന്റെ അച്ഛനേയും അതിക്രൂരമായി കൊന്നു. അങ്ങനെ എത്രപേർ ഈ ആക്രമണത്തിന്റെ ഇരകൾ (നെടുവീർപ്പിടുന്നു)

മനു : എന്നാൽ ഞങ്ങൾ ഇറങ്ങുന്നു. പിന്നെ വരാം.

ചിത്രകാരൻ : എന്തായാലും ഇനി ഞാനും വരുന്നു. നിങ്ങളെ ടൗൺ വരെ കൊണ്ടുവിടാം.

*രംഗം ഒഴിയുന്നു*

(അൽപസമയത്തിനുശേഷം ചിത്രകാരൻ കടന്നു വരുന്നു എന്നിട്ട് വാച്ച് നോക്കുന്നു. സമയം പത്ത് അയ്യോ അവരോട് വർത്തമാനം പറഞ്ഞ് സമയം പോയതറിഞ്ഞില്ല. ചിത്രകാരൻ മന്ദബുദ്ധിയായ അനുജനെ വിളിക്കുന്നു.)

ചിത്രകാരൻ : ബാബു, മോനെ ബാബു

മന്ദബുദ്ധി : മ്ഹ് എന്താ, ഞാൻ ഉറങ്ങി ചേട്ടായി.

(പെട്ടെന്ന് ബോർഡിലെ പെൺകുട്ടിയുടെ ചിത്രത്തിൽ ശക്തമായ ലൈറ്റ് തെളിയുന്നു. കൂടാതെ ചിത്രത്തിന്റെ പിറകിൽ നിന്ന് ശബ്ദങ്ങൾ കേൾക്കുന്നു. ചിത്രകാരൻ ഞെട്ടുന്നു. പിന്നീട് നാലു പാടും നോക്കുന്നു.) ചിത്രത്തിന്റെ പിറകിൽ നിന്ന് ഒരു പെൺകുട്ടി കടന്നു വരുന്നു.

പെൺകുട്ടി(സൗമ്യതയോടെ) : ചിത്രകാരാ, ചിത്രകാരാ, (ചിത്രകാരൻ ഭയത്തോടെ ചുറ്റും നോക്കുന്നു. പെട്ടെന്ന് പെൺകുട്ടിയെ ചിത്രകാരൻ കാണുന്നു)

ചിത്രകാരൻ : (ഭയത്തോടെ) ആര്, ആരാണ് നീ

